ദീപനാളം
കലാസാംസ്കാരിക ദേശീയവാരിക
2022 ജൂലൈ 28 | ദീപം 55 | നാളം 21 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.org

# ത്യാഗസമർപ്പണത്തിന്റെ ജീവിതഭാഷ്യം





മാർ ജോസ് പുളിക്കൽ

ഭരണങ്ങാനവും കുടമാളൂരും മുട്ടത്തുപാടത്തു കുടുംബവുമൊക്കെ തിരുസ്സഭയുടെ ഹൃദയത്തിലിടം നേടിയത് ഒരു വ്യക്തിയുടെ പേരിലാണ്. അതും ഒരിക്കലും ഒരിടത്തും അറിയപ്പെടാതിരിക്കാൻ തീവ്രമായി ആഗ്രഹിച്ച ഒരാളുടെ പേരിൽ! ഭാരതത്തിലാദ്യമായി വിശുദ്ധ പദവിയിലേക്കുയർത്തപ്പെട്ട അൽഫോൻസാമ്മയുടെ വിശ്വാസജീവിതത്തിന്റെ ഉള്ളറഹസ്യങ്ങൾ നമ്മെ പ്രചോദിപ്പിക്കുന്നതോടൊപ്പം ചലഞ്ചുചെയ്യുന്നതുമാണ്. ലോകത്തിന്റേതാകാതെ ലോകത്തിൽ ജീവിക്കുകയെന്നതു സാഹസികമാണ്. അഗാധമായ ആന്തരികജ്ഞാനവും സ്നേഹവുമുള്ളവർക്കാണ് അതു സാധ്യമാകുന്നത്. 'സഹനദാസി' എന്ന ഏകശീർഷകത്തിൽ അൽഫോൻസിയൻ ആധ്യാത്മികതയെ ഒതുക്കിക്കാണാനാവില്ല.

### കെനോസിസിലൂടെ ദൈവഹിതം ജീവിച്ചവൾ

ശൂന്യവത്കരിക്കപ്പെട്ട സൃഷ്ടിയാണ് ഫലം പുറപ്പെടുവിക്കാൻ പര്യാപ്തമെന്ന് അവൾ തിരിച്ചറിഞ്ഞു. 'ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും' (യോഹ. 12:24) എന്ന സുവിശേഷവാക്യത്തെ ആഴത്തിൽ ധ്യാനിച്ചെടുക്കാൻ അൽഫോൻസാമ്മയ്ക്കു കഴിഞ്ഞു. മിശിഹായുടെ ശൂന്യവത്കരണം (കെനോസിസ്) അവളുടെ ജീവിതദർശനത്തെ അസാധാരണമായി സ്വാധീനിച്ചു. ഈ വിജയരഹസ്യമായിരുന്നു വിശുദ്ധയുടെ ആദ്ധ്യാത്മികതയുടെ കാതൽ; സഹനത്തിലൂടെയാണവളത് പ്രാവർത്തികമാക്കിയത്. ശൂന്യവത്കരണത്തിലൂടെ ദൈവഹിതം തെളിമയോടെ കണ്ടു ജീവിക്കാൻ പുണ്യവതിക്കു കഴിഞ്ഞു. അൽഫോൻസാമ്മ പ്രാർത്ഥിച്ചു: "കീർത്തിയും ബഹുമതിയും സമ്പാദിക്കണമെന്ന ദുഷിച്ച ഉദ്യമത്തിൽനിന്ന് എന്നെ വിടുവിക്കണമേ." അവൾ തുടരുന്നു: "ഈശോയേ, അങ്ങേ ദിവ്യഹൃദയത്തിന്റെ സ്നേഹാഗ്നിജ്വാലയിലെ ഒരു പൊരിയും പരമാണുവുമാകുന്നതുവരെ എന്നെ എളിമപ്പെടുത്തണമേ." ഫ്രാൻസീസ് പാപ്പാ നിരീക്ഷിക്കുന്നു: "അപമാനങ്ങളിലൂടെ മാത്രമേ ഹൃദയത്തിൽ എളിമ വേരുപിടിക്കുകയുള്ളൂ. അവയില്ലാതെ എളിമയോ വിശുദ്ധിയോ ഇല്ല (Gaudete et Exsultate - 118). എളിമയെ സുകൃതങ്ങളുടെ രാജ്ഞിയായിട്ടാണ് അൽഫോൻസാമ്മ കാണുന്നത്. വിശുദ്ധ പറയുന്നു: "എളിമയാണ് സുകൃതങ്ങളുടെ രാജ്ഞി. എളിമപ്പെടാൻ ലഭിക്കുന്ന ഏതൊരവസരവും വലിയ ഭാഗ്യമായി ഞാൻ കരുതുന്നു."

കീർത്തി നേടാനും കീഴടക്കാനും വെമ്പൽകൊള്ളുന്ന ലോകത്തിന്റെ വിചാരങ്ങൾക്കു നേരേയാണ് അൽഫോൻസാമ്മ വെല്ലുവിളിയുയർത്തുന്നത്. ആത്മീയതയുടെ പരിസരങ്ങളിൽപ്പോലും അഹന്തയുടെ, ലൗകികനേട്ടങ്ങളുടെ ആരവങ്ങളുയർത്തുന്ന ലോകം നമുക്കു ചുറ്റിലുമുണ്ട്. ഒരുപക്ഷേ, അഹങ്കാരത്തിൽ തട്ടിയാകും പല ആത്മീയ സൗധങ്ങളും ഇടിഞ്ഞുവീണിട്ടുള്ളത്. സ്വയം ശൂന്യമാക്കിയവനെ അടുത്തനുധാവനം ചെയ്യാനിറങ്ങിത്തിരിച്ചവരിലും ലൗകികതയുടെ സ്വാർത്ഥമോഹങ്ങൾ കഠിനപ്രലോഭനങ്ങളായി മാറുന്നുണ്ട്. നമ്മുടെ ശുശ്രൂഷകളും ദൗത്യനിർവഹണങ്ങളും ദൈവഹിതമനുസരിച്ചാണോ എന്നുള്ള ചോദ്യം ആവർത്തിക്കപ്പെടണം. നമ്മിലൂടെ വിടരേണ്ട ദൈവികപദ്ധതിക്ക് ഇടവും സമയവും (space and time) നൽകുമ്പോഴാണല്ലോ ദൈവഹിതം നിർവഹിക്കപ്പെടുന്നത്. ഇതു തിരിച്ചറിയാനുള്ള ആന്തരികവെളിച്ചവും ജീവിക്കാനുള്ള ധൈര്യവുമാണ് വിശുദ്ധിയുടെ ഹൃദയമെന്നതിൽ സംശയമില്ല.

കാലികലോകം അധികാരത്തിനും സമ്പത്തിനും വേണ്ടി കുതറിയോടുമ്പോൾ സനാതനസമ്പത്തിന്റെ ഉറവിടം കണ്ടെത്തിയവൾ വേറിട്ട നിലപാടു സ്വീകരിക്കുകയാണ്. മനുഷ്യന്റെ അത്യാർത്തിയുടെ മുമ്പിൽ നിസ്സഹായരായി പിടയുന്ന ബലഹീനജന്മങ്ങളുണ്ട് എന്നതും മറക്കാനാവില്ല. പണത്തിനും കസേരകൾക്കുംവേണ്ടി അവർ പടയോട്ടം നടത്തുമ്പോൾ പലരും ചവിട്ടിമെതിക്കപ്പെടുന്നു; അനേകർക്കു പരിക്കേല്ക്കേണ്ടിവരുന്നു. കാലികസാഹചര്യങ്ങളെ ഫ്രാൻസീസ് പാപ്പാ നിരീക്ഷിക്കുന്നതിങ്ങനെ: 'ഇന്ന് എല്ലാക്കാര്യങ്ങളും മത്സരത്തിന്റെയും പ്രബലരുടെ അതിജീവനത്തിന്റെയും നിയമങ്ങൾക്കു കീഴിലായിരിക്കുന്നു. അവിടെ ബലവാന്മാർ ദുർബലരെ തിന്നുകൊഴുക്കുന്നു. തൽഫലമായി ജനസമൂഹങ്ങൾ ഒഴിവാക്കപ്പെട്ടവരും പാർശ്വവത്കരിക്കപ്പെട്ടവരുമായി മാറുന്നു' (Evangelii Gaudium 53). നിഴൽപോലെ കടന്നുപോകുന്ന ഈ കൊച്ചുഭൗമികവാസത്തിൽ ഇടുങ്ങിച്ചിന്തിക്കുന്നതിന്റെ മൗഢ്യം തിരിച്ചറിഞ്ഞവരാണ് വിശാലഹൃദയത്തോടെ നിത്യതയെ ലക്ഷ്യമാക്കി നന്മ ചെയ്തു സഞ്ചരിക്കുന്നവർ! സ്വയം ശൂന്യനാക്കിയ ക്രൂശിതനിൽ യഥാർത്ഥ സമ്പത്തിന്റെ, സൗന്ദര്യത്തിന്റെ ഉടമയെ തിരിച്ചറിഞ്ഞ അൽഫോൻസാമ്മ ആ അമൂല്യനിധി കണ്ടെത്തി സ്വന്തമാക്കുകയായിരുന്നു.

### സഹനങ്ങളിൽ നിറഞ്ഞ കുരിശിന്റെ ആനന്ദം

സഹനവഴികളിലൂടെ അൽഫോൻസാമ്മ യാത്ര ചെയ്തത് ദുഃഖഭാരങ്ങളോടെ ആയിരുന്നില്ല. കഠിനമായ ശാരീരിക രോഗപീഡകൾക്കൊപ്പം അധികാരികളുടെ ഭാഗത്തുനിന്നുണ്ടായ തെറ്റുധാരണകളും കുറ്റപ്പെടുത്തലുകളുമെല്ലാം കുരിശിന്റെ വെളിച്ചത്തിൽ അവൾ ആസ്വദിച്ചു. അൽഫോൻസാമ്മയുടെ വാക്കുകളിങ്ങനെ: വേദനയുടെ കുരിശു ചുമക്കുന്നത് എനിക്ക് പനിനീർപ്പൂവ് ചൂടുന്നതുപോലെയാണ്. അപ്പസ്തോലികപ്രബോധനത്തിൽ ഫ്രാൻസീസ് പാപ്പാ കുറിച്ചു: ക്രിസ്തുവിന്റെ കുരിശ് മഹത്ത്വപൂർണമായി ശോഭിക്കുന്ന സുവിശേഷം നമ്മെ നിരന്തരം സന്തോഷത്തിലേക്കു ക്ഷണിക്കുന്നു (EG - 5). സഹനത്തിന്റെ ആന്തരിക രഹസ്യം തിരിച്ചറിഞ്ഞ വിശുദ്ധ പറഞ്ഞു: "സഹിക്കാൻ ഒന്നുമില്ലാത്ത ദിവസങ്ങൾ എനിക്കു ശൂന്യമായിത്തോന്നുന്നു." സഹനത്തെ ഇത്രയധികം ഭാവാത്മകമായി സമീപിക്കാൻ കഴിയുന്നത് അഗാധമായ വിശുദ്ധിയുടെ പ്രകാശനമാണെന്നതിൽ സംശയമില്ല.

സഹനത്തിലൂടെ ആത്മനാഥനോടനുരൂപപ്പെടാൻ തീക്ഷ്ണമായി ആഗ്രഹിച്ചുകൊണ്ടാണ് അൽഫോൻസാമ്മയുടെ ജീവിതം പുരോഗമിച്ചത്. അവൾ പറയുന്നു: "മുന്തിരി പിഴിഞ്ഞു ചാറെടുത്ത് വീഞ്ഞാക്കി മാറ്റുന്നു. അത് വിശുദ്ധ കുർബാനയിൽ ഈശോയുടെ തിരുരക്തമാകുന്നു. അതുപോലെ സഹനംവഴി നാം ഈശോയുടെ സ്വന്തമായിത്തീരുന്നു." ക്രിയാത്മക സഹനത്തിലൂടെ ലഭിക്കുന്ന ആത്മീയവളർച്ചയും ക്രിസ്തുശിഷ്യത്വത്തിന്റെ തനിമയും ആധുനികലോകത്തിനു പലപ്പോഴും അജ്ഞാതമാണ്. വലിയ കാര്യങ്ങൾ ചെയ്തുതീർക്കാനുള്ള വ്യഗ്രതയിൽ സഹനവും സ്നേഹവുമെല്ലാം പാഴ്വസ്തുക്കളായി നമ്മുടെ ജീവിതവഴിയോരങ്ങളിൽ ഉപേക്ഷിക്കപ്പെട്ടുപോകുന്ന കാഴ്ച ഇന്നു സാധാരണമാണ്. സുവിശേഷത്തിലെ ഉന്നതമായ മനുഷ്യദർശനംതന്നെയാണിവിടെ കളഞ്ഞുപോകുന്നത്.

**ജൂലൈ 28**
**വിശുദ്ധ അൽഫോൻസായുടെ തിരുനാൾ**

സഹനത്തിന്റെ അർത്ഥമറിയാതെ പരിഭവിച്ചും അന്യരിൽ പഴിചാരിയും ഇടറിപ്പോകുന്നവരുടെ എണ്ണം ആത്മീയമേഖലയിൽ വ്യാപരിക്കുന്നവരിൽപോലും വർദ്ധമാനമാകുന്നുണ്ട്. സഹനങ്ങൾ നേരിടുമ്പോൾ യഥാർത്ഥസത്യത്തിലേക്കു തിരിയാതെ നീതിയുടെ പേരുപറഞ്ഞ് മിശിഹായുടെ ശരീരമായ തിരുസ്സഭയെ, സഹജീവികളെ തെരുവിൽ വിചാരണ ചെയ്യാനിറങ്ങിപ്പുറപ്പെടുന്നവരിൽ സമർപ്പിതരും വൈദികരുമുൾപ്പെടുന്നുവെന്നത് തികച്ചും ഖേദകരം. നീതിക്കുവേണ്ടി നിലപാടു സ്വീകരിക്കുമ്പോഴത് സ്വാർത്ഥതാത്പര്യങ്ങൾക്കുവേണ്ടിയാകുന്നത് അപകടകരമാണ്; കാരണം, അവിടെ നിരപരാധികൾ ക്രൂശിക്കപ്പെടാനിടയാകുന്നു.

▶10



വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന്
പ്രാർത്ഥനാനിർഭരമായ ആശംസകൾ

Principal, Staff & Students

# ALPHONSA COLLEGE, PALA

ARUNAPURAM P.O., KOTTAYAM DIST., KERALA - 686 574 Ph: 04822-212447

ESTD 1964

AFFILIATED TO MG UNIVERSITY, KOTTAYAM

Email : principal@alphonsacollege.in aicspala@rediffmail.com alphonsaoffice@gmail.com Website : www.alphonsacollege.in

NAAC Re-accredited (4th cycle) with 'A' grade (CGPA - 3.24) in 2019

A Minority Educational Institution approved by National Commission for Minority Educational Institutions, Government of India

## Courses offered

**PG Courses**

1. M.Sc. Zoology
2. M.A. Politics
3. M. A. English
4. M.A. Economatrics
5. M.Sc. Clinical Nutrition and Dietetics (Self financing)
6. M.Sc. Chemistry (Self financing)
7. M.A. English (Self financing)

**UG Courses**

1. B.A. English Language & Literature
2. B.A.Economics
3. B.A.History
4. B.Sc.Mathematics
5. B.Sc.Physics
6. B.Sc.Chemistry
7. B.Sc.Botany
8. B.Sc.Zoology
9. B.Sc. Physics (Vocational) with Computer Application
10. B.Sc Clinical Nutrition & Dietetics (Self financing)
11. B.Com.Taxation (Self financing)

**തൊഴിലധിഷ്ഠിത ബിരുദകോഴ്സുകൾ**

1. B. Voc. Fashion Technology
2. B. Voc. Sports Nutrition & Physiotherapy (self financing)



വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

# MARIAN MEDICAL CENTRE

ARUNAPURAM, PALA - 686 574 Ph: 04822-214000

Email:marianmedicalcentre@yahoo.com

## DEPARTMENT OF CLINICAL PSYCHOLOGY

**നിങ്ങൾ മാനസികബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ?**

മാനസികപ്രശ്നങ്ങൾക്ക് വിദഗ്ധ മനഃശാസ്ത്രചികിത്സ

റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (RCI) അംഗീകാരമുള്ള
ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ വിദഗ്ധസേവനം

- വിഷാദരോഗം, ഉത്കണ്ഠ, വ്യക്തിത്വവൈകല്യങ്ങൾ തുടങ്ങിയ എല്ലാ മാനസിക പ്രശ്നങ്ങൾക്കും/ രോഗങ്ങൾക്കും വിദഗ്ധ മനഃശാസ്ത്രചികിത്സ
- കുട്ടികളിലുള്ള പഠനവൈകല്യം (Specific Learning Disability), ബുദ്ധിവൈഭവം (Intellingence Quotient), വൈജ്ഞാനികപ്രവർത്തനം (Cognitive Functioning) മുതലായവ മനഃശാസ്ത്ര ടെസ്റ്റിങ്ങിലൂടെ കണ്ടെത്തുന്നു
- വൈകല്യമുള്ളവർക്ക് സർട്ടിഫിക്കേഷൻ, മുന്നോട്ടുള്ള മാർഗനിർദേശം, സ്വഭാവവൈകല്യങ്ങൾക്കുള്ള ചികിത്സ
- കുട്ടികൾ, കൗമാരക്കാർ, മുതിർന്നവർ എന്നിവരിലുണ്ടാകുന്ന സ്വഭാവവൈകല്യങ്ങൾക്കുള്ള പ്രത്യേക ചികിത്സ
- പ്രതിസന്ധികൾ അനുഭവിക്കുന്ന ദമ്പതികൾക്കും കുടുംബങ്ങൾക്കും പ്രത്യേക തെറാപ്പി സേവനങ്ങൾ

FOR BOOKING : 7025067416

# ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.

സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.

പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും.

LITHOS PAVING TILES

ISO 9001:2015







Royal Industries
Near St Antony's Abbot Church,
Elamthottam, Pala, Pin 686651

907 264 7007
907 264 7008

# കേരളത്തെ വിഴുങ്ങി സംഘടിതവർഗം?



ഡിജോ കാപ്പൻ

ജനങ്ങൾക്കു ഭരണത്തിലുള്ള നേതാക്കളിൽ വിശ്വാസം നഷ്ടപ്പെടുമ്പോൾ ജനാധിപത്യം പ്രതിസന്ധിയിലാകുന്നുവെന്നു മാത്രമല്ല, ജനങ്ങൾ വിശ്വസിച്ചേല്പിച്ച അധികാരം തിരികെപ്പിടിക്കാൻ അവർ തെരുവിലിറങ്ങുകയും ചെയ്യും. ഏറ്റവും ഒടുവിലത്തെ ഉദാഹരണം ശ്രീലങ്ക തന്നെ. ജനങ്ങൾക്കു വേണ്ട നിത്യോപയോഗവസ്തുക്കൾ മണിക്കൂറുകളോളം ക്യൂ നിന്ന് നാലിരട്ടി പണം കൊടുത്തു വാങ്ങേണ്ടിവന്ന സാഹചര്യത്തിലാണ് ജനങ്ങൾ വീടുവിട്ടിറങ്ങിയത്. ശ്രീലങ്കയിൽ പ്രക്ഷോഭകരെ ഭയന്ന് പ്രസിഡന്റ് ഗോട്ടബയ രാജപക്സെ രാജ്യം വിട്ടു എന്നുവരെയാണ് വാർത്തകൾ. പ്രസിഡന്റിന്റെ കൊട്ടാരം പിടിച്ചടക്കിയ പ്രക്ഷോഭകർ ഗോട്ടബയ രാജി വച്ചശേഷമേ അവിടെ നിന്നിറങ്ങൂവെന്നു പ്രഖ്യാപിച്ചു. 225 അംഗ പാർലമെന്റിൽ പകുതിയോളം അംഗങ്ങൾ ബന്ധുക്കളും കുടുംബസുഹൃത്തുക്കളുമായിരുന്നു. ഇവരുടെ സുഖജീവിതവും പ്ലാനിങ്ങില്ലാത്ത പണം കടമെടുപ്പുമാണ് രാജ്യത്തെ ഇന്നത്തെ സ്ഥിതിയിൽ എത്തിച്ചത്. കേരളത്തെ പലരും ശ്രീലങ്കയുമായി താരതമ്യം ചെയ്തു കാണുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികബാധ്യത കൂടിവരുന്നതുമായി ബന്ധപ്പെടുത്തിയാണ്.

ശ്രീലങ്കയിൽ ഭരണനേതൃത്വം ബന്ധുക്കൾ കൈയടക്കിയെങ്കിൽ ഇവിടെ അത് സമ്മർദ ഗ്രൂപ്പുകളുടെ നിയന്ത്രണത്തിലാണെന്ന വ്യത്യാസം മാത്രമാണുള്ളത്. സർവീസ് സംഘടനകളും തൊഴിലാളിയൂണിയനുകളും അവരുടെ പണസ്വാധീനത്തിന്റെയും ആൾസ്വാധീനത്തിന്റെയും ബലത്തിൽ നയതീരുമാനങ്ങളെടുത്തു രാഷ്ട്രീയ ഉദ്യോഗസ്ഥനേതൃത്വത്തെ പൂർണമായും നിയന്ത്രിക്കുന്ന സ്ഥിതിയാണിവിടെ. 2003 ൽ ഇന്ത്യാഗവൺമെന്റ് എല്ലാ സംസ്ഥാനങ്ങളിലെയും വൈദ്യുതിവിതരണം മൂന്നു കമ്പനികളാക്കി വിഭജിച്ച് (ഉത്പാദന, പ്രസരണ, വിതരണ) നടപ്പാക്കണമെന്ന നിയമം പാസാക്കി. പക്ഷേ, കേരളത്തിൽ ആ നിയമം നടപ്പാക്കാൻ പത്തു വർഷം പാഴാക്കി. അപ്പോഴേക്കും മറ്റു സംസ്ഥാനങ്ങൾ 70,000 കോടി രൂപമുതൽ ഒരുലക്ഷം കോടി രൂപവരെ ഇത്തരം കമ്പനികളുടെ പ്രവർത്തനത്തിനായി കേന്ദ്രസർക്കാരിൽനിന്നു വാങ്ങിയെടുത്തു. ഇവിടെ കമ്പനി തുടങ്ങിയതുതന്നെ കേന്ദ്രത്തിന്റെ കണ്ണിൽ പൊടിയിടാൻവേണ്ടി മാത്രം. ഒറ്റക്കമ്പനിയായി 2013 ൽ ഇത് രജിസ്റ്റർ ചെയ്തു. അതുവരെയുള്ള കെഎസ്ഇബിയുടെ ബാധ്യതകൾ സർക്കാർ ഏറ്റെടുത്തു. പ്രതിവർഷം 1500 കോടി നഷ്ടത്തിലായിരുന്ന കെഎസ്ഇബിയുടെ 2022 – 23 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 1496 കോടി രൂപയുടെ പ്രവർത്തനലാഭമാണു പ്രതീക്ഷിക്കുന്നത്. ഈ നിലയിൽ കമ്പനിയെ ലാഭത്തിലാക്കാൻ ചെയർമാൻ ഡോ. സി. അശോക് ചില നടപടികൾ സ്വീകരിച്ചിരുന്നു. ബോർഡിൽ ചട്ടംലംഘിച്ച് സമരം ചെയ്ത യൂണിയൻ നേതാക്കൾക്കെതിരേ അച്ചടക്കനടപടി സ്വീകരിച്ചത് ഭരണത്തിൽ സ്വാധീനമുള്ള യൂണിയനുകൾക്ക് ഇഷ്ടമായില്ല. ബോർഡിന്റെയും സർക്കാരിന്റെയും അനുമതിയില്ലാതെ നൂറുകണക്കിന് ഏക്കർ സ്ഥലം സമ്മർദഗ്രൂപ്പുകളുടെ ബിനാമി സൊസൈറ്റികൾക്കു കൈമാറിയതു തിരിച്ചുപിടിക്കാൻ അശോക് നടപടി ആരംഭിച്ചതും നേതാക്കൾക്ക് അനിഷ്ടമായി. വൈദ്യുതിഭവനിൽ ഏതു യൂണിഫോം ഇട്ടവർ ഉദ്യോഗസ്ഥരായി ഡ്യൂട്ടിക്കു നില്ക്കണമെന്നതുപോലും തർക്കവിഷയമായ നാടായി കേരളം. ഇത്രയും ഇവിടെ കുറിക്കാൻ കാരണം ജനാധിപത്യഭരണമാണെങ്കിലും അതിന്റെ ഗുണഭോക്താക്കൾ രണ്ടു ശതമാനത്തിൽ താഴെവരുന്ന സംഘടിതരാണെന്നു മനസ്സിലാക്കാനാണ്.



ഭരണച്ചെലവ് കേരളത്തിൽ വളരെ കൂടുതലാണെന്നത് ഭരണ പ്രതിപക്ഷവ്യത്യാസമില്ലാതെ സമ്മതിക്കുന്ന വസ്തുതയാണ്. ഈ ചെലവു കുറയ്ക്കാൻ എവിടെ തുടങ്ങണം? ഗവർണരുടെ ഓഫീസ് മുതൽ പഞ്ചായത്ത് ഓഫീസിൽ വരെ ഇത്രയധികം ജീവനക്കാർ ആവശ്യമുണ്ടോ? ഗവർണറുടെ ഓഫീസിൽ 159 പേർ ജോലി ചെയ്യുന്നു. മന്ത്രിമാരുടെ സ്റ്റാഫിൽ 30 പേർ പണിയെടുക്കുന്നു. മന്ത്രി യോഫീസിൽ പണിയൊന്നുമില്ലാത്തതുകൊണ്ട് നാട്ടിലെ പാർട്ടി ഓഫീസിലും പാർട്ടിനേതാക്കളുടെ വീട്ടിലുമാണ് പലരുടെയും ജോലി. ഇങ്ങനെയുള്ളവർക്ക് നികുതിദായകൻ ചെലവിനു കൊടുക്കേണ്ടതുണ്ടോ? 140 കോടി ജനങ്ങളെ ഭരിക്കുന്ന കേന്ദ്രമന്ത്രിമാർക്ക് പതിനാറു ജീവനക്കാരെക്കൊണ്ട് ഓഫീസ് പ്രവർത്തനം നടത്താൻ കഴിയുന്നുണ്ടെങ്കിൽ മൂന്നുകോടി ജനങ്ങളുടെ കാര്യം നോക്കുന്ന മന്ത്രിമാർക്ക് 30 ജീവനക്കാരുടെ ആവശ്യമില്ലാതായെന്ന ചർച്ച ഗവർണർതലത്തിൽ ചൂടുപിടിച്ചുനില്ക്കുമ്പോൾ സർക്കാർ തദ്ദേശഭരണവകുപ്പു ഡെപ്യൂട്ടി സെക്രട്ടറി 2022 ഫെബ്രുവരി 18 ന് ഇറക്കിയിരിക്കുന്ന ഉത്തരവു പ്രകാരം മുനിസിപ്പാലിറ്റികളിലെ ചെയർമാൻമാർക്കു ചുമതലകൾ തൃപ്തികരമായി നിർവഹിക്കുന്നതിന് പേഴ്സണൽ അസിസ്റ്റന്റിനെ കരാർ വ്യവസ്ഥയിൽ നിയമിക്കാം. നഗരസഭയുടെ തനതു ഫണ്ടിൽനിന്നാണ് ഇങ്ങനെ നിയമിക്കപ്പെടുന്നവർക്കു ശമ്പളം നൽകേണ്ടത്. എന്നു പറഞ്ഞാൽ ഇവർക്കു ശമ്പളം നൽകാൻ മുനിസിപ്പാലിറ്റിയിൽ താമസിക്കുന്നവർ കൂടുതൽ വീട്ടുകരം നൽകേണ്ടി വരും.

സംസ്ഥാനത്തിന്റെ വരുമാനം മുഴുവനും ന്യൂനപക്ഷമായ രണ്ടു ശതമാനത്തിൽ താഴെയുള്ള സംഘടിതവർഗത്തിനു ശമ്പളമായും മറ്റ് ആനുകൂല്യമായും നൽകുക. ദാരിദ്ര്യത്തിൽ കഴിയുന്ന അവശവിഭാഗത്തെ കണ്ടതായി നടിക്കാതിരിക്കുക, അവരുടെ പ്രശ്നപരിഹാരത്തിനു സർക്കാരിന്റെ കൈയിൽ പണമില്ലെന്നു പ്രസ്താവന ഇറക്കുക ഇതാണ് കേരളത്തിൽ മുമ്പും ഇപ്പോഴും നടക്കുന്നത്. 1990 കളിൽ സംസ്ഥാനജീവനക്കാർക്കു കേന്ദ്രസർക്കാർ ജീവനക്കാർക്കു നൽകുന്ന വേതനം ലഭിക്കണമെന്ന ആവശ്യമുയർന്നപ്പോൾ സാമ്പത്തികനില മോശമാണെന്നു പറഞ്ഞ് സർക്കാർ നിഷേധിച്ചു. സാർവത്രികറേഷൻ നൽകാൻ അന്ന് 300 കോടി വേണ്ടിയിരുന്ന സാഹചര്യത്തിൽ ധനസ്ഥിതിയുടെ വിഷമതകൾ പറഞ്ഞ് എല്ലാവർക്കും റേഷൻ എന്ന നയത്തിൽ മാറ്റം വരുത്തി. തൊട്ടുപിന്നാലെ കേന്ദ്രനിരക്കിൽ സർക്കാർ ജീവനക്കാർക്കു ശമ്പളം നൽകാൻ അഞ്ഞൂറു കോടി കണ്ടെത്തി. ഇതേ അവസ്ഥ ഇപ്പോൾ അഗതിമന്ദിരങ്ങളുടെ കാര്യത്തിലും ഉണ്ടായിരിക്കുകയാണ്. ഭക്ഷണത്തിനും മരുന്നിനും വസ്ത്രത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി അഗതി മന്ദിരങ്ങളിലെ അന്തേവാസികൾക്കു മാസം നൽകിക്കൊണ്ടിരുന്ന 1300 കോടി രൂപപോലും മുടങ്ങുന്നു. എന്നാൽ, സർക്കാർ ജീവനക്കാരുടെ ശമ്പളം ഇത്തവണ വർദ്ധിപ്പിച്ചു നൽകിയത് 58 ശതമാനമാണ്.

കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയും വരവും ചെലവും എങ്ങനെയെന്നു പരിശോധിക്കുന്നതു നന്നായിരിക്കും. 3.320 കോടി ജനങ്ങളുടെ നികുതിവരുമാനം 2015–16 ൽ 45428 കോടി ആയിരുന്നു. 511487 വരുന്ന സംസ്ഥാനജീവനക്കാരുടെ ശമ്പളച്ചെലവ് 26667 കോടി രൂപ. പെൻഷന് 13172 കോടിയും പലിശയിനത്തിൽ ചെലവഴിച്ചത് 10952 കോടി രൂപയുമാണ്. ശമ്പളത്തിനും പെൻഷനും പലിശയ്ക്കുമായി 2015 – 16 ൽ 50791 കോടി. നികുതിവരുമാനം 45428 കോടി. 5363 കോടിയുടെ കുറവ്. 1995–96 ൽ സംസ്ഥാന നികുതിവരുമാനം 3382.68 കോടി ആയിരുന്നപ്പോൾ ശമ്പളച്ചെലവ് 1453.87 കോടി മാത്രമായിരുന്നു. 2021–22 ലെ നികുതിവരുമാനം 58867.89 കോടിയും നികുതിയേതരവരുമാനം 10038.04 കോടിയും കേന്ദ്ര നികുതി വരുമാനം 17332.120 കോടിയും കേന്ദ്രഗ്രാന്റ് 31650.10 കോടിയുമാണ്. ഇക്കാലയളവിലെ ശമ്പളച്ചെലവ് 44405.74 കോടി, പലിശ 22115.41 കോടി. പെൻഷൻ 26959.22 കോടി.

ഇക്കൊല്ലം അവസാനിക്കുമ്പോൾ (22–23) പൊതുകടം 371692.18 കോടിയിലെത്തുമെന്നാണ് സർക്കാർ കണക്കുകൾ. അടുത്തവർഷം ഇത് 411053.11 കോടിയാകും. 24–25 ൽ എത്തുമ്പോൾ അത് 455727.77 കോടിയാകും. പക്ഷേ, കേരളത്തിന്റെ സാമ്പത്തികസ്ഥിതിയെക്കുറിച്ചു പഠിക്കുന്നവർ നൽകുന്ന കണക്കനുസരിച്ച് ഇപ്പോൾത്തന്നെ കേരളത്തിന്റെ കടം 474454 കോടിയിൽ എത്തിക്കഴിഞ്ഞു എന്നതാണ്. ഇവരുടെ കണക്കനുസരിച്ച് സർക്കാർ ബജറ്റിനു പുറത്ത് കിഫ്ബി വഴിയും (70762 കോടി) സാമൂഹികസുരക്ഷാപെൻഷൻ കമ്പനി(32000 കോടി)യിലൂടെയും എടുത്തിരിക്കുന്ന പണം സംസ്ഥാനത്തിന്റെ കടത്തിൽപ്പെടുത്തണമെന്നതാണ്. കടം പെരുകുന്നതിനനുസരിച്ച് സ്വാഭാവികമായും നമ്മുടെ തിരിച്ചടവു ബാധ്യത കൂടിക്കൂടി വരും. കഴിഞ്ഞവർഷം നമ്മുടെ തിരിച്ചടവ് 22115.41 കോടിയായിരുന്നു. ഇക്കൊല്ലം ഇത് 25965.86 കോടിയാകും. ഡോളറിന്റെ മൂല്യം ഉയരുമ്പോൾ വിദേശവായ്പകളുടെ തിരിച്ചടവിന്റെ തുകയും കൂടും. ഡോളറിന് 70 രൂപ മൂല്യം ഉണ്ടായിരുന്നപ്പോൾ എടുത്ത വായ്പയ്ക്ക് ഇപ്പോൾ പത്തുരൂപയുടെ മൂല്യം വർദ്ധിച്ചിട്ടുണ്ട്. സി.എ.ജി.യുടെ റിപ്പോർട്ട് പ്രകാരം 26 മാർച്ചിനകം 81056.92 കോടി രൂപ തിരിച്ചടയ്ക്കേണ്ടിവരും. വികസനപദ്ധതികൾക്കാണ് കടം എടുക്കുന്നതെന്നാണ് സർക്കാർ ഭാഷ്യം. എങ്കിലും കടം വീട്ടാനും പലിശ അടയ്ക്കാനുമാണ് പണം ഉപയോഗിക്കുന്നതെന്നു കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും.

കേരളത്തിന്റെ ധനസ്ഥിതി അതിഗുരുതരാവസ്ഥയിലേക്കു നീങ്ങുന്നു എന്നാണ് റിസർവ് ബാങ്കിന്റെ വിലയിരുത്തൽ. കേരളത്തിൽ ശമ്പളത്തിനും പെൻഷനും പലിശയ്ക്കും മറ്റു ഭരണച്ചെലവുകൾക്കും ചെലവഴിക്കുന്ന തുക വളരെ കൂടുതലാണ്. ഇക്കാര്യങ്ങളിൽ ഗണ്യമായ കുറവ് ഉണ്ടാകണം എന്നതാണ് റിസർവ് ബാങ്ക് നിർദ്ദേശിക്കുന്നത്

20–21 ൽ ശമ്പളച്ചെലവ് 28763 കോടിയായിരുന്നത് 21–22 ആയപ്പോഴേക്കും 44405.74 കോടിയായി ഉയർന്നു. ശമ്പളവർദ്ധന 58%. പെൻഷൻ 18943 കോടിയിൽനിന്ന് 26959.22 കോടിയായി. 42% വർദ്ധന. ജീവിതച്ചെലവ് വർദ്ധിക്കുന്നതനുസരിച്ച് ആറു മാസം കൂടുമ്പോൾ ഡി.എ. വർദ്ധിപ്പിച്ചു നൽകുന്നതിനു പുറമേ അഞ്ചുവർഷം കൂടുമ്പോൾ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതാണ് കേരളത്തിന്റെ സാമ്പത്തികസ്ഥിതി ഇത്ര വഷളായത്. കേന്ദ്രസർവീസിലെപ്പോലെ പത്തു വർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണം നടത്തുന്നതിനെക്കുറിച്ചു തീരുമാനം എടുക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നു.

ശേഷം 16 – ാം പേജിൽ

# മണ്ണിന്റെ മണവും മനസ്സിലെ നന്മകളുമായി കെ. കാർത്തിക് ഐ.പി.എസ്.



**കെ.ജി. രഞ്ജിത്ത്**

*കൃത്യനിഷ്ഠ, അതാണ് ഒരു പോലീസുദ്യോഗസ്ഥനു വേണ്ട പരമപ്രധാനമായ കാര്യം. ഇന്നു ചെയ്യേണ്ട കാര്യങ്ങൾ ഇന്നു തന്നെ ചെയ്യുക. പക്ഷേ, തിടുക്കം പാടില്ല. അതാണ് കെ. കാർത്തിക് എന്ന ഐ.പിഎസ് ഉദ്യോഗസ്ഥന്റെ സ്റ്റൈൽ. അതുതന്നെയാകാം അദ്ദേഹത്തെ മറ്റ് ഉദ്യോഗസ്ഥരിൽനിന്നു വേറിട്ടു നിറുത്തുന്നതും. ഒരു എൻജിനീയറുടെ തന്ത്രങ്ങളും ഐ.പി.എസ്. ഉദ്യോഗസ്ഥന്റെ ബുദ്ധികൂർമതയുമായി കാർത്തിക് എന്ന പൊലീസുദ്യോഗസ്ഥൻ കോട്ടയം നഗരത്തിന്റെ ഭരണം ഏറ്റെടുത്തുകഴിഞ്ഞു. നിയമപാലനത്തിനൊപ്പം മാനുഷികനന്മകളും മനസ്സിൽ സൂക്ഷിക്കുന്ന കോട്ടയം ജില്ലാ പോലീസ് മേധാവി കെ. കാർത്തിക് ഐ.പി.എസിന്റെ വിശേഷങ്ങളിലേക്ക്:*

**തി**രുനൽവേലിയിൽ ഗ്രാമാന്തരീക്ഷത്തിൽ ജനിച്ചുവളർന്ന കെ. കാർത്തികിന് നാടിനു നന്മ ചെയ്യുന്ന ഒരു പൊലീസുദ്യോഗസ്ഥൻ ആകണമെന്നായിരുന്നു ആഗ്രഹം. എങ്കിലും, തന്റെ കരിയറായി അദ്ദേഹം ആദ്യം തിരഞ്ഞെടുത്തത് എൻജിനീയറിങ്ങാണ്. അണ്ണാ സർവകലാശാലയിൽനിന്ന് എൻജിനീയറിങ് ബിരുദം നേടി. തുടർന്നായിരുന്നു ഐ.പി.എസ്. മോഹം മനസ്സിനെ കീഴടക്കിയത്. ആക്ഷൻ ഹീറോ സിനിമകൾ കണ്ടല്ല, നന്മയുള്ള പൊലീസുദ്യോഗസ്ഥരുടെ കഥകൾ കേട്ടും കണ്ടുമാണ് കാർത്തിക് എന്ന ചെറുപ്പക്കാരൻ ഐ.പി.എസിലേക്കു തിരിയുന്നത്.

2011 ബാച്ചിലെ കേരള കേഡർ ഐ.പി.എസ്. ഉദ്യോഗസ്ഥനായ കെ. കാർത്തിക് പാലക്കാട് എ.എസ്.പിയായാണ് സർവീസിലേക്കു കടന്നുവരുന്നത്. കൃത്യനിഷ്ഠ പാലിക്കാനായിരുന്നു അദ്ദേഹം എല്ലാക്കാലവും ശ്രമിച്ചിരുന്നത്. ഒരു മിനിറ്റുപോലും വൈകുന്നതു ശരിയല്ലെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. അതോടൊപ്പം പറഞ്ഞവാക്കു പാലിക്കാൻ പരമാവധി ശ്രദ്ധിക്കുക. എല്ലാവരുടെയും പ്രശ്നങ്ങൾ കേട്ടു മനസ്സിലാക്കാൻ നല്ലൊരു ശ്രോതാവാകുക. കൂടുതൽ വായിക്കുക, സാധാരണക്കാരുമായി കൂടുതലടുത്ത് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുക, ഒരു കുറ്റവാളിയാണെങ്കിലും അയാൾക്കു പറയാനുള്ളതു കേൾക്കുക. പറയുന്നതു മുഴുവൻ കള്ളമാണെങ്കിലും ഇടയ്ക്ക് അയാൾ സത്യം പറയുകതന്നെ ചെയ്യും. ലഹരിയിൽ അടിമപ്പെട്ടുപോകുന്ന പുതുതലമുറയ്ക്കു വഴിവിളക്കാകുന്ന ഒരു ഉദ്യോഗസ്ഥനാണ് കാർത്തിക്. തന്റെ അധികാരപരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ രാപകൽവ്യത്യാസമില്ലാതെ അദ്ദേഹം ലഹരിവേട്ടയ്ക്കിറങ്ങുന്നു.



**മണ്ണിന്റെ മണമറിയുന്ന ഐ.പി.എസുകാരൻ**

ജന്മനാട്ടിലെ പച്ചപ്പിൽനിന്നു നഗരത്തിരക്കിലേക്കു പറിച്ചുനട്ടെങ്കിലും കെ. കാർത്തിക് എന്ന നാട്ടുമ്പുറത്തുകാരന്റെ മനസ്സിൽ മണ്ണിന്റെ ഗന്ധവും സംസ്കാരവുമുണ്ടായിരുന്നു. എറണാകുളം റൂറൽ എസ്.പിയായി ചാർജെടുത്ത് ക്യാമ്പ് ഓഫീസിൽ താമസമാക്കിയ കാർത്തിക് നല്ലൊരു അടുക്കളത്തോട്ടം നിർമിക്കുകയാണ് ആദ്യം ചെയ്തത്. ഗ്രോബാഗ് സംഘടിപ്പിച്ച് ജൈവവളമിട്ടാണ് കൃഷി ആരംഭിച്ചത്. കൃത്യമായി പരിപാലിച്ച് അടുക്കളത്തോട്ടത്തിൽനിന്നു നൂറുമേനി വിളവെടുത്താണ് എസ്.പി. വിഷുവിനെ വരവേറ്റത്. നല്ലയിനം മുളക്, മല്ലി, കറിവേപ്പ് അങ്ങനെ ഒട്ടുമിക്ക പച്ചക്കറികളും കൃഷി ചെയ്തരുന്നു. ജോലി കഴിഞ്ഞു വീട്ടിലെത്തിയാൽ കുറച്ചുനേരം കർഷകനായിരിക്കാനാണ് അദ്ദേഹത്തിനിഷ്ടം.

**ഗുണ്ടകൾക്കു പേടിസ്വപ്നം**

സമൂഹത്തിൽ നടക്കുന്ന അക്രമങ്ങൾക്കെതിരേ ശക്തമായ നിലപാടെടുക്കുന്ന കരുത്തനായ ഉദ്യോഗസ്ഥനാണ് കെ. കാർത്തിക്. കുറ്റവാളി എത്ര ഉന്നതനാണെങ്കിലും അകത്താക്കുമെന്നുറപ്പ്. 2019 ജൂണിൽ ജില്ലാ പൊലീസ് മേധാവിയായിരിക്കേ അദ്ദേഹം നടപ്പിലാക്കിയ ഓപ്പറേഷൻ ഡാർക്ക് ഹണ്ട് സംസ്ഥാന തലത്തിൽത്തന്നെ ശ്രദ്ധയാകർഷിച്ച ഒരു പ്രോജക്ടായിരുന്നു. 52 പേരെ ജയിലടച്ചു. 35 പേരെ നാടുകടത്തി. നിരവധി പേരെ നിരീക്ഷണത്തിലാക്കി. നൂറിലധികം പേർക്കെതിരേ റിപ്പോർട്ട് നൽകിയിട്ടുമുണ്ട്. മയക്കുമരുന്നുവേട്ടയിലും കാർത്തിക് ഐ.പി.എസ്. വിട്ടുവീഴ്ചയ്ക്കു തയ്യാറായിട്ടില്ല. രണ്ടു വർഷത്തിനുള്ളിൽ 1000 കിലോയോളം കഞ്ചാവും മൂന്നു കിലോ എം.ഡി എം.എയും 50 എൽ.എസ്.ഡി. സ്റ്റാമ്പുകളും നാലു കിലോ ഹാഷിഷ് ഓയിലും പിടികൂടി സംസ്ഥാനതലത്തിൽത്തന്നെ മികവു കാട്ടി.

**പ്രോജക്ട് തൗസന്റ് ഐ.എസ്.**

മോഷണവും മറ്റു കുറ്റകൃത്യങ്ങളും തടയാൻ കാർത്തിക് നടപ്പിലാക്കിയ മറ്റൊരു പദ്ധതിയാണ് പ്രോജക്ട് തൗസന്റ് ഐ.എസ്. ജനപങ്കാളിത്തത്തോടെ നഗരത്തിന്റെ എല്ലാ ഭാഗത്തും ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതിയായിരുന്നു ഇത്. തെളിവവശേഷിപ്പിക്കാതെ നടന്ന പല കുറ്റകൃത്യങ്ങളും ഈ ക്യാമറകളിൽ പതിഞ്ഞു. പദ്ധതി വിജയകരമായതോടെ സംസ്ഥാനത്തെ വിവിധ മേഖലകളിലേക്കു സർക്കാർതലത്തിൽ ഇതു വ്യാപിപ്പിച്ചു.

**കോളിളക്കം സൃഷ്ടിച്ച നിരവധി കേസുകൾ കൈകാര്യം ചെയ്തു**

പാലാരിവട്ടം പാലം അഴിമതി, മരട് ഫ്ളാറ്റ് നിർമാണത്തിലെ അപാകത, കൊച്ചിയിലെ അനധികൃത കെട്ടിടനിർമാണം, കലാഭവൻ മണിയുടെ മരണം, ആലത്തൂരിലെ പട്ടികജാതി പട്ടികവർഗ കേസുകൾ തുടങ്ങി ഗൗരവതരമായ അനേകം കേസുകളുടെ അന്വേഷണം നടത്തിയത് കെ. കാർത്തിക് ആണ്. വിവിധ അഴിമതിക്കേസുകൾ അന്വേഷിച്ച് കഴിവുതെളിയിച്ച കെ. കാർത്തിക് ഐ.പി.എസിന് 2019 ൽ കേരള പോലീസിലെ മികച്ച കുറ്റാന്വേഷണത്തിനുള്ള മുഖ്യമന്ത്രിയുടെ അവാർഡ് ലഭിച്ചിട്ടുണ്ട്.

**സമാധാനം നിലനിർത്തുകയാണ് ലക്ഷ്യം**

കോട്ടയം ജില്ലക്കാർ പൊതുവെ സമാധാനം ആഗ്രഹിക്കുന്നവരാണ്. വലിയ പ്രശ്നങ്ങളൊന്നും കോട്ടയത്തുണ്ടെന്നു തോന്നുന്നില്ല. കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് നാടിന്റെ സമാധാനം തകർക്കുന്നവർക്കെതിരേ കർശനനടപടി ഉണ്ടാകും. ഗുണ്ടാ, മയക്കുമരുന്ന് മാഫിയകളെ അമർച്ച ചെയ്യും. പുതുതലമുറയെ ലഹരിയുടെ അടിമകളാക്കാൻ അനുവദിക്കില്ല. പൊലീസ് - ഗുണ്ടാബന്ധം അനുവദിക്കില്ല. സ്ത്രീകൾക്കും കുട്ടികൾക്കും വയോജനങ്ങൾക്കും സംരക്ഷണം ഉറപ്പുവരുത്തും. പൊലീസിനെ ജനം ഭയത്തോടെ കാണേണ്ട കാര്യമില്ലെന്നും എന്നും സഹായഹസ്തവുമായി പൊലീസ് ഉണ്ടാകുമെന്നും കോട്ടയം ജില്ലാ പൊലീസ് മേധാവി കെ. കാർത്തിക് പറഞ്ഞു.

**കുടുംബബന്ധങ്ങൾക്കു വലിയ മാനം**

കുടുംബബന്ധങ്ങൾക്കു വലിയ അർത്ഥവും മാനവും നൽകുന്ന ആളാണ് കാർത്തിക് എന്ന പൊലീസ് ഉദ്യോഗസ്ഥൻ. ജോലിത്തിരക്കുകൾക്കിടയിലും കുടുംബവുമായി ചുറ്റിക്കറങ്ങാനും, പർച്ചേസിങ്ങിനുമൊക്കെ സമയം കണ്ടെത്തുന്ന ആളാണ് അദ്ദേഹം. വൈകുന്നേരങ്ങളിൽ കായൽത്തീരത്തും കടൽത്തീരത്തും കാക്കിയുടെ ഭാരമില്ലാതെ സാധാരണക്കാരനായി കുടുംബത്തോടൊപ്പം ചെലവഴിക്കാനാണ് അദ്ദേഹത്തിനിഷ്ടം. ആലുവായിലായിരുന്ന സമയത്ത് ഒഴിവുസമയങ്ങൾ ചെലവഴിക്കാൻ ഒരുപാട് സ്ഥലങ്ങളുണ്ടായിരുന്നു. കോട്ടയത്ത് അത്തരം സ്ഥലങ്ങളുണ്ടോയെന്നാണ് അദ്ദേഹം ആദ്യം തിരക്കിയത്. ശിവശങ്കരിയാണ് കാർത്തികിന്റെ ഭാര്യ, പ്രിജിത് വിനായകൻ മകൻ. ■

# 'സമഗ്രസാക്ഷരപാലാ' പ്രോജക്ട് ഉദ്ഘാടനവും പുരസ്കാരസമർപ്പണവും

പാലാ: പാലാ രൂപത കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസിയുടെയും മാതൃഭാഷാപോഷകസന്നദ്ധസമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ, 'സമഗ്രസാക്ഷരപാലാ' പ്രോജക്ട് നടപ്പിലാക്കുന്നു. ജൂലൈ 26 ചൊവ്വാഴ്ച രാവിലെ 11.30 ന് സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എജ്യൂക്കേഷൻ ഓഡിറ്റോറിയത്തിൽ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അധ്യക്ഷതയിൽ ചേരുന്ന പൊതുസമ്മേളനത്തിൽ പ്രോജക്ടിന്റെ ഉദ്ഘാടനം പൊതുവിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും. ജലവിഭവവകുപ്പുമന്ത്രി റോഷി അഗസ്റ്റിൻ മുഖ്യപ്രഭാഷണം നടത്തും. ഡോ. തോമസ് മൂലയിൽ പ്രോജക്ട് അവതരിപ്പിക്കും.

സമ്മേളനത്തിൽ, പാഠപുസ്തകത്തിൽ അക്ഷരമാല പുനസ്ഥാപിക്കുന്നതിനു സുധീരമായ തീരുമാനമെടുത്ത പൊതുവിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടിയെയും, അതിനു വഴിയൊരുക്കിയ ജലവിഭവമന്ത്രി റോഷി അഗസ്റ്റിനെയും മാണി സി. കാപ്പൻ എം.എൽ.എയെയും ആദരിക്കും.

'നിറക്കൂട്ട് 2022' പ്രോഗ്രാമിലൂടെ അക്ഷരമാലയും ചുമർച്ചിത്രങ്ങളുംകൊണ്ട് വിദ്യാലയങ്ങളും ഗവൺമെന്റ് സ്ഥാപനങ്ങളും വർണാഭമാക്കിയ സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എജ്യൂക്കേഷനിലെ അധ്യാപകവിദ്യാർത്ഥിപ്രതിഭകൾക്കും കോളജിനുമുള്ള പുരസ്കാരങ്ങൾ പൊതുവിദ്യാഭ്യാസമന്ത്രി വിതരണം ചെയ്യും.

സമ്മേളനത്തിൽ ജോസ് കെ. മാണി എം.പി, മാണി സി. കാപ്പൻ എം.എൽ.എ, മുനിസിപ്പൽ ചെയർമാൻ ആന്റോ ജോസ് പടിഞ്ഞാറേക്കര, പാലാ കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസി സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം, സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എജ്യൂക്കേഷൻ പ്രിൻസിപ്പൽ സി. ഡോ. ബീനാമ്മ മാത്യു, വൈസ് പ്രിൻസിപ്പൽ ഡോ. റ്റി. സി. തങ്കച്ചൻ എന്നിവർ പ്രസംഗിക്കും. മാതൃഭാഷാപോഷകസന്നദ്ധസമിതിയാണ് പ്രോജക്ട് ആവിഷ്കരിച്ചു നടപ്പാക്കുന്നത്.

# കുട്ടികളാണ് സഭയുടെ സമ്പത്ത്

## മാർ ജോർജ് മഠത്തിക്കണ്ടത്തിൽ



*കെ.സി.എസ്.എൽ. സംസ്ഥാനതലത്തിൽ നടത്തിയ ദ്വിദിന ലീഡേഴ്സ് മീറ്റിന്റെ സമാപന സമ്മേളനം മൂവാറ്റുപുഴ ആനിക്കാട് സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂളിൽ കോതമംഗലം ബിഷപ് ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്യുന്നു.*

മൂവാറ്റുപുഴ: കുട്ടികളും സഭയിലുള്ള അവരുടെ വിശ്വാസവുമാണ് സഭയുടെ ഏറ്റവും മൂല്യവത്തായ രത്നങ്ങളെന്ന് കോതമംഗലം ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ. കാലത്തിനൊത്ത് ചരിച്ചും വിശുദ്ധ ബൈബിൾ വായിച്ചു ഗ്രഹിച്ചും കുഞ്ഞുങ്ങൾ വളർന്നുവരണം. ബൈബിൾ വായനയാകുന്ന ആത്മീയ ഭക്ഷണം കഴിച്ച് കെസിഎസ്എൽ അംഗങ്ങൾ മാതൃകകളായി വളർന്നുവരണമെന്നും അതിനുള്ള ശക്തമായ അടിത്തറയൊരുക്കാൻ കെസിഎസ്എൽ ന് ഇത്തരം സംഗമങ്ങളിലൂടെ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. കെസിഎസ്എൽ സംസ്ഥാനതല ലീഡേഴ്സ് മീറ്റിന്റെ സമാപനസമ്മേളനം ആനിക്കാട് സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കൻഡറി സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മാർ ജോർജ് മഠത്തിക്കണ്ടത്തിൽ.

സംസ്ഥാന ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, പ്രസിഡന്റ് ബേബി തദേവൂസ് ക്രൂസ്, ഓർഗനൈസർ മനോജ് ചാക്കോ, ചെയർമാർ അശ്വിൻ ആന്റോ, ജനറൽ സെക്രട്ടറി അലിറ്റ മനോജ്, കോതമംഗലം രൂപത ഡയറക്ടർ ഫാ. വർഗീസ് പാറമേൽ, പ്രസിഡന്റ് ജിജോ മാനുവൽ, ചെയർമാൻ ജെം കെ. ജോസ്, ജനറൽ സെക്രട്ടറി മേഘ മേരി, ക്യാമ്പ് കോ-ഓർഡിനേറ്റർ അരുൺ ജോസ്, ആനിക്കാട് സെന്റ് സെബാസ്റ്റ്യൻസ് എച്ച്എസ്എസ് പ്രധാനാധ്യാപിക സിസ്റ്റർ നിർമൽ മരിയ എന്നിവർ പ്രസംഗിച്ചു. സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര രൂപതകളിൽനിന്നായി എൺപഞ്ചോളം ഭാരവാഹികളാണ് ദ്വിദിന മീറ്റിൽ പങ്കെടുത്തത്.

# ദീപനാളം

കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ




കർത്താവു വലിയവനാണെന്നും സകല ദേവൻമാരെയുംകാൾ ഉന്നതനാണെന്നും ഞാൻ അറിയുന്നു.

സങ്കീർത്തനം 135:5

**എഡിറ്റോറിയൽ**

## സഞ്ചാരയോഗ്യമായ റോഡുകൾ ജനങ്ങളുടെ അവകാശം

"പശ തേച്ച് ഒട്ടിച്ചതാണോ റോഡ്?'' ഹൈക്കോടതി ഈയിടെ നടത്തിയ രൂക്ഷവിമർശനത്തിന്റെ അലയൊലികൾ തീരുംമുമ്പേ, റോഡുകളുടെ കാര്യം തുടർച്ചയായി പറഞ്ഞ് നാണമാകുന്നുവെന്ന് ഹൈക്കോടതി പരാമർശിച്ചിരിക്കുന്നു. സംസ്ഥാനത്തൊട്ടാകെയുള്ള റോഡുകളുടെ ശോച്യാവസ്ഥയ്ക്ക് ഒരു പരിഹാരവും കാണാതെയുള്ള സർക്കാരിന്റെ ഉദാസീനതയും കെടുകാര്യസ്ഥതയും കണ്ടു സഹികെട്ടാണ് ഹൈക്കോടതി കഴിഞ്ഞ മൂന്നു വർഷമായി നിരന്തരം പ്രതികരിച്ചുകൊണ്ടിരിക്കുന്നത്. മഴയെ പഴിപറയേണ്ടെന്നും, കേരളത്തിൽ എല്ലായിടത്തും ഒരേ മഴതന്നെയാണു പെയ്യുന്നതെന്നും പ്രതികരിച്ച കോടതി, കേരളത്തിലെ റോഡുകളുടെ കാര്യത്തിൽ ഫണ്ടല്ല, അതുപയോഗിക്കുന്ന രീതിയാണു പ്രശ്നമെന്നും നിരീക്ഷിച്ചു.

എണ്ണിത്തീർക്കാനാവാത്ത്ര കുഴികളാണ് നഗരഗ്രാമവ്യത്യാസമില്ലാതെ സംസ്ഥാനത്തെ റോഡുകളിൽ രൂപപ്പെട്ടിരിക്കുന്നത്. റോഡുണ്ടാക്കാനും സംരക്ഷിക്കാനും നികുതിപ്പണം മുൻകൂർ അടച്ച സാധാരണക്കാരും പാവപ്പെട്ടവരുമടക്കമുള്ള പൗരന്മാരാണ് ചെളിവെള്ളക്കെട്ടുകളായ കുഴികളിലും ഓടകളിലും വീണ് അപകടപ്പെടുന്നതും മരണപ്പെടുന്നതും. മഴക്കാലത്ത് റോഡു തകരുന്ന പ്രതിഭാസം കൊല്ലങ്ങളായി കണ്ടു പരിചയിച്ചിട്ടും, അതിന്റെ ദുരനുഭവങ്ങൾക്കും അവശേഷിപ്പുകൾക്കും സാക്ഷികളായിട്ടും, അതിനു സുസ്ഥിരപരിഹാരങ്ങളുണ്ടാക്കാൻ ദേശീയപാത അതോറിട്ടിക്കോ സംസ്ഥാന പൊതുമരാമത്തുവകുപ്പിനോ സാധിക്കുന്നില്ല എന്നതാണു പ്രശ്നം.

കേരളത്തിലെ റോഡുകൾ അടിയന്തരമായി നന്നാക്കിയേ തീരൂ എന്നു കോടതിയടക്കം മുറവിളികൂട്ടുമ്പോഴും, കേന്ദ്ര സംസ്ഥാനമന്ത്രിമാർ ഉത്തരവാദിത്വത്തെ ചൊല്ലി പരസ്പരം പഴിചാരി തർക്കത്തിലാണ്. സർക്കാരുകളുടെയും രാഷ്ട്രീയപാർട്ടികളുടെയും തർക്കവിതർക്കങ്ങൾക്കും പോർവിളികൾക്കുമിടയിൽ പൊലിയുന്നത് ഈ നാടിന്റെ വികസന സ്വപ്നങ്ങളാണ്. അക്കാര്യം ബോധവത്കരിക്കാനും പരിഹാരമാർഗങ്ങൾ നടപ്പാക്കാനും കോടതികൾ ആവർത്തിച്ചുപറഞ്ഞിട്ടുപോലും സാധിക്കുന്നില്ലെങ്കിൽ, അതിൽപ്പരം ലജ്ജാകരമായ അവസ്ഥ കേരളത്തിനിനി ഉണ്ടാകാനുണ്ടോ?

സംസ്ഥാനത്ത് ആകെയുള്ള മൂന്നുലക്ഷം കിലോമീറ്റർ റോഡിൽ 29,522 കിലോമീറ്റർ റോഡുമാത്രമാണ് പൊതുമരാമത്തുവകുപ്പിനു കീഴിലുള്ളതെന്ന് മന്ത്രി പി.എ. മുഹമ്മദ് റിയാസ് പറയുന്നു. കേരളത്തിലെ 40 ശതമാനം ഗതാഗതവും ദേശീയപാതകളിലൂടെയായതിനാൽ റോഡുകൾ നന്നായി സൂക്ഷിക്കാനുള്ള ഉത്തരവാദിത്വം ദേശീയപാത അതോറിറ്റിക്കുമുണ്ട്. സംസ്ഥാനത്തെ 15,000 കിലോമീറ്ററിലേറെ റോഡ് ഗുണനിലവാരമുള്ള ബി എം ആൻഡ് ബി സി ടാറിങ് നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും അഞ്ചുവർഷത്തേക്ക് ഈ റോഡുകൾ തകരില്ലെന്നും മന്ത്രി അവകാശപ്പെടുന്നു. മാത്രമല്ല, അഴിമതിയും കെടുകാര്യസ്ഥതയും തടയുന്നതിന്റെ ഭാഗമായി ഒട്ടേറെ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തതടക്കം ക്ഷേമപ്രവർത്തനങ്ങളും അച്ചടക്കനടപടികളും എണ്ണിയെണ്ണിപ്പറയുമ്പോഴും, റോഡു നന്നാക്കണമെന്നാവശ്യപ്പെടുന്ന വിവിധ ഹർജികളാണ് തീർപ്പാക്കാനാവാതെ കോടതികളുടെ പരിഗണനയിലുള്ളതെന്നും നിരീക്ഷിക്കേണ്ടതുണ്ട്.

പണിത് ആറുമാസത്തിനകം റോഡു തകർന്നാൽ ബന്ധപ്പെട്ട എഞ്ചിനീയർക്കും കരാറുകാരനുമെതിരേ വിജിലൻസ് അന്വേഷണം നടത്തണമെന്നും, ഒരു വർഷത്തിനകം തകർന്നാൽ ആഭ്യന്തരാന്വേഷണം വേണമെന്നും കുറ്റക്കാർക്കെതിരേ നടപടിയെടുക്കണമെന്നുമൊക്കെയുള്ള ഹൈക്കോടതിയുടെ പുതിയ ഉത്തരവ് അഴിമതിയും കൊള്ളയും അവസാനിപ്പിക്കാനുള്ള പുറപ്പാടുതന്നെയാണ്. കോടതി നിരന്തരം ഇടപെട്ടിട്ടും റോഡുകളുടെ ശോച്യാവസ്ഥ മാറുന്നില്ലെന്നും ഹർജികൾ ആറുമാസം കൂടുന്തോറും പരിഗണിക്കേണ്ടിവരുന്നതിൽ കോടതിക്കുതന്നെ നാണമാകുകയാണെന്നുമുള്ള കോടതിനിരീക്ഷണം കേട്ട് തല കുനിക്കാത്തവരാരെങ്കിലും ഈ ഭൂമിമലയാളത്തിലുണ്ടാകുമോ? 'കെ - റോഡ്' എന്നു വിളിച്ചാലെങ്കിലും നന്നാക്കുമോ എന്നും ഒരു ഘട്ടത്തിൽ കോടതി നർമവും വിമർശവും കലർത്തി ചോദിച്ചതിന് ശിരസ്സുയർത്തി മറുപടി പറയാൻ സർക്കാരിനാവുമോ എന്നതുമാത്രമാണ് അവശേഷിക്കുന്ന ചോദ്യം.

മഴക്കാലത്തെ റോഡുനവീകരണത്തെക്കുറിച്ചു പറയുമ്പോൾ ദേശീയപാതയെയും പൊതുമരാമത്തു റോഡുകളെയുംകുറിച്ചേ പലപ്പോഴും അധികൃതർക്കു പരിഗണനയുള്ളൂ. അറ്റകുറ്റപ്പണിയൊന്നുമില്ലാതെ പൊട്ടിപ്പൊളിഞ്ഞ് യാത്ര ദുഷ്കരമായിരിക്കുന്ന ജില്ലാറോഡുകളും ഗ്രാമീണറോഡുകളുമായുള്ള ഒന്നേമുക്കാൽ ലക്ഷത്തോളം കിലോമീറ്റർ റോഡുകളെക്കുറിച്ച് തദ്ദേശ സ്വയംഭരണവകുപ്പു കൈയാളുന്നവർക്കോ ഉദ്യോഗസ്ഥർക്കോ യാതൊരു കൂസലുമില്ലാത്തതാണ് ഏറെ ഖേദകരം. മതിയായ ഓവുചാലും വെള്ളക്കെട്ടിനുള്ള ശാസ്ത്രീയപരിഹാരങ്ങളുമില്ലെങ്കിൽ കോടികൾ ചെലവാക്കിയുള്ള ടാറിങ്ങും കോൺക്രീറ്റിങ്ങുമെല്ലാം വൃഥാവിലാകും. ഇക്കാര്യങ്ങളിലെല്ലാം സർക്കാരിന്റെ അടിയന്തര ഇടപെടലുകളും കാര്യക്ഷമമായ പ്രവർത്തനങ്ങളുമാണ് അവശ്യമായിരിക്കുന്നത്. ഓർക്കുക, സഞ്ചാരയോഗ്യമായ റോഡുകൾ ജനങ്ങളുടെ അവകാശമാണ്. ■

# പത്രവ്യവസായം കടുത്ത പ്രതിസന്ധിയിൽ

കോഴിക്കോട്: കൊവിഡ് പ്രതിസന്ധിയും നീണ്ടുനിൽക്കുന്ന റഷ്യ-യുക്രെയ്ൻ യുദ്ധവും കാരണം അച്ചടി മാധ്യമങ്ങൾ അഭിമുഖീകരിക്കുന്ന വലിയ പ്രതിസന്ധി നേരിടാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തരമായി ഇടപെടണമെന്ന് ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റി (ഐ.എൻ.എസ്.) കേരള റീജിയണൽ കമ്മിറ്റി ചെയർമാൻ എം.വി. ശ്രേയാംസ്കുമാർ ആവശ്യപ്പെട്ടു. പത്രവ്യവസായത്തിന്റെ ഉത്പാദനച്ചെലവിന്റെ 50 ശതമാനത്തിലധികം പത്രക്കടലാസാണ്.

കൊവിഡ്മൂലം ആഗോളതലത്തിൽ പത്രവ്യവസായം പ്രതിസന്ധിയിലായതോടെ വിദേശരാജ്യങ്ങളിലെ ന്യൂസ്പ്രിന്റ് ഫാക്ടറി പൂട്ടിയതിനാൽ ന്യൂസ്പ്രിന്റു ലഭ്യതയിൽ വൻ ഇടിവുണ്ടായി. ഇതുമൂലം ന്യൂസ്പ്രിന്റിന്റെ വില കഴിഞ്ഞ ഒന്നരവർഷമായി കുതിച്ചുയരുകയാണ്. റഷ്യ-യുക്രെയ്ൻ യുദ്ധം ന്യൂസ്പ്രിന്റ് ലഭ്യത വീണ്ടും പ്രതിസന്ധിയിലാക്കി.

ഇന്ത്യയിലേക്കാവശ്യമായ ന്യൂസ്പ്രിന്റിന്റെ (പത്രക്കടലാസിന്റെ) 45 ശതമാനവും ഇറക്കുമതി ചെയ്യുന്നതു റഷ്യയിൽനിന്നാണ്. റഷ്യക്കെതിരേ യുഎസും യൂറോപ്യൻരാജ്യങ്ങളും ഉപരോധം പ്രഖ്യാപിച്ചതോടെ റഷ്യയിൽനിന്നുള്ള പത്രക്കടലാസ് ഇറക്കുമതി നിലച്ചിരിക്കുകയാണ്. ഇതുമൂലം പത്രക്കടലാസിനു വൻ വിലവർധനയാണ് ഉണ്ടായിട്ടുള്ളത്. ടണ്ണിന് 450യുഎസ് ഡോളറായിരുന്ന പത്രക്കടലാസിന്റെ വില ഇപ്പോൾ 1,000 ഡോളർ കടന്നിരിക്കുന്നു.

ചരക്കുനീക്കം തടസ്സപ്പെട്ടതുകൊണ്ട് കണ്ടെയ്നറുകളുടെ ലഭ്യത പ്രതിസന്ധിയിലായിട്ടുണ്ടെന്നും ശ്രേയാംസ്കുമാർ പറഞ്ഞു. വിതരണശൃംഖലയിൽ സമ്മർദ്ദമേറിയതോടെ ഷിപ്പിംഗ് കമ്പനികൾ ചാർജുകൾ നാലും അഞ്ചും ഇരട്ടിയായി വർധിപ്പിച്ചിരിക്കുന്നു.

അടിക്കടിയുണ്ടാകുന്ന ഇന്ധന വില വർധന കാരണം പത്രവ്യവസായത്തിനാവശ്യമായ അസംസ്കൃതവസ്തുക്കൾക്കും മഷി മുതലായ രാസപദാർത്ഥങ്ങൾക്കും 50 ശതമാനം വിലവർധനയാണുണ്ടായിട്ടുള്ളത്. ധാതുക്കളുടെ വില വർധന കാരണം അച്ചടിമാധ്യമങ്ങൾക്കാവശ്യമായ അലുമിനിയം പ്ലേറ്റുകൾക്ക് 40 ശതമാനത്തോളം വില വർധനവും ഉണ്ടായിട്ടുണ്ട്. പത്രവ്യവസായത്തിന്റെ ഉത്പാദന, വിതരണച്ചെലവുകളിൽ ക്രമാതീതമായ വർധനയാണ് ഇക്കാരണങ്ങളാൽ വന്നുഭവിച്ചിട്ടുള്ളത്.

റഷ്യ കൂടാതെ ന്യൂസ്പ്രിന്റ് ഇറക്കുമതിക്ക് ഇന്ത്യ ആശ്രയിക്കുന്ന കാനഡയിലും ഫിൻലൻഡിലും തൊഴിൽസമരങ്ങൾ കാരണം മില്ലുകൾഅടച്ചിട്ടതുമൂലം ഇറക്കുമതി സാധ്യമാവാതെ വന്നു. ഇറക്കുമതി ചെയ്യുന്ന ന്യൂസ്പ്രിന്റിനാകട്ടെ അഞ്ചു ശതമാനം ഇറക്കുമതിത്തീരുവയും ചുമത്തുന്നുണ്ട്. കൂടാതെ, കേരളത്തിൽ ഈയടുത്തകാലത്ത് വൈദ്യുതി ചാർജ് 10 ശതമാനത്തിലധികം വർധിപ്പിച്ചതും അച്ചടിവ്യവസായത്തെ സാരമായി ബാധിച്ചു.

ഇക്കാരണങ്ങൾകൊണ്ട് പത്രവ്യവസായം കടുത്ത സാമ്പത്തികപ്രതിസന്ധി നേരിടുകയാണെന്നു ശ്രേയാംസ്കുമാർ പറഞ്ഞു.

പത്രവ്യവസായത്തിന്റെ നിലനില്പുതന്നെ ആശങ്കപ്പെടുത്തുന്ന സ്ഥിതിവിശേഷമാണുള്ളത്. ജനാധിപത്യസംരക്ഷണത്തിന് സദാ ഉണർന്നുപ്രവർത്തിക്കാൻ ചുമതലയുള്ള മാധ്യമങ്ങൾ ഇന്ന് ഉത്പാദന, വിതരണച്ചെലവിലെ വൻവില വർധനയും കൊവിഡ് പ്രതിസന്ധിമൂലമുള്ള പരസ്യവരുമാനത്തിലെ ഇടിവും കാരണം അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. ഒട്ടനവധി ദിനപ്പത്രങ്ങളും മാസികകളും ഇതിനകം അടച്ചുപൂട്ടുകയും മറ്റു ചിലത് അതിന്റെ വക്കിലുമാണ്. ജനങ്ങൾക്ക് അറിയാനുള്ള അവകാശത്തിന്റെ നിഷേധംകൂടിയാണ് ഇങ്ങനെ സംഭവിച്ചാൽ ഉണ്ടാവുക. ഇക്കാരണങ്ങളാൽ അച്ചടിമാധ്യമങ്ങളെ രക്ഷിക്കാൻ കേന്ദ്ര-സംസ്ഥാനസർക്കാരുകൾ അടിയന്തരമായി ഇടപെടണമെന്ന് ശ്രേയാംസ്കുമാർ അഭ്യർത്ഥിച്ചു. ■

## മാന്യവരിക്കാരുടെ ശ്രദ്ധയ്ക്ക്

കൊവിഡും റഷ്യ-യുക്രെയ്ൻ യുദ്ധവും സൃഷ്ടിച്ച പ്രതിസന്ധിമൂലം കുറെ നാളുകളായി പത്രവ്യവസായം ശ്വാസംമുട്ടുകയാണ്. കഴിഞ്ഞ ഒന്നരവർഷമായി ന്യൂസ്പ്രിന്റിന്റെ വില വല്ലാതെ ഉയർന്നിരിക്കുന്നു. പത്രവ്യവസായത്തിനാവശ്യമായ അസംസ്കൃതവസ്തുക്കൾക്കും മഷി, പ്ലേറ്റ് തുടങ്ങിയ സാമഗ്രികൾക്കും വില കുതിച്ചുയരുകയാണ്. കേരളത്തിൽ ഈയടുത്തകാലത്ത് വൈദ്യുതിചാർജ് പത്തു ശതമാനത്തിലധികം വർധിപ്പിച്ചതും അച്ചടിവ്യവസായത്തെ സാരമായി ബാധിച്ചിരിക്കുന്നു.


ഈ സാഹചര്യത്തിൽ, ദീപനാളത്തിന്റെ വരിസംഖ്യ വർദ്ധിപ്പിക്കാൻ നിർബന്ധിതരായിരിക്കുകയാണ്. ഓഗസ്റ്റുമുതൽ വാർഷികവരിസംഖ്യ 400 രൂപയും ഒറ്റപ്രതി എട്ടുരൂപയുമായിരിക്കും. മാന്യവായനക്കാർ സഹകരിക്കുമല്ലോ.

**മാനേജർ**

## തിരുനാൾ ആശംസകൾ



**ജൂലൈ 25-ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന് ദീപനാളത്തിന്റെ പ്രാർത്ഥനാനിർഭരമായ മംഗളാശംസകൾ!**



സി.എൽ. ജോസ്

# തിരിച്ചുവരവ്

ആറുമാസത്തെ യുദ്ധകാല സേവനത്തിനുശേഷം ഇറാക്കിൽനിന്നു രാജേഷ് ഇന്ത്യയിലേക്കു മടങ്ങി. ഡൽഹിയിൽനിന്ന് ആ യുവാവ് ബാംഗ്ലൂരിലുള്ള മാതാപിതാക്കളെ ഫോണിൽ വിളിച്ചു:

"ഡാഡീ, രാവിലത്തെ ഫ്ളൈറ്റിൽ ഞാൻ ഡൽഹിയിലെത്തി. ഞാൻ വീട്ടിലേക്കു വരുകയാണ്."

"വളരെവളരെ സന്തോഷം മോനേ. ഞാനും അമ്മയും നിന്നെ കാണാൻ കാത്തിരിക്കയാണ്. ഇന്നുതന്നെ പുറപ്പെടുമോ?"

"ഡാഡീ, എനിക്കൊരു കാര്യം അറിയിക്കാനുണ്ട്. എന്റെ കൂടെ ഒരു ഫ്രണ്ടുണ്ട്. അവനെക്കൂടി ഞാൻ വീട്ടിലേക്കു കൊണ്ടുവരട്ടെ."

"ഫ്രണ്ടോ?"

"എനിക്കു വളരെ വേണ്ടപ്പെട്ടവനാ."

"ശരി, ശരി. കൊണ്ടുപോന്നോളൂ. ഞങ്ങൾക്കും പരിചയപ്പെടാമല്ലോ."

"മറ്റൊന്നുകൂടി അറിയാനുണ്ട്."

"എന്താണു മോനേ?"

"ബോംബ് സ്ഫോടനത്തിൽ അവനു സാരമായ പരുക്കേറ്റു. അവന്റെ ഒരു കൈയും ഒരു കാലും നഷ്ടപ്പെട്ടു."

"അയ്യോ! കേൾക്കുമ്പോൾ ഖേദം തോന്നുന്നു. പക്ഷേ, അങ്ങനെയുള്ള ഒരാളെ നമ്മുടെ വീട്ടിലേക്ക്... അതു വേണ്ട മോനേ."

"ഡാഡീ, എനിക്ക് ഒരുപാട് ഉപകാരം ചെയ്തിട്ടുള്ളവനാണവൻ. പലപ്പോഴായി എന്നെ ഏറെ സഹായിച്ചവനാണ്."

"അതൊക്കെ ശരി. പക്ഷേ..."

"അവനു പോകാൻ വേറേ ഇടമില്ല ഡാഡീ. അവൻ എന്റെ കൂടെ നമ്മുടെ വീട്ടിൽ താമസിക്കണമെന്നാണ് എന്റെ ആഗ്രഹം!"

അച്ഛൻ മറുപടി പറയാതെ മൂകനായി നിന്നു.

"ഡാഡി എന്താ ആലോചിക്കുന്നത്? ഇങ്ങനെയുള്ള സന്ദർഭങ്ങളിലല്ലേ നമ്മൾ പ്രത്യുപകാരം ചെയ്യേണ്ടത്, സഹാനുഭൂതി കാട്ടേണ്ടത്."

"രാജേഷ്, നിന്റെ സുഹൃത്തിനെ വേറേ എവിടെയെങ്കിലും താമസിപ്പിക്കാനായി പറ്റിയ സ്ഥലം നമുക്കു ചൂണ്ടിക്കാണിച്ചുകൊടുക്കാം."

"ഇല്ല ഡാഡീ, അവൻ എന്റെ കൂടെത്തന്നെ താമസിക്കണമെന്നാണ് എന്റെ മോഹം. ഡാഡി സമ്മതിക്കണം."

"മോനേ! നീ ആവശ്യപ്പെടുന്നത് എന്താണെന്നു നിനക്കറിയില്ല. കൈയും കാലുമില്ലാത്ത ഏതോ ഒരാൾ നമ്മുടെ വീട്ടിൽ... ഇല്ല. അതു നമുക്കു വല്ലാത്ത ഭാരമാവും. നമ്മുടെ സ്ഥിതിക്കും അന്തസ്സിനും ചേർന്നതല്ല. നമുക്കു നമ്മുടേതായ ജീവിതമുണ്ട്."

"ഡാഡീ! ഞാൻ പറയുന്നത്..."

"ഇല്ല. അതുവേണ്ട. അങ്ങനെയുള്ള ഒരാളെ ഇവിടെ കൊണ്ടുവന്നു താമസിപ്പിക്കാനും നമ്മുടെ സ്വകാര്യതയിൽ ഇടപെടാനും... വേണ്ട. അതു നടക്കില്ല."

ഏതാനും നിമിഷങ്ങളുടെ മൂകതയ്ക്കുശേഷം നീരസത്തോടെ ഡാഡി തുടർന്നു: "ഡൽഹിയിൽ ധാരാളം സേവനസംഘങ്ങളില്ലേ? സന്നദ്ധസുഹൃത്തുക്കളില്ലേ? അനാഥകേന്ദ്രങ്ങളില്ലേ? ഇവരിലാരെങ്കിലും അയാളെ ഏറ്റെടുക്കട്ടെ." (നിമിഷങ്ങൾക്കുശേഷം മയത്തിൽ) മോനോട് എനിക്കു പറയാനുള്ളത്, നീ ഏറ്റവും വേഗം നമ്മുടെ വീട്ടിലേക്കു പോരുക. സുഹൃത്തിനെ മറന്നേക്കൂ. അവൻ അവന്റേതായ ഒരു വഴി കണ്ടുപിടിക്കും."

ഇത്രയും കേട്ടപ്പോൾ രാജേഷ് ഫോൺ വച്ചു. അന്നോ അടുത്ത ദിവസമോ മാതാപിതാക്കൾക്ക് മകന്റെ വിളിയുമുണ്ടായില്ല.

ഏതാനും ദിവസങ്ങൾക്കുശേഷമാണ് അവർക്കു ഡൽഹിയിൽ സിറ്റി പോലീസിന്റെ ഒരു ഫോൺകാൾ:

"ഒരു കെട്ടിടത്തിന്റെ മുകളിൽനിന്നു നിങ്ങളുടെ മകൻ വീണു മരിച്ചു.... മൃതശരീരം വിക്ടോറിയ ഹോസ്പിറ്റലിൽ സൂക്ഷിച്ചിരിക്കുന്നു..."

പോലീസിന്റെ നിഗമനം അതൊരു ആത്മഹത്യയാണെന്നാണ്.

ഹൃദയം തകർന്ന മാതാപിതാക്കൾ പൊട്ടിക്കരഞ്ഞുകൊണ്ടു പിറ്റേന്നു ഹോസ്പിറ്റലിലെത്തി. ഹോസ്പിറ്റൽ അധികാരികൾ മകന്റെ മൃതദേഹം തിരിച്ചറിയാനായി അവരെ മോർച്ചറിയിലേക്കു നയിച്ചു. പ്രിയ മകനെ അവർ തിരിച്ചറിഞ്ഞു. ഒപ്പം മറ്റൊരു സത്യംകൂടി വെളിപ്പെട്ടു. മകന് ഒരു കൈയും ഒരു കാലും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

*(എന്റെ സുഹൃത്തും തൃശൂർ സ്വദേശിയുമായ ജെ. കവാൽ ഇംഗ്ലീഷിലെഴുതിയ കഥയുടെ സ്വതന്ത്രസംഗ്രഹമാണിത്)*

സാന്ത്വനം

# കാര്യങ്ങൾ ഇനി ഉത്തര തീരുമാനിക്കട്ടെ



സിസ്റ്റർ ഡോ. നിക്കോൾ എസ്.വി.എം.

"അമ്മ എന്നെ വല്ലാതെ നിയന്ത്രിക്കുന്നു. ഞാനിന്നു ജോലിക്കു പോകാതെ വീട്ടിലിരിക്കുന്നത് എന്റെ അമ്മ കാരണമാണ്." എം.ബി.എ. നല്ല മാർക്കിൽ പാസ്സായ ഉത്തര എന്ന പെൺകുട്ടി ഈ പരാതിയുമായിട്ടാണ് എത്തിയത്. ഇതു കേട്ട അമ്മ കണ്ണീരോടെ പറഞ്ഞു: "മോൾ ഒന്നും ചെയ്യാതെ വെറുതെ മൊബൈലിൽ നോക്കിയിരിക്കും. അല്ലെങ്കിൽ മുറിയിൽ വെറുതെയിരിക്കും. അപ്പോൾ എന്തെങ്കിലുമൊക്കെ ചെയ്യാൻ പറയും." ഉത്തരയുടെ കണ്ണുകളിൽ ചെറിയ ദേഷ്യവും ഒരു നിസ്സഹായതയും കാണാൻ സാധിക്കുമായിരുന്നു. അതുകൊണ്ട്, "ഇന്നുമുതൽ അവളുടെ ജോലികൾ അവൾ ചെയ്തുകൊള്ളും. അമ്മയൊന്നും പറയേണ്ട. അവൾ ചെയ്യുന്നതിനോടു സഹകരിച്ചു പ്രവർത്തിച്ചാൽ മതി" എന്നു പറഞ്ഞുവിട്ടു.



മൂന്നുമാസങ്ങൾക്കുശേഷം ഉത്തര വീണ്ടുമെത്തി: "ഒരു മാസമായി കല്യാണം കഴിഞ്ഞിട്ട്. അമ്മയും ആങ്ങളയും എന്നെ നിയന്ത്രിക്കുന്നു." ഭർത്താവിന്റെ പരാതി മറ്റൊന്നാണ്: "നീ ഒരു നല്ല ഭാര്യയായിട്ടില്ല ഇതുവരെയും." ഈ അഭിപ്രായം ഉണ്ടാകാൻ കാരണം അമ്മയുടെയും ആങ്ങളയുടെയും എന്നുമുള്ള അന്വേഷണവും ഫോൺ കോളുകളുമാണെന്ന് അവൾ വ്യക്തമായി ഓർത്തുപറഞ്ഞു. കൂടെ വന്ന മാതാപിതാക്കളോട്, 'ഇനി ഉത്തരയ്ക്ക് എന്തെങ്കിലും നിങ്ങളോടു പറയാനുണ്ടെങ്കിൽ അങ്ങോട്ടു വിളിച്ചോളും. എല്ലാ ദിവസവുമുള്ള ഫോൺവിളി നിർത്താൻ' നിർദേശിച്ചുവിട്ടു.

ഉത്തരയോടു സംസാരിച്ചപ്പോൾ മനസ്സിലായത് ചെറുപ്പംമുതലേ അവൾക്ക് സ്വന്തമായി ഒരു തീരുമാനവും ഇല്ലായിരുന്നു; എപ്പോഴും മറ്റുള്ളവരുടെ തീരുമാനങ്ങൾക്കു വഴങ്ങുകയായിരുന്നുവെന്നാണ്. അവിടെ മനഃശാസ്ത്രജ്ഞനായ ഫ്രോയിഡിന്റെ വ്യക്തിത്വത്തെക്കുറിച്ചുള്ള വിശകലനം പ്രസക്തമാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇദ്ദ്, ഈഗോ, സൂപ്പർ ഈഗോ എന്നീ മൂന്നു ഘടകങ്ങളുടെ സമന്വയമാണ് വ്യക്തിത്വം. അതുപോലെ, ഈ മൂന്നു ഘടകങ്ങളുടെ പരസ്പരപ്രവർത്തനത്തിന്റെ പൂർണരൂപം അല്ലെങ്കിൽ ആകെത്തുകയാണ് വ്യക്തിയുടെ സ്വഭാവം.

**ജന്മവാസന അല്ലെങ്കിൽ ഇദ്ദ്**

വ്യക്തിത്വത്തെ വളരെയധികം സ്വാധീനിക്കുന്ന ഇദ്ദ്, ഗാഢമായ അബോധാവസ്ഥയിലാണു സ്ഥിതി ചെയ്യുന്നത്. ഒരു വ്യക്തിയുടെ എല്ലാ മാനസികപ്രവർത്തനങ്ങളും ഇദ്ദിലാണ് അടങ്ങിയിരിക്കുന്നത്. ജന്തുസഹജമായ ആഗ്രഹങ്ങളും മൃഗീയതയും കാട്ടാളത്തവും ഇതിലുണ്ട്. വിജ്ഞാനംകൊണ്ടോ തത്ത്വംകൊണ്ടോ ഇതിനെ നിയന്ത്രിക്കാൻ സാധിക്കില്ല. അതുപോലെ നീതിബോധമോ, സദാചാരബോധമോ ഇതിനു ബാധകമല്ല. ആനന്ദവും വൈകാരിക ആഗ്രഹങ്ങളുടെ പൂർത്തീകരണവും മാത്രമാണിതിനുള്ളത്. വികാരാവേശങ്ങളെ അടക്കിവയ്ക്കാനാവില്ല. ഏതെങ്കിലും വികാരം അല്ലെങ്കിൽ ഇഷ്ടം ഉണ്ടായാൽ അതു നേടിയെടുക്കാൻ, അതിനെ തൃപ്തിപ്പെടുത്താൻ ഏതു മാർഗവും സ്വീകരിക്കുന്ന അതിസമർത്ഥനായ ഒരു പിടിവാശിക്കാരനാണ് ഇദ്ദ്. ഉദാഹരണത്തിന് കൊച്ചുകുട്ടികൾക്ക് ഭക്ഷണം, ഉറക്കം, കളി എന്നിവയാണ് പ്രധാനം. വിശന്നാൽ സാഹചര്യം നോക്കാതെ ഉറക്കെക്കരയും, ഉറക്കം വന്നാൽ ഉറങ്ങണം. പറ്റുന്നില്ലെങ്കിൽ ബഹളമുണ്ടാക്കും. കളിക്കാൻ തോന്നുമ്പോൾ രാത്രിയെന്നോ പകലെന്നോ ഇല്ല. കളിക്കണം. ഇതുപോലെ ഏതൊരാവശ്യവും ഉടൻ പൂർത്തീകരിച്ച് ആനന്ദിക്കണം എന്ന ലക്ഷ്യമേ ഇദ്ദ്-ന് ഉള്ളൂ. ഇവിടെ കൊച്ചുകുട്ടികളുടെ ഏതൊരാവശ്യവും സാധിച്ചുകൊടുക്കുമ്പോൾ അവർക്ക് മാനസികവളർച്ചയുണ്ടാകുന്നില്ല. ചെറുപ്പത്തിൽത്തന്നെ ആവശ്യമായവ ഒരു ക്രമത്തിൽ നൽകുകയും നല്ല ശിക്ഷണവും അച്ചടക്കബോധവും കുട്ടികൾക്കു കിട്ടുകയും ചെയ്താൽ അവർ പ്രശ്നങ്ങളെ ഒരു ക്രമത്തിൽ നൽകുകയും നല്ല ശിക്ഷണവും അച്ചടക്കബോധവും കുട്ടികൾക്കു കിട്ടുകകും ചെയ്താൽ അവർ പ്രശ്നങ്ങളെ നേരിടാൻ പ്രാപ്തരാകും. അതുപോലെ പെട്ടെന്നുണ്ടാകുന്ന വികാരങ്ങളെ വിവേകപൂർവം കൈകാര്യം ചെയ്യുവാൻ പഠിക്കും.

**അഹന്ത അല്ലെങ്കിൽ ഈഗോ**

ഇദ്ദിൽനിന്നാണ് ഈഗോ രൂപം പ്രാപിക്കുന്നത്. ഇദ്ദിന്റെ ആവേശങ്ങൾക്കുനേരേ തടസ്സങ്ങൾ ഉണ്ടാക്കി, സാഹചര്യവുമായി ഇണങ്ങിച്ചേരാൻ വ്യക്തിയെ പ്രാപ്തമാക്കുകയാണ് ഈഗോയുടെ ധർമം. കാത്തിരിക്കാനും തോന്നുമ്പോൾ തോന്നുന്നതുപോലെ എന്ന രീതി മാറ്റി തോന്നിയാലും ഉചിതമായ സമയത്തു ചെയ്യുവാനും ഈഗോ നമ്മെ പഠിപ്പിക്കുന്നു. ഉദാ. ഒരു കുഞ്ഞ്, ഈഗോയുടെ നിർദേശം ശ്രവിക്കാൻ തക്കവിധം ആയിക്കഴിഞ്ഞ് മൂത്രമൊഴിക്കണം എന്നു തോന്നുമ്പോഴേ അതു ചെയ്യാൻ മുതിരില്ല. കാരണം, ഈഗോ നിർദേശിക്കും: നാണക്കേട്. ശിക്ഷ കിട്ടാനുള്ള സാധ്യത. അടുത്തെങ്ങും ഇതിനുള്ള സൗകര്യം ഇല്ല. ഇങ്ങനെയുള്ള കാര്യങ്ങൾ ഓർമിച്ച് കാത്തിരിക്കാൻ പ്രേരിപ്പിക്കും. അതുപോലെ വിശക്കുമ്പോഴും കരയുന്ന സ്വഭാവത്തിൽനിന്ന് സമയം ആകട്ടേയെന്നും, ഭക്ഷണം കഴിക്കുന്ന സ്ഥലം ആകട്ടേയെന്നും ഈഗോ ഓർമിപ്പിക്കുന്നു. ഇങ്ങനെ ഇദ്ദിന്റെ ആവേശങ്ങളെ യുക്തിപൂർവം കൈകാര്യം ചെയ്യാൻ ഈഗോ പ്രേരിപ്പിക്കും. ഇദ്ദ് ആനന്ദം ആഗ്രഹിക്കുന്നുവെങ്കിൽ ഈഗോ വാസ്തവത്വം ആഗ്രഹിക്കുന്നു. അതിലേക്കു നയിക്കുന്നു.

**സന്മാർഗബോധം അഥവാ സൂപ്പർ ഈഗോ**

ഈഗോയെ കുറച്ചുകൂടി ക്രമീകരിച്ചുകൊണ്ടുവരികയാണ് സൂപ്പർ ഈഗോയുടെ ജോലി. ജീവിതപരിചയത്തിലൂടെയാണ് വ്യക്തിയുടെ ജീവിതശീലങ്ങൾ രൂപപ്പെടുന്നത്. കുട്ടികളെ നിയന്ത്രിക്കുന്നതും ശിക്ഷിക്കുന്നതും ഉപദേശിക്കുന്നതും മുതിർന്നവരാണല്ലോ. അതുകൊണ്ട് അവരും കുട്ടികളും തമ്മിലുള്ള ബന്ധത്തിൽനിന്നാണ് സൂപ്പർ ഈഗോ രൂപം പ്രാപിക്കുന്നത്. നല്ലതു ചെയ്യുമ്പോൾ പ്രോത്സാഹനവും അരുതാത്തതു ചെയ്യുമ്പോൾ ശിക്ഷയും കിട്ടുന്നതിലൂടെ, സാധാരണകുട്ടികൾ നല്ല കാര്യങ്ങൾ ചെയ്യാൻ പഠിക്കുന്നു. മോശമായി പറയപ്പെടുന്നവയെ ഒഴിവാക്കാനും ശീലിക്കുന്നു.

ചുരുക്കത്തിൽ, നല്ലതും ചീത്തയും തമ്മിൽ വേർതിരിക്കുന്ന മാതാപിതാക്കളുടെ രീതിയോടു സമീകരണം നടത്താൻ ശ്രമിക്കുന്നതിന്റെ ഫലമായി ഈഗോയിൽനിന്നു രൂപം പ്രാപിക്കുന്നതാണ് സൂപ്പർ ഈഗോ. ഇദ്ദ്, ഈഗോ, സൂപ്പർ ഈഗോ എന്നീ മൂന്നു ഘടകങ്ങളുടെയും പരസ്പരപ്രവർത്തനങ്ങളാണ് വ്യക്തിയുടെ വ്യവഹാരങ്ങൾക്ക് ആധാരം.

ഇത്രയും കാര്യങ്ങൾ ഇവിടെ പറഞ്ഞത് ഇന്നുള്ള കുടുംബങ്ങളിൽ ഉത്തരയെപ്പോലുള്ള പെൺകുട്ടികളും ആൺകുട്ടികളും ധാരാളമുണ്ട്. തന്റെ മനഃസാക്ഷി എപ്പോഴും കുറ്റപ്പെടുത്തുന്നതുകൊണ്ട് യോഗ്യരായിട്ടും ഒന്നും ചെയ്യാതെ വെറുതെയിരിക്കുന്നവർ. ഇവരുടെ ബാല്യകാലങ്ങളിലേക്കു തിരിയുമ്പോൾ മിക്കവരും മറ്റുള്ളവരുടെ തീരുമാനങ്ങൾക്കു ബലിയാടാക്കപ്പെട്ടവരാകാം.

അതുകൊണ്ട് ചെറുപ്പംമുതലേ കുട്ടികൾക്കു സ്വന്തം കാര്യങ്ങൾ ചെയ്യാൻ, സ്വയം അഭിപ്രായമുള്ളവരാകാൻ, അതുപോലെ തങ്ങളുടെ അഭിപ്രായങ്ങളെ മറ്റുള്ളവരുടെ അഭിപ്രായങ്ങളോടു കാര്യകാരണസഹിതം ലയിപ്പിക്കാൻ, അവരെ പരിശീലിപ്പിക്കുന്നതിൽ മാതാപിതാക്കളുടെ പങ്ക് വളരെ വലുതാണ്. കാര്യകാരണസഹിതം ഇന്ന് മാതാപിതാക്കൾ തിരുത്തിയില്ലെങ്കിൽ, മുതിർന്നുകഴിയുമ്പോൾ അവരിലെ മൃഗീയവാസനകൾ ഉണരാൻ സാധ്യതയുണ്ട്. അതുകൊണ്ട് പ്രിയ മാതാപിതാക്കളേ, നല്ല പൗരന്മാരെ സമൂഹത്തിനു പ്രദാനം ചെയ്യാൻ മുതിർന്നവർ കുട്ടികളോടുകൂടെ ഉണ്ടാവണം.

അവരുടെ ഭാവങ്ങളെ തിരിച്ചറിഞ്ഞ് പ്രോത്സാഹനവും ശിക്ഷണവും നൽകാൻ മടിക്കരുതേ. എന്നാൽ, എപ്പോഴും പ്രോത്സാഹനം ശിക്ഷകൾക്കു മുകളിൽ നിൽക്കണം.

■

# തിന്മയോടു സന്ധി ചെയ്തോ സ്വീകാര്യനാകുന്നത്?



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**കർദിനാൾ റോബർട്ട് സറായുടെ 'എന്നന്നേക്കും' (For the Eternity) എന്ന ഗ്രന്ഥം പങ്കുവയ്ക്കുന്ന പൗരോഹിത്യചിന്തകളുടെ അവലോകനം**

**XIII**

**പ**രിശുദ്ധപിതാവ് ഫ്രാൻസീസ് മാർപാപ്പാ മിശിഹായുടെ പീഡാസഹനത്തെയും ഉത്ഥാനത്തെയുംകുറിച്ച് എബ്രായലേഖനം പത്താം അധ്യായം അടിസ്ഥാനമാക്കി നല്കുന്ന വിശുദ്ധവാര പരിചിന്തനങ്ങളാണ് ഈ അധ്യായത്തിൽ വിശദമാക്കുന്നത്.

''അതിനാൽ, എന്റെ സഹോദരരേ, ഈശോയുടെ രക്തത്താൽ അതിവിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കാൻ ആത്മധൈര്യം നമുക്കുണ്ട്. തന്റെ ശരീരമാകുന്ന തിരശ്ശീലയിലൂടെ അവൻ ഇപ്പോൾ നമുക്കു ജീവന്റെ പുതുവഴി തുറന്നുതന്നിരിക്കുന്നു. ദൈവഭവനത്തിന്റെ അധ്യക്ഷനായി ഒരു പ്രധാനാചാര്യനും നമുക്കുണ്ട്. അതിനാൽ, ദുഷ്ടമനസ്സാക്ഷിയിൽനിന്നു തളിച്ച് ശുദ്ധീകരിക്കപ്പെട്ട നമ്മുടെ ഹൃദയങ്ങളോടും വിശുദ്ധജലത്താൽ കഴുകപ്പെട്ട നമ്മുടെ ശരീരങ്ങളോടും സത്യമായ ഹൃദയത്തോടും വിശ്വാസത്തിന്റെ പ്രതീക്ഷയോടുംകൂടെ നമുക്ക് അടുത്തുചെല്ലാം. നമ്മുടെ പ്രത്യാശ ഏറ്റുപറയുന്നതിൽ അചഞ്ചലമായി നമുക്ക് ഉറച്ചുനിൽക്കാം. നമ്മോടു വാഗ്ദാനം ചെയ്തവൻ വിശ്വസ്തനാണല്ലോ. സ്നേഹിക്കാനും സത്പ്രവൃത്തികൾ ചെയ്യാനും എങ്ങനെ അന്യോന്യം പ്രോത്സാഹിപ്പിക്കാം എന്നു നമുക്കു ചിന്തിക്കാം. ചിലർ ചെയ്യാറുള്ളതുപോലെ ഒരുമിച്ചുകൂടുന്നതിൽ നാം വീഴ്ച വരുത്തരുത്. ആ ദിനം അടുത്തുവരുന്നതനുസരിച്ച് നാം അന്യോന്യം ഉത്തേജിപ്പിക്കണം... നമ്മുടെ നാശത്തിലേക്കു നയിക്കുന്ന മന്ദതയുള്ളവരല്ല നമ്മൾ: നമുക്കു നിത്യജീവൻ നല്കുന്ന വിശ്വാസുള്ളവരാണു നമ്മൾ." (ഹെബ്രാ. 10: 19-25 & 39).

ഈ തിരുവചനഭാഗത്തിന് പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപാപ്പാ നല്കുന്ന വ്യാഖ്യാനമാണ് ചുവടെ ചേർക്കുന്നത്.

ആത്മധൈര്യത്തെയും ആത്മാർത്ഥതയെയും വിശ്വാസനിറവിനെയും പ്രത്യാശയിലുള്ള സ്ഥൈര്യത്തെയും പരസ്നേഹപ്രവൃത്തികൾക്കായുള്ള ഉൾപ്രേരണകളെയുംകുറിച്ചെല്ലാം ഇവിടെ എടുത്തുപറയുന്നുണ്ട്. ഈ മൂല്യങ്ങൾക്കെല്ലാം ഈശോയുടെ തിരുരക്തത്തോടും അവിടുത്തെ ശരീരത്തോടുമാണ് നമ്മൾ കടപ്പെട്ടിരിക്കുന്നത് എന്ന് പരിശുദ്ധപിതാവ് വ്യക്തമാക്കുന്നു. ഈശോയുടെ മുറിവേല്പിക്കപ്പെട്ടതും മഹത്ത്വീകൃതവുമായ ശരീരത്തെക്കുറിച്ചാണ് അവിടുത്തെ പീഡാനുഭവവും തിരുവുത്ഥാനവും നമ്മെ ഓർമിപ്പിക്കുന്നത്. വിശുദ്ധവാരത്തിന്റെ പശ്ചാത്തലമാണ് ഈ ദിവ്യരഹസ്യങ്ങൾ ധ്യാനിക്കാൻ ഏറ്റവും ഉചിതമായ അവസരമെന്നും ഫ്രാൻസീസ് മാർപാപ്പാ നിരീക്ഷിക്കുന്നുണ്ട്.

**പീഡാനുഭവം**

പാപം വരുത്തിവയ്ക്കുന്ന അരക്ഷിതാവസ്ഥയ്ക്ക് ഏകപരിഹാരം കർത്താവിന്റെ ഉത്ഥാനം നല്കുന്ന പ്രത്യാശയാണ്. വിശുദ്ധ ഇഗ്നേഷ്യസ് ലയോള പറയുന്നു; നമ്മുടെ പാപങ്ങൾക്കുവേണ്ടിയാണ്



കർത്താവ് പീഡകൾ സഹിച്ചത്. ഇക്കാര്യം നമ്മളിൽ ദുഃഖവും വേദനയും കണ്ണുനീരും ഉളവാക്കണമെന്നും വി. ഇഗ്നേഷ്യസ് പറയുന്നുണ്ട്. കർത്താവിന്റെ മനുഷ്യത്വത്തിലുള്ള സഹനത്തിലൂടെയാണ് അവിടുത്തെ ദിവ്യത്വത്തെ നമ്മൾ സമീപിക്കുന്നതെന്ന് പരിശുദ്ധ പിതാവ് പ്രസ്താവിക്കുന്നു. എല്ലാവർക്കുംവേണ്ടി ഈശോ മരണം കൈവരിച്ചതിനാൽ മഹത്ത്വവും ബഹുമാനവുംകൊണ്ട് അവനെ മകുടമണിയിച്ചിരിക്കുന്നു (എബ്രയാ. 2.9). "അറക്കപ്പെട്ട കുഞ്ഞാട് ശക്തിയും സമ്പത്തും ജ്ഞാനവും സ്തുതിയും സ്വീകരിക്കാൻ അർഹനാകുന്നു(വെളി. 5,12)."

**പൗരോഹിത്യം**

മിശിഹായുടെ പൗരോഹിത്യമാനങ്ങളാണ് നാം ഇവിടെ ദർശിക്കുന്നത്. കുരിശിലെ ബലിവഴി പിതാവിന്റെ പക്കൽ മനുഷ്യകുലത്തിനായി മധ്യസ്ഥതവഹിച്ചുകൊണ്ട് ഉത്ഥിതനായ മിശിഹാ എന്നന്നേക്കും പുരോഹിതനായി പിതാവിനോടൊപ്പം മഹത്ത്വത്തിൽ വാഴുന്നു.

പരിശുദ്ധ പിതാവിന്റെ ഈ പരിചിന്തനങ്ങൾക്കു തുടർച്ചയെന്നോണം കർദിനാൾ റോബർട്ട് സറാ നല്കുന്ന പ്രശസ്തമായ നിരീക്ഷണങ്ങൾ വളരെ ശ്രദ്ധേയമാണ്.

പഴയ നിയമത്തിലെ പൗരോഹിത്യവും ബലിയർപ്പണവും അപൂർണമായിരുന്നു. എബ്രായലേഖനം അസന്ദിഗ്ധമായി പറയുന്നു: പുതിയ നിയമത്തിൽ ഒരൊറ്റ പുരോഹിതനേയുള്ളൂ. അത് മിശിഹായാണ്. ഒറ്റബലിയേ ഉള്ളൂ. അത് ഗാഗുൽത്തായിലെ കുരിശിലാണ് അർപ്പിക്കപ്പെട്ടത്. ഈ ബലി മാത്രമാണ് രക്ഷാകരമായിട്ടുള്ളത്. ഈ പൗരോഹിത്യം മിശിഹാ സ്വയം ഏറ്റെടുത്തതല്ല. അത് പിതാവിനോടുള്ള അനുസരണത്തിന്റെ ഫലമാണ്.

"നല്ല പുത്രനായിരുന്നിട്ടും അനുഭവിച്ച ഭയവും സഹനവുംവഴി അവൻ അനുസരണം അഭ്യസിച്ചു" (ഹെബ്രാ. 5,8). പരിശുദ്ധാത്മാവിന്റെ നിരന്തരസാന്നിധ്യവും നമ്മുടെ കർത്താവിന്റെ ജീവിതത്തിലുടനീളം ഉണ്ടായിരുന്നു.

**പൗരോഹിത്യത്തിലെ ഭാഗഭാഗിത്വം**

ഈ പൗരോഹിത്യത്തിലാണ് മെത്രാന്മാരും വൈദികനും പങ്കുകാരാകുന്നതെന്നും അവർ പരിശുദ്ധാത്മാവിന്റെ ദിവ്യാഗ്നിയാൽ മിശിഹായോടു താദാത്മ്യം പ്രാപിക്കാനായി രൂപാന്തരപ്പെടണമെന്നും കർദിനാൾ സറാ ഓർമിപ്പിക്കുന്നു. വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നതുപോലെ മിശിഹായുടെ സഹനത്തോടും മരണത്തോടുമാണ് പുരോഹിതൻ ഐക്യപ്പെടേണ്ടത്.

പ്രവർത്തനത്തെക്കാൾ മിശിഹായോടൊപ്പം സഹിക്കുവാനാണ് വൈദികൻ വിളിക്കപ്പെട്ടിരിക്കുന്നത്. "മിശിഹായിൽ വിശ്വസിക്കുവാൻ മാത്രമല്ല അവനുവേണ്ടി പീഡ സഹിക്കാനും നിങ്ങൾക്കു വരം ലഭിച്ചിരിക്കുന്നു" (ഫിലിപ്പി. 1: 29). പുരോഹിതൻ മികച്ച സംഘാടകനും സാമൂഹികപ്രവർത്തകനും മാറ്റങ്ങൾക്കു നേതൃത്വം നല്കുന്നവനുമൊക്കെ ആയിരിക്കണമെന്ന പൊതുബോധത്തെയാണ് ഫ്രാൻസീസ് പാപ്പാ തിരുത്തിയെഴുതുന്നതെന്ന് കർദിനാൾ സറാ പ്രസ്താവിക്കുന്നു.

കൃതഘ്നതയുടെയും ശത്രുതയുടെയും ദൈവനിന്ദയുടെയും ദൈവത്തോടുള്ള ശത്രുതാമനോഭാവത്തിന്റെയും ഈ ലോകത്ത് ഇതെല്ലാം കണ്ടു വേദനിക്കുന്നവനായിരിക്കണം വൈദികൻ. ക്രൂശിതനായ മിശിഹാ ഓരോ പുരോഹിതനിലും സന്നിഹിതനാണ്. കർദിനാൾ സറാ പ്രത്യേകമായി, രോഗികളും ശയ്യാവലംബികളുമായ വൈദികരെ ഓർമിക്കുന്നു. രോഗിയും ശയ്യാവലംബിയുമായ വൈദികൻ കർത്താവിനോടൊപ്പം സഹിക്കുമ്പോൾ സഭയ്ക്ക് മുതൽക്കൂട്ടാണ്. അവന്റെ ജീവിതം നിഷ്ഫലമല്ല; ഫലദായകമാണ്. നേരേ മറിച്ച്, ജനത്തിന്റെ കൈയടിയും പ്രശംസയും മാത്രം ലക്ഷ്യംവച്ചു പ്രവർത്തിക്കുന്ന ആരോഗ്യവാനായ വൈദികന്റെ പ്രവർത്തനബഹുലമായ ജീവിതമാണ് നിരർത്ഥകവും നിഷ്ഫലവുമായിത്തീരുന്നത്. ഈ പറഞ്ഞതിനർത്ഥം വൈദികരുടെ തീക്ഷ്ണതയും പ്രവർത്തനചാതുരിയും അസ്ഥാനത്താണെന്നല്ല. എല്ലാം ദൈവത്തിന്റെ തിരുവിഷ്ടത്തിനു നിരന്തരം സമർപ്പിച്ചുകൊണ്ടു പ്രാർത്ഥനാരൂപിയിൽ വേണം എല്ലാം നിർവഹിക്കുവാൻ എന്നാണ് കർദിനാൾ ഉദ്ദേശിക്കുന്നത്. പ്രകീർത്തിക്കപ്പെടുമ്പോൾ പുരോഹിതൻ അസ്വസ്ഥനാകണം. ഗാഗുൽത്തായിലേക്കു കുരിശും വഹിച്ചുകൊണ്ട് നടന്നുനീങ്ങിയ നമ്മുടെ കർത്താവിന് ആരും ജയ് വിളിച്ചില്ല; പരിഹാസവും നിന്ദനവുമാണ് അവിടുന്ന് ഏറ്റുവാങ്ങിയത്. തിന്മയോടു സന്ധി ചെയ്യുന്നതുകൊണ്ടാണോ നമ്മൾ സ്വീകാര്യരാകുന്നതെന്നു വൈദികർ ആത്മശോധന ചെയ്യണമെന്ന് കർദിനാൾ സറാ നിരീക്ഷിക്കുന്നു.

വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പാ പൗലോസ് ശ്ലീഹായെ ഉദ്ധരിച്ചുകൊണ്ടു പറയുന്നു: "വൈദികർ കർത്താവിന്റെ ദാസന്മാരും ദൈവികരഹസ്യങ്ങളുടെ കാര്യസ്ഥന്മാരുമാണ്." 'ദാനവും രഹസ്യവും' എന്ന പേരിൽ പൗരോഹിത്യസുവർണജൂബിലിയുടെ അവസരത്തിൽ പ്രസിദ്ധീകരിച്ച പുസ്തകത്തിലാണ് വി. ജോൺ പോൾ രണ്ടാമൻ ഈ ദർശനങ്ങൾ പങ്കുവയ്ക്കുന്നത്. വൈദികന്റെ കടമ ഉടമയാകാനല്ല, കാര്യസ്ഥനാകാനാണെന്ന് അവിടെ എടുത്തുപറയുന്നുണ്ട്. ഈ വിചിന്തനങ്ങൾ സമാപിപ്പിച്ചുകൊണ്ട് കർദിനാൾ റോബർട്ട് സറാ എഴുതുന്നു: "പുരോഹിതന്മാർ ദൈവശാസ്ത്രത്തിലും വചനപ്രഘോഷണകലയിലും അജപാലകരീതികളിലും പ്രാഗല്ഭ്യം നേടണം. എന്നാൽ, ഈ കഴിവുകൾ ദൈവവരപ്രസാദധാരയിൽ സദാ പ്രചോദിതമായിരിക്കണം. അല്ലാതെ അവ ഫലം പുറപ്പെടുവിക്കില്ല."

■

**ശ്രേഷ്ഠമലയാളം**

ഡോ. ഡേവിസ് സേവ്യർ

## തൊട്ടാവാടി



നിലത്തു പടരുന്ന ഒരുവക ചെറിയ മുൾച്ചെടിയാണ് തൊട്ടാവാടി. തൊട്ടാലുടനെ ഇലകൾ അടഞ്ഞു കൂമ്പുന്നതിനാൽ തൊട്ടാവാടിക്ക് ഈ പേർ സിദ്ധമായി. തീണ്ടാർമാഴി, തീണ്ടാവാടി എന്നീ പേരുകളിലും ഇതറിയപ്പെടുന്നു. അലംബുഷ, ഖരത്വക്ക്, ഖദിരി, ഗണ്ഡമാലിക, ലജ്ജാലു, സങ്കോചി, നമസ്കാരി, സഹസ്രാർദ്ധ മുതലായവ തൊട്ടാവാടിയുടെ പര്യായങ്ങളാണ്. ബ്രസീൽ ജന്മദേശമായ Fabaceac എന്ന കുടുംബത്തിൽപ്പെട്ട ചെടിയാണ് തൊട്ടാവാടി. അതുകൊണ്ട് ഇതിനെ ഒരു അധിനിവേശസസ്യമായി കരുതുന്നു. ശൈലി എന്ന നിലയിലും തൊട്ടാവാടി എന്ന പദം പ്രസിദ്ധമാണ്. എളുപ്പം ക്ഷീണിക്കുന്നവൻ, വേഗം മുഷിയുന്നവൻ, പെട്ടെന്നു വികാരം കൊള്ളുന്നവൻ, ദുർബലഹൃദയമുള്ളവൻ, വിപരീതാനുഭവങ്ങളെ സഹിക്കാൻ കഴിയാത്തവൻ തുടങ്ങിയ വിവക്ഷിതങ്ങൾ തൊട്ടാവാടി എന്ന ശൈലിക്കുണ്ട്. സ്ത്രീലിംഗവിവക്ഷിതത്തിലും ഇവയെല്ലാം പ്രയോഗിക്കാം.

തൊട്ടാൽ + വാടി, സന്ധി ചെയ്യുമ്പോൾ തൊട്ടാവാടി എന്നാകും. 'വകാരപൂർവകമായ ല(ൽ)കാരം സന്ധിയിൽ ലോപിക്കാം'* എന്ന നിയമമനുസരിച്ചാണ് തൊട്ടാൽവാടി, തൊട്ടാവാടിയാകുന്നത്. തൊട്ടാൽ + വാടി = തൊട്ടാവാടി. കുരൽവള (കണ്ഠനാളം) കുരവളയാകുന്നതും ഇതേ നയമനുസരിച്ചു തന്നെ. വ്യഞ്ജനം പരമാകുമ്പോൾ പൂർവപദാന്തവ്യഞ്ജനം ലോപിക്കുന്ന പ്രവണതയായി ഈ മാറ്റത്തെ കണക്കാക്കാം. വാമൊഴിയിൽ സംഭവിക്കുന്ന വികാരം വരമൊഴിയിലെത്തുമ്പോൾ അതിനു മാനകത്വം കൈവരുന്നു. കടൽപ്പുറം കടപ്പുറമാകുന്നതിന്റെ പിന്നിലും മേൽപ്പറഞ്ഞ തത്ത്വമാണുള്ളത്. 2012 ൽ പുറത്തിറങ്ങിയ ഡയമണ്ട് നെക്ളെയ്സ് എന്ന ചിത്രത്തിനുവേണ്ടി റഫീക്ക് അഹമ്മദ് എഴുതിയ, തൊട്ട് തൊട്ട് തൊട്ടുനോക്കാമോ ഒന്നു തൊട്ടാവാടി നിന്നെ/ വിട്ട് വിട്ട് പോകാതെ എന്നും ചുറ്റിടാമോ നിന്നെ** എന്ന ഗാനത്തിൽനിന്ന് തൊട്ടാവാടിയുടെ എഴുത്തുപാഠം മനസ്സിലാക്കാം.

*ലത, വി. നായർ, എൻ.ആർ. ഗോപിനാഥപിള്ളയുടെ കൃതികൾ, സമ്പാദനം, വാല്യം രണ്ട്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം - 37.

**റഫീക്ക് അഹമ്മദ്, റഫീക്ക് അഹമ്മദിന്റെ ചലച്ചിത്രഗാനങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2019, പുറം -127.



# സഹനവഴിയിലെ പുണ്യനക്ഷത്രം



ഡോ. സിറിയക് തോമസ്

ഇന്ത്യയിൽ ഇന്ത്യാക്കാരിൽനിന്ന് ആദ്യമായി പുണ്യപദവിയിലേക്കുയർത്തപ്പെട്ടതിന്റെ ബഹുമതി അൽഫോൻസാമ്മയ്ക്കു സ്വന്തമാണ്. പിന്നീടു പുണ്യവാന്മാരും പുണ്യവതികളും പലരുണ്ടായി. ചാവറയച്ചനും എവുപ്രാസ്യാമ്മയും മറിയം ത്രേസ്യാ മ്മയും മദർ തെരേസയും ഒടുവിൽ കന്യാകുമാരിയിൽനിന്നു ദേവസഹായംപിള്ളയുമൊക്കെ അൾത്താരവണക്കത്തിനു പേരുവിളിക്കപ്പെട്ടവരാണ്. വാഴ്ത്തപ്പെട്ടവരും ധന്യരും ദൈവദാസന്മാരുമായി ഒട്ടേറെ വിശുദ്ധാത്മാക്കൾ തിരുസ്സഭയുടെ നടപടിക്രമങ്ങളിലൂടെയുള്ള വിശുദ്ധപദപ്രഖ്യാപനത്തിന്റെ പാതയിലുമുണ്ട്.

Rome Moves Slow എന്നതിനർത്ഥം അത്രമേൽ സൂക്ഷ്മവും കർക്കശവുമായ വിദഗ്ധപരിശോധനകൾക്കുശേഷമാണ് സഭയുടെ ഔപചാരികമായ നടപടിക്രമങ്ങൾ പൂർത്തിയാവുന്നതെന്നുള്ളതാണ്. പരിശുദ്ധപിതാവിനുപോലും സങ്കീർണമായ സഭാനടപടിക്രമങ്ങളിൽ ഇടപെടുന്നതിനു പരിമിതികളുണ്ടെന്നർത്ഥം.

സഭ പേരുവിളിച്ചാലും ഇല്ലെങ്കിലും വിശ്വാസികൾ യഥാർത്ഥ വിശുദ്ധരെ അവരുടെ തലത്തിൽ തിരിച്ചറിയുന്നുവെന്നാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. അൽഫോൻസാമ്മ ജീവിച്ചിരിക്കെത്തന്നെ അവർ ഒരു യഥാർത്ഥപുണ്യവതിയെന്നു വിശ്വസിച്ചിരുന്ന വലിയൊരു വിശ്വാസിസമൂഹം ഉണ്ടായിരുന്നുവെന്നതാണു സത്യം. രോഗംകൊണ്ടു വലഞ്ഞ അന്നക്കുട്ടിയുടെ യാതനകളും കഷ്ടപ്പാടുകളും സമൂഹവും തിരിച്ചറിഞ്ഞിരുന്നുവെന്നതാണ് അവളുടെ മരണത്തെത്തുടർന്നു ദിവസങ്ങൾക്കകം തന്നെ അവളുടെ കബറിടത്തിൽ വിശ്വാസികൾ സ്വമനസ്സാലേ പുഷ്പങ്ങളർപ്പിക്കാനും മെഴുകുതിരി കത്തിക്കാനും മുന്നോട്ടുവന്നതിന്റെ പിന്നാമ്പുറം. അതൊന്നും ആരുടെയും പ്രേരണയിലായിരുന്നില്ലല്ലോ. ജനഹിതം ദൈവഹിതമായതിന്റെ മറ്റൊരുദാഹരണമായിരുന്നു അൽഫോൻസാമ്മയുടെ പുണ്യപദപ്രാപ്തി എന്നു പറയുന്നതിലും അശേഷം അതിശയോക്തിയില്ല എന്നതാണു സത്യം.

അൽഫോൻസാമ്മ ആർപ്പൂക്കരയിൽ മുട്ടത്തുപാടത്താണു ജനിച്ചതെങ്കിലും വളർന്നതും പഠിച്ചതും മുട്ടുചിറയിലെ മുരിക്കൻകുടുംബത്തിൽ താമസിച്ചുകൊണ്ടായിരുന്നല്ലോ. മുരിക്കൻ പേരമ്മയുടെ ശാസനാശിക്ഷാക്രമങ്ങളുടെ കാർക്കശ്യത്തെക്കുറിച്ച് അൽഫോൻസാമ്മയുടെ മിക്കവാറും ജീവചരിത്രകാരന്മാർ ഭാവനാപൂർണമായ പല കഥകളും സൃഷ്ടിച്ചിട്ടുണ്ടെന്നതിൽ തർക്കമൊന്നുമില്ല. അക്കാലത്തെ ഏതൊരു യാഥാസ്ഥിതികതറവാട്ടമ്മയെയുംപോലെ മുരിക്കൻപേരമ്മയും അന്നക്കുട്ടിയുടെമേൽ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടാവുമെന്നതിൽ രണ്ടു പക്ഷമില്ല.

തന്റെ വാത്സല്യഭാജനമായിരുന്ന ഇളയസഹോദരി അപ്രതീക്ഷിതമായി അവൾക്കു സംഭവിച്ച ആസന്നമരണഭയചിന്തയിൽ വിശ്വാസപൂർവം തന്റെ കൈയിലേല്പിച്ച അന്നക്കുട്ടിയെന്ന സ്വന്തം അനന്തരവളെ മുട്ടുചിറയിലെ 'അമ്മ' സ്വന്തം ഹൃദയത്തോടു ചേർത്തു നിറുത്തി. അന്നക്കുട്ടിയുടെ സൽസ്വഭാവത്തിൽ മാത്രമല്ല, അവളുടെ സൗന്ദര്യത്തിലും മാതൃസഹോദരിക്ക് അനന്യമായ അഭിമാനമുണ്ടായിരുന്നു. പഠനത്തിലും അന്നക്കുട്ടി സമർത്ഥയായിരുന്നു. സ്വാഭാവികമായും അന്നത്തെ നാട്ടുനടപ്പനുസരിച്ചു കൗമാരപ്രായത്തിൽത്തന്നെ പെൺകുട്ടികൾക്കു വിവാഹാലോചനകൾ നടന്നിരുന്നതുകൊണ്ട് അന്നക്കുട്ടിക്ക് ഒട്ടനവധി ആലോചനകളെത്തി. പക്ഷേ, അവൾ അത്തരം ആലോചനകൾക്കെതിരേ മുഖം തിരിക്കുകയായിരുന്നു. പേരമ്മയുടെ നിർബന്ധം കലശലായതോടെ അവൾ അവരോട് കന്യാസ്ത്രീയാവാനുള്ള തന്റെ ഇംഗിതം വെളിപ്പെടുത്തി. അതോടെ കുടുംബാംഗങ്ങളെല്ലാവരും ഒറ്റക്കെട്ടായിനിന്ന് അവളുടെ തീരുമാനത്തെ പ്രതിരോധിക്കുകയായിരുന്നു. പക്ഷേ, ഒടുവിൽ എല്ലാവർക്കും അവളുടെ സുദൃഢമായ നിലപാടിനു മുമ്പിൽ വഴങ്ങേണ്ടിവന്നുവെന്നു പറയുന്നതാവും ശരി. ഭരണങ്ങാനം ക്ലാരമഠമാണ് അവൾ തനിക്കു ചേരാനായി തിരഞ്ഞെടുത്തത്. ഭരണങ്ങാനത്തും ചങ്ങനാശ്ശേരി വാഴപ്പള്ളി മഠത്തിലുമായിട്ടായിരുന്നു അവളുടെ സന്ന്യാസജീവിതപരിശീലനം. വാഴപ്പള്ളി മഠത്തിൽ തുടർന്നുകൊണ്ടാണ് അൽഫോൻസാമ്മ ടി.ടി.സി. പരിശീലനം പൂർത്തിയാക്കിയത്. കുറച്ചുകാലം മാത്രമേ അവൾ അധ്യാപനത്തിലേർപ്പെട്ടുള്ളൂ. അപ്പോഴേക്കും ചില രോഗങ്ങൾ അവളെ വല്ലാതെ കഷ്ടപ്പെടുത്തിത്തുടങ്ങിയിരുന്നു. സ്കൂൾ ജോലി വിട്ടിട്ടാണ് അവൾ സന്ന്യാസമഠത്തിന്റെ നാലു ചുവരുകൾക്കുള്ളിലേക്ക് ഉൾവലിഞ്ഞത്. ഉദരസംബന്ധമായ പ്രശ്നങ്ങൾ അൽഫോൻസാമ്മയെ വല്ലാതെ അലട്ടി. മുട്ടത്തുപാടത്തെ വീട്ടിൽ സ്വന്തം അപ്പനും രോഗാവസ്ഥയിലായതും അവളെ ഒട്ടൊന്നുമല്ല അസ്വസ്ഥപ്പെടുത്തിയത്. കഠിനമായ ഒറ്റപ്പെടലും മനോസംഘർഷങ്ങളും അവൾക്കും രോഗക്ലേശങ്ങൾ വർദ്ധിപ്പിച്ചതേയുള്ളൂ. രോഗം മൂർച്ഛിക്കുമ്പോഴൊക്കെ അവളതിനെ ദൈവം തനിക്കായി അയയ്ക്കുന്ന സ്നേഹസമ്മാനങ്ങളായിക്കാണാനാണു ശ്രമിച്ചത്. സാഹസികമായിത്തന്നെ അൽഫോൻസാമ്മ തന്റെ രോഗങ്ങളോടു യുദ്ധം ചെയ്തു. അക്കാലത്ത് ക്ലാരിസ്റ്റ് സന്ന്യാസിനീസമൂഹത്തിന്റെ മദർ ഉർസുലാമ്മ അൽഫോൻസാമ്മയോടു വലിയ കരുതലും പരിഗണനയും കാണിച്ചിരുന്നു. എന്നാൽ, അധികാരസ്ഥാനങ്ങളിലിരുന്ന ചുരുക്കം ചില സഹസന്ന്യാസിനികളിൽനിന്ന് അവൾക്കുണ്ടായ തിക്താനുഭവങ്ങൾ അവളെ വേദനിപ്പിക്കുകയും ചെയ്തു. എങ്കിലും, മഠത്തിലുള്ളവരിൽ പലരും അവളുടെ തീരാസഹനങ്ങളെ സഹാനുഭൂതിയോടെ കാണാൻ ശ്രമിച്ചിരുന്നത് അവൾക്ക് ആശ്വാസവും ധൈര്യവും നൽകിയെന്നതും എടുത്തുപറയേണ്ടതുണ്ട്.

അക്കാലത്തൊരിക്കലായിരുന്നു ചങ്ങനാശ്ശേരി ബിഷപ്പായിരുന്ന മാർ ജയിംസ് കാളാശ്ശേരിക്കു കടുത്ത പനി ബാധിച്ചത്. കാളാശ്ശേരിപ്പിതാവായിരുന്നല്ലോ അവൾ നവസന്ന്യാസിനിയായി വാഴപ്പള്ളിമഠത്തിലായിരിക്കേ മഠത്തിൽനിന്നു വീട്ടിലേക്കു പറഞ്ഞയയ്ക്കാൻ ശ്രമമുണ്ടായപ്പോൾ അതു തടഞ്ഞത്. സിസ്റ്ററിന്റെ സൗന്ദര്യവും സൽസ്വഭാവവും കണ്ടറിഞ്ഞ ഗുരുത്തിയമ്മതന്നെ (നോവിസ് മിസ്ട്രസ്) സ്വന്തം സഹോദരന്റെ മകനെക്കൊണ്ട് അൽഫോൻസാമ്മയെ വിവാഹം ചെയ്യിക്കാൻ അവളെ മഠത്തിൽനിന്നു തിരിയെ വീട്ടിലേക്കയയ്ക്കാൻ ശ്രമിച്ചുവെന്നുപോലുമുള്ള കഥകളുണ്ടായിട്ടുണ്ട്. ഇതൊന്നും അൽഫോൻസാമ്മയെ അധീരയാക്കുകയോ തളർത്തുകയോ ചെയ്തില്ല എന്നതാണു ശ്രദ്ധേയം. മഠം വിട്ടുപോകാൻ ഒരിക്കൽപ്പോലും അവൾ ആഗ്രഹിച്ചതുമില്ല. സഹനത്തിന്റെ കനൽവഴികളിലൂടെയാണ് അൽഫോൻസാമ്മ മരണവാതിലിലേക്കു സാവകാശം നടന്നുചെന്നതും സ്വർഗീയ വാസത്തിനായി ലോകത്തെ കടന്നുപോയതും.

ബിഷപ്പിനു കടുത്ത മലമ്പനി ബാധിച്ചുവെന്ന് മദർ ഉർസുലാമ്മയിൽനിന്നു മനസ്സിലാക്കിയ സിസ്റ്റർ അൽഫോൻസാ, പിതാവിന് ഒരുപാടു കാര്യങ്ങൾ ചെയ്യാനുണ്ടല്ലോയെന്നും താൻ ഏതായാലും രോഗശയ്യയിലായതിനാൽ പിതാവിന്റെ മലമ്പനി താൻ ഏറ്റെടുത്തിട്ട് പിതാവിന്റെ രോഗശാന്തിക്കായി താൻ ദൈവത്തോട് ഒരു നേർച്ച പ്രാർത്ഥന നടത്തട്ടേയെന്നു ചോദിച്ചുവെന്നും ഉർസുലാമ്മയുടെ മൗനാനുവാദത്തോടെ രാത്രി മുഴുവൻ അതിനായി പ്രാർത്ഥിച്ചുവെന്നും പിറ്റേന്നു രാവിലെയായപ്പോഴേക്കും സിസ്റ്ററിനു മലമ്പനി ബാധിച്ചുവെന്നും പിതാവിന്റെ പനി സുഖപ്പെട്ടുവെന്നും വിശ്വസനീയമായ മറ്റൊരു കഥയും അക്കാലത്തു 'വൈറൽ' ആയിരുന്നുവെന്നു കേട്ടിട്ടുണ്ട്. മദറിൽനിന്ന് ഈ സംഭവമറിഞ്ഞ കാളാശ്ശേരിപ്പിതാവ് ഭരണങ്ങാനം മഠത്തിൽ നേരിട്ടെത്തിയാണത്രേ അൽഫോൻസാമ്മയോടു നന്ദി പ്രകടിപ്പിച്ചത്. വിശ്വാസത്തിലും പ്രാർത്ഥനയിലും ഇതൊന്നും അസംഭവ്യമല്ലല്ലോ.

ഡൽഹിയിൽ ദേശീയന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനക്കമ്മീഷനിൽ അംഗമായിരിക്കേയാണ് മദർ തെരേസയെയും അൽഫോൻസാമ്മയെയും ചേർത്ത് 'The Mother and the Sister' എന്ന ഗ്രന്ഥം എഴുതാനിടയായത്. അതിൽ ഞാൻ കാളാശ്ശേരിപ്പിതാവിന്റെ രോഗം അൽഫോൻസാമ്മ നേർന്ന് ഏറ്റെടുത്ത കാര്യം പരാമർശിച്ചിരുന്നു. ഞങ്ങളുടെ കമ്മീഷനിൽ അംഗമായിരുന്ന സഫർ ആഗാ അലഹബാദിൽനിന്നുള്ള പ്രശസ്തനായ പത്രപ്രവർത്തകനും എഴുത്തുകാരനും, രാജീവ് ഗാന്ധിയുടെ ആത്മമിത്രവും ഗാന്ധികുടുംബത്തിന്റെ വിശ്വസ്തനും നാഷണൽ ഹെറാൾഡിന്റെ പത്രാധിപരുമായിരുന്നു. അദ്ദേഹത്തിന്റെ ഒരു കണ്ണിന് ഒട്ടും കാഴ്ചയുണ്ടായിരുന്നില്ല. മിക്കപ്പോഴും കറുത്ത കണ്ണട വച്ചിരുന്നു. എങ്കിലും ഞങ്ങൾ അദ്ദേഹത്തിന്റെ കണ്ണിന്റെ കാര്യം ഒരിക്കലും ചർച്ച ചെയ്തിരുന്നില്ല. എന്നാലും, 'ദി മദർ ആൻഡ് ദി സിസ്റ്റർ' വായിച്ചശേഷം ഒരിക്കൽ കമ്മീഷൻ മീറ്റിങ്ങിനിടെ ആഗാ സാഹിബ് എന്നോടു പറഞ്ഞു: "ഡോ. തോമസേ, ഐ ബിലീവ് യുവർ സ്റ്റോറി ഓൺ സെയിന്റ് അൽഫോൻസാ നോട്ട് 100% ബട്ട് 200%.'' എന്നിട്ട് ചെയർമാൻ ജസ്റ്റിസ് സിദ്ദിക്കി സാഹിബിനെയും ഡോ. മൊഹീന്ദർ സിങ്ങിനെയും എന്നെയും നോക്കിപ്പറഞ്ഞു: "യു സീ മൈ റൈറ്റ് ഐ. ഇറ്റ് ഈസ് എ പ്രൂഫ് ഓഫ് ദ് പോസിബിലിറ്റി ഓഫ് ദി സ്ട്രെങ്ത് ഓഫ് സച്ച് എ പ്രെയർ" എന്നിട്ടദ്ദേഹം കണ്ണട ഊരിമാറ്റി. ഞങ്ങൾ കണ്ടത് പൂർണമായും തൊലി വന്നു നികന്ന ഒരു കുഴി മാത്രം. ആഗാ സാഹിബ് കഥ തുടർന്നു: എനിക്ക് ആകെ ഒരു മകനാണ്. അവൻ ഹൈസ്കൂൾ ക്ലാസ്സിൽ പഠിക്കുമ്പോൾ കളിക്കിടെ കൂട്ടുകാരിൽ ഒരാൾ അവനു നേരേ അടിച്ച പന്ത് ശക്തമായി കണ്ണിൽ പ്പതിച്ചു. ആശുപത്രിയിൽ ചെന്നപ്പോൾ ഡോക്ടർമാർ പറഞ്ഞത്രേ "സർജറി ചെയ്യണം. പക്ഷേ, പൂർണമായ കാഴ്ച കിട്ടുമെന്നുപറയാനും വയ്യ.'' താൻ അതിനുമുമ്പോ അതിനു ശേഷമോ അത്രയും തീവ്രമായി പ്രാർത്ഥിച്ചിട്ടില്ല എന്ന് ആഗാ സാഹിബിന്റെ സാക്ഷ്യം. ബാബറിന്റെ കഥ നൽകിയ വിശ്വാസത്തിൽ ആഗാ പ്രാർത്ഥിച്ചത് തന്റെ ഒരു കണ്ണ് എടുത്തിട്ടാണെങ്കിലും ഏകമകനു പൂർണമായ കാഴ്ച തിരികെത്തരണമെന്നായിരുന്നു. ഒരു നിമിഷം നിശ്ശബ്ദനായിരുന്നിട്ട് അദ്ദേഹം പറഞ്ഞു: "ഡോക്ടർമാരെ പ്പോലും അദ്ഭുതപ്പെടുത്തിക്കൊണ്ടു മകനു പൂർണമായ കാഴ്ച തിരിച്ചുകിട്ടി.

▶ 11

# ത്യാഗസമർപ്പണത്തിന്റെ ജീവിതഭാഷ്യം

1-ാം പേജ് തുടർച്ച

സഹനമെന്ന യാഥാർത്ഥ്യത്തെ വ്യാഖ്യാനിക്കാനാവാതെ പകച്ചുനില്ക്കുന്ന ആധുനിക ലോകത്തെ വെല്ലുവിളിച്ചുകൊണ്ട് വി. അൽഫോൻസാ വേറിട്ട ചുവടുകൾവയ്ക്കുന്നതു ശ്രദ്ധേയം. വിശ്വാസത്തിലൂന്നിയ സ്നേഹത്തിന്റെ സുവിശേഷവഴിയാണവൾ വെട്ടിത്തുറക്കുന്നത്. സഹനത്തിന്റെ അർത്ഥം വായിച്ചെടുക്കാനാഗ്രഹിക്കുന്നവർ ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിലേക്കാണ് മിഴിയുയർത്തേണ്ടത്. കുരിശിൽ വ്യാഖ്യാനിക്കപ്പെടാത്ത ഒരു സഹനസമസ്യയുമില്ല. ത്യാഗത്തിന്റെ രക്ഷാകരമൂല്യം വെളിപ്പെടുന്ന ഈശോയുടെ ബലിയർപ്പണമാണ് സഹനവഴികളിൽ നമുക്ക് ശക്തിസ്രോതസ്സായി മാറേണ്ടത്.

സഹനത്തെ സ്നേഹമെന്നു വ്യാഖ്യാനിക്കാൻ അൽഫോൻസാമ്മയ്ക്കു കഴിഞ്ഞു. കഠിനമായ വേദനകളിലൂടെ കടന്നുപോയിരുന്ന അൽഫോൻസയെ കാണാൻ മഠത്തിലെത്തിയ ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ അഭിവന്ദ്യ ജെയിംസ് കാളാശ്ശേരിപ്പിതാവ് ചോദിച്ചു: "ഉറക്കമില്ലാത്ത രാത്രികളിൽ നീ എന്തു ചെയ്യുന്നു?" മറുപടി ലളിതമായിരുന്നു: "ഞാൻ സ്നേഹിക്കുകയാണ്!" ത്യാഗസന്നദ്ധതയില്ലാത്ത എല്ലാവിധ സ്നേഹപ്രകാശനങ്ങളും കാപട്യമാണെന്ന് അൽഫോൻസാമ്മ പറയാതെ പങ്കുവയ്ക്കുന്നു. 'Love without suffering is inconceivable and suffering without love is unbearable'. സഹനമില്ലാത്ത സ്നേഹം ഉൾക്കൊള്ളാനാവാത്തതും സ്നേഹമില്ലാത്ത സഹനം അസഹനീയവുമെന്ന ചിന്ത അനുദിനജീവിതത്തിൽ നമ്മൾ മനസ്സിലാക്കുന്ന വസ്തുതയാണ്. സ്വന്തം കുഞ്ഞിനുവേണ്ടി എന്തു ത്യാഗത്തിനും സന്നദ്ധയാകുന്ന അമ്മയുടെ ഹൃദയഭാവത്തെ സ്നേഹമെന്നു വിളിച്ചാലതു ശരിയാണ്. എന്നാൽ, മറ്റൊരാൾക്കുവേണ്ടി ത്യാഗം സഹിച്ചതിന്റെ കണക്കുപറഞ്ഞ് അവകാശമുന്നയിക്കുന്ന വ്യക്തിയിൽ സ്നേഹമില്ലെന്നതും സത്യം.

## സ്വർഗത്തിനു ഹൃദയത്തിൽ ഇടമൊരുക്കിയ പ്രേഷിത

ജീവിതത്തിലെ ഒറ്റപ്പെടലുകൾക്കും അനാഥത്വങ്ങൾക്കും ഏകാന്തതകൾക്കുമെല്ലാം ആധ്യാത്മികതയിലിടമുണ്ട്. സ്വർഗം അടുത്തുവരാൻ ഇവയെല്ലാം വഴിയൊരുക്കുന്നുവെന്ന് പല വിശുദ്ധജീവിതങ്ങളും വെളിപ്പെടുത്തുന്നു. ദൈവത്തിന്റെ സ്വന്തമാകാൻവേണ്ടിയാകും മനുഷ്യരുടെ സ്നേഹവലയങ്ങൾ ഭേദിക്കപ്പെടാൻ ദൈവം അൽഫോൻസാമ്മയ്ക്ക് അവസരമൊരുക്കിയത്. അവളതു വേണ്ടവിധം പ്രയോജനപ്പെടുത്തി. അതിൽ അർത്ഥവും ആനന്ദവും കണ്ടെത്തി! മിശിഹായിൽ ഹൃദയമുറപ്പിച്ചുകൊണ്ട് വിശുദ്ധരുടെ കൂട്ടായ്മയിലാണ് അൽഫോൻസാമ്മ ഓരോ ദിനവും ചെലവഴിച്ചതെന്ന് ആ ജീവിതത്തിന്റെ നാൾവഴികളിൽ വ്യക്തമാണ്. വി. കൊച്ചുത്രേസ്യായുടെയും വിശുദ്ധ കുര്യാക്കോസ് ചാവറയച്ചന്റെയും പ്രത്യക്ഷങ്ങൾ അവൾക്കു ലഭിച്ചത് ഇതിനുള്ള ഉദാഹരണങ്ങൾ മാത്രം.

സ്വർഗം ഹൃദയത്തിൽ സൂക്ഷിച്ചവൾ ഏറ്റവും സന്തോഷവതിയും സ്നേഹംനിറഞ്ഞവളുമായിരുന്നു. 'എല്ലാവരോടും എനിക്കിഷ്ടമാണ്. ആരെയും വെറുക്കാൻ എനിക്കു കഴിയുകയില്ല' എന്ന വാക്കുകളിൽ ക്രൈസ്തവസ്നേഹത്തിലൂന്നിയ പ്രേഷിതനിർവഹണമാണ് അവൾ പ്രതിഫലിപ്പിക്കുന്നത്. അൽഫോൻസാമ്മയുടെ വാക്കും ജീവിതവും സുവിശേഷപ്രഘോഷണങ്ങളായിരുന്നു. ജീവിക്കുന്ന വചനം പ്രഘോഷിക്കാൻ കഴിയുന്നവരാണ് വിശുദ്ധർ. അവർക്കാണ് മറ്റനേകരെ സ്വർഗത്തിലേക്കു നയിക്കാൻ കഴിയുന്നതും. ഇന്നിന്റെ പുണ്യവതിയായ വി. അൽഫോൻസാ സ്വാർത്ഥം തിങ്ങിയ ആധുനികലോകത്തെ സ്നേഹംകൊണ്ടു കീഴടക്കുന്നു. വിശുദ്ധികൊണ്ട് തിരുത്തുന്നു. സഹനംകൊണ്ടു വെല്ലുവിളിക്കുന്നു! ഏവർക്കും വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾമംഗളങ്ങൾ!

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ
Provincial Superior & Community

CMC PROVINCIAL HOUSE
JAYA MATHA PROVINCE
ST. THOMAS PRESS ROAD, PALA
Ph: 04822- 212229, 212226

വി. ചാവറ കുര്യാക്കോസ് ഏലിയാസ്

വി. എവുപ്രാസ്യ

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ
PROVINCIAL SUPERIOR & COMMUNITY

SACRED HEART CONGREGATION
S.H. PROVINCIAL HOUSE, PALA
Ph: 04822 - 215221, 212225

ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചൻ
(സ്ഥാപകൻ)

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ
PROVINCIAL SUPERIOR & COMMUNITY

S.A.B.S. PROVINCIAL HOUSE
CHRIST HALL - PALA
Ph: 04822-215257, 215109

ധന്യൻ
മാർ തോമസ് കുര്യാളശ്ശേരി
(സ്ഥാപകൻ)
1873 – 1925

# സഹനവഴിയിലെ പുണ്യനക്ഷത്രം

(9-ാം പേജ് തുടർച്ച)

സന്തോഷപൂർവം വീട്ടിൽ എത്തിയതോടെ നേർച്ചക്കാര്യം മറക്കുകയും ചെയ്തു. പക്ഷേ, ഒരാഴ്ച കഴിഞ്ഞ് ഒരു ദിവസം ആഗാ സാഹിബ് ഓഫീസിൽ നിന്നിറങ്ങി റോഡ് മുറിച്ചു മറുവശത്തേക്കു കടക്കുകയായിരുന്നുപോലും. ഇരുവശത്തേക്കും നോക്കി വാഹനങ്ങളൊന്നും വരുന്നില്ലെന്ന് ഉറപ്പുവരുത്തിയാണ് റോഡ് ക്രോസ് ചെയ്തത്. പക്ഷേ, റോഡിനു നടുക്കെത്തിയപ്പോൾ കനമുള്ള എന്തോ വന്നു കൃത്യമായി കണ്ണിലിടിച്ചതുമാത്രമേ അദ്ദേഹത്തിന് ഓർമയുള്ളൂ. റോഡിലേക്കു വീണുപോയ അദ്ദേഹത്തെ സഹപ്രവർത്തകരാണ് ആശുപത്രിയിലെത്തിച്ചത്. ഡോക്ടർമാർ അപ്പോൾത്തന്നെ ഓപ്പറേഷൻ ടേബിളിലേക്കാണു കൊണ്ടുപോയത്. ഓപ്പറേഷനും നടന്നു. പക്ഷേ, ഒരു കണ്ണിന്റെ കാഴ്ച പൂർണമായും നഷ്ടപ്പെടുകയായിരുന്നു. കഥ കേട്ടു സ്തബ്ധരായിരുന്ന ഞങ്ങളുടെ നേർക്കു നോക്കി അദ്ദേഹം ചിരിച്ചു. എന്നിട്ടു എന്നോടായിപ്പറഞ്ഞു: "തോമസ്ജി, ഐ ഫുള്ളി ബിലീവ് യുവർ സ്റ്റോറി ഓൺ യുവർ സിസ്റ്റർ സെയിന്റ് ടേക്കിങ് ടു ഹെർ ദ് ബിഷപ്സ് ഡിസീസ് ഇൻസ്റ്റന്റേനിയസ്. സെർട്ടൺലി ഇറ്റ് മസ്റ്റ് ബി എ ട്രൂ സ്റ്റോറി. പ്രെയർ ക്യാൻ ഡു മിറക്കിൾസ് അദർവൈസ് അൺ ബിലീവബിൾ." അൽഫോൻസാമ്മ രോഗശയ്യയിലായിരിക്കേ, പ്രാർത്ഥനയും നേർച്ചയുംവഴി അഭിവന്ദ്യ കാളാശ്ശേരിപ്പിതാവിന്റെ കടുത്ത മലമ്പനി തന്നിലേക്ക് ഏറ്റെടുത്തതിന് അന്യമതവിശ്വാസിയായ



ഒരു പണ്ഡിതശ്രേഷ്ഠൻ സ്വാനുഭവത്തെ അടിസ്ഥാനമാക്കി നൽകിയ ഈ നേർസാക്ഷ്യം മാത്രം മതി, സ്വർഗസ്ഥയായ അൽഫോൻസാമ്മയ്ക്കു ഭൂമിയിലായിരിക്കെത്തന്നെ ഉണ്ടായിരുന്ന സ്വർഗീയസ്വാധീനത്തിനു സാക്ഷ്യപത്രമായിട്ട്.

മരണംവരെ അവൾ ദൈവത്തോടും താൻ ജീവിതത്തിൽ സ്വീകരിച്ച വ്രതവാഗ്ദാനങ്ങളോടും പുലർത്തിയ വിശ്വസ്തതയായിരുന്നു അവളുടെ ജീവിതത്തിന്റെ പുണ്യശോഭ. മുപ്പത്തിയേഴു വയസ്സുവരെ മാത്രമേ അവൾക്ക് 'ആയുസ്സിന്റെ പുസ്തക'ത്തിൽ നാളുകൾ വച്ചിരുന്നുള്ളൂ. അതിൽ ഏറെക്കാലവും ഭൂമിയിൽ അവൾ ജീവിച്ചതും 'വീഴ്ത്തപ്പെട്ടവൾ' എന്ന നിലയിൽ രോഗശയ്യയിലും. കിടന്ന കിടപ്പിലെ സഹനങ്ങളായിരുന്നു അവളുടെ പുണ്യവഴി. അൽഫോൻസാമ്മയുടെ ഏറ്റവും വലിയ അദ്ഭുതവും അവളുടെ ജീവിതംതന്നെയായിരുന്നു. സ്വന്തജീവിതത്തിന്റെ അഗ്നിശോഭയിലാണ് അവൾ സ്വർഗത്തെ പ്രസാദിപ്പിച്ചത്. അങ്ങനെയാണ് ക്ലാരമഠത്തിലെ ആ യുവസന്ന്യാസിനി പുണ്യവഴിയിൽ ഒരു സഹനനക്ഷത്രമായതും.

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ
Provincial Superior & Sisters
FRANCISCAN CLARIST CONGREGATION (F.C.C.)



ALPHONSA JYOTHI PROVINCE
BHARANANGANAM
PROVINCIAL HOUSE, ARUVITHURA
Ph: 04822- 273417, Fax: 04822-275061 Email:bhmaruvithura@yahoo.co.in

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ
Provincial Superior & Sisters
FRANCISCAN CLARIST CONGREGATION (F.C.C.)



ALPHONSA PROVINCE
PALA
SAN DAMIANO, PULIYANNOOR, PALA
Ph: 04822- 206019, 206552 Email:fccpalaprovince@yahoo.co.in, Web: fccpala.org



വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ
SUPERIOR GENERAL & COMMUNITY
DAUGHTERS OF ST. THOMAS
DST GENERALATE
BHARANANGANAM PHONE: 04822-236387



ഫാ. ജേക്കബ് താഴത്തേൽ
(സ്ഥാപകൻ)
(1912 - 2009)



വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Director

ALPHONSIAN PASTORAL INSTITUTE

EPARCHY OF PALAI

Arunapuram

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ



SAINT JUDE ELECTRICALS & SANIWARES

Santhom Shopping Complex, Kottaramattam-PALA

Ph: 04822-200377, 323933 (shop), Mob: 9447302262

അന്താരാഷ്ട്ര നിലവാരമുള്ള ഇലക്ട്രിക്കൽ സാനിട്ടറി ഉൽപന്നങ്ങൾ
കമ്പനി പ്രോജക്ട് വിലയ്ക്ക് പർച്ചേയ്സ് ചെയ്യാവുന്ന പാലായിലെ പ്രമുഖ സ്ഥാപനം

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

SUPERIOR GENERAL & COMMUNITY



SNEHAGIRI MISSIONARY SISTERS

S.M.S. GENERALATE

VELLAPPAD - PALA

Ph: 04822 - 216569



ഫാ. അബ്രാഹം
കൈപ്പൻപ്ലാക്കൽ
(സ്ഥാപകൻ)

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

DIRECTRESS GENERAL & COMMUNITY



MARY IMMACULATE SECULAR INSTITUTE (MISI)

LEGION HOME GENERALATE

VELLAPPAD - PALA Ph: 04822 - 211268



ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2008
Certified Company

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

KTS PRODUCTS

www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

# മലയാളസാഹിത്യത്തിന്റെ പൂമുഖം


രാജീവ് പെരിങ്ങാട്ട്

**മ**ലയാളസാഹിത്യം ഒരു വലിയ തറവാടാണെങ്കിൽ എം ടി എന്ന രണ്ടക്ഷരം ആ തറവാടിന്റെ പൂമുഖമാണ്. എം ടി ക്കു മുമ്പും എം ടിക്കു ശേഷവും. ഒരുപക്ഷേ, ചരിത്രം മലയാളസാഹിത്യലോകത്തെ ഇങ്ങനെ വേർതിരിച്ചേക്കാം. കഥാലോകത്തെ അമൂല്യങ്ങളായ നാലുകെട്ടും മഞ്ഞും അസുരവിത്തും കാലവും രണ്ടാമൂഴവുമൊക്കെ ഇന്നും വായനക്കാരന്റെ വികാരങ്ങളെ കീഴ്പ്പെടുത്തുന്നുണ്ട്, എത്രവട്ടം വായിച്ചിട്ടും നഷ്ടപ്പെടാത്ത പുതുമയോടെ.

പാലക്കാട് ജില്ലയിലെ കൂടല്ലൂർ എന്ന ഗ്രാമത്തിൽ സാധാരണയിലും താഴെയുള്ള കുടുംബത്തിലാണ് എം.ടി. വാസുദേവൻനായർ ജനിച്ചത്. സാഹിത്യപരമായ ഒരു ഗുണവും ആ വീടിന് ഉണ്ടായിരുന്നില്ല. എന്നിട്ടും കവിയാകാനായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. കുറെ കവിതകൾ എഴുതി. ലേഖനങ്ങളെഴുതി. ഒടുവിലാണ് കഥയുടെ ലോകത്തേക്ക് എത്തുന്നത്. എഴുതിയതെല്ലാം മാതൃഭൂമിയടക്കം പല പത്രങ്ങൾക്കും അയച്ചു. ഒന്നും വെളിച്ചം കണ്ടില്ല. ഒടുവിൽ ഒരു കഥ ജയകേരളം വാരികയ്ക്ക് അയച്ചു. അവരതു പ്രസിദ്ധീകരിച്ചു. അതിനു പ്രതിഫലവും കിട്ടി; പത്തുരൂപ.

പിന്നീട് എഴുത്തിന്റെ ലോകം എം ടിയെ ഒരിക്കലും കൈവിട്ടിട്ടില്ല. ലോകചെറുകഥാമത്സരത്തിൽ 'വളർത്തുമൃഗങ്ങൾ' എന്ന തന്റെ കഥയ്ക്ക് ഒന്നാംസ്ഥാനം നേടുമ്പോൾ മാടത്ത് തെക്കേപ്പാട്ട് വാസുദേവൻനായർക്ക് ഇരുപത്തൊന്നു വയസ്സേ ഉണ്ടായിരുന്നുള്ളൂ.

അവിടെനിന്ന് ഇന്നത്തെ എം ടിയിലേക്കുള്ള ദൂരം മലയാളത്തിന്റെ സുകൃതമാണ്.

അദ്ദേഹത്തിന്റെ പ്രതിഭ മാറ്റുരയ്ക്കാത്ത മേഖലയില്ല. നാലുകെട്ടും മഞ്ഞും കാലവും അസുരവിത്തും രണ്ടാമൂഴവുംപോലെ മലയാളിയുടെ ജീവിതത്തിന്റെ ഭാഗമായ നോവലുകൾ. ഇരുട്ടിന്റെ ആത്മാവും കുട്ട്യേടത്തിയും വാനപ്രസ്ഥവും ഓപ്പോളും നിന്റെ ഓർമയ്ക്കും വാരിക്കുഴിയും ഓളവും തീരവും പോലെ എത്രയോ നല്ല കഥകൾ... പ്രബന്ധങ്ങൾ... യാത്രാവിവരണങ്ങൾ.

അധ്യാപകൻ, പത്രാധിപർ, കഥാകൃത്ത്, നോവലിസ്റ്റ്, തിരക്കഥാകൃത്ത്, സിനിമാസംവിധായകൻ എന്നിങ്ങനെ കർമമേഖലകളിലെല്ലാം അതുല്യമായ സംഭാവനകൾ നൽകിയ മഹാപ്രതിഭ. കേവലം ഇരുപത്തിയഞ്ചാമത്തെ വയസ്സിലാണ് ഇന്നും ആസ്വാദകരുടെ പ്രിയപ്പെട്ട നോവലായ നാലുകെട്ട് പുസ്തകരൂപത്തിൽ ഇറക്കുന്നത്. തൊട്ടടുത്ത വർഷം നാലുകെട്ട് കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടി. സാധാരണ എഴുത്തുകാർ തെല്ല് അകലം പാലിച്ചുനിൽക്കുന്ന ചലച്ചിത്രരംഗത്തും എം ടി തന്റെ സാന്നിധ്യമറിയിച്ചു. ഏറ്റവും മികച്ച എത്രയോ സിനിമകൾ ആ തൂലികയിൽനിന്നു പിറന്നുവീണു. മുറപ്പെണ്ണ്, പകൽക്കിനാവ്, ഇരുട്ടിന്റെ ആത്മാവ്, കുട്ട്യേടത്തി, നിർമ്മാല്യം, ബന്ധനം, ഇടവഴിയിലെ പൂച്ച മിണ്ടാപ്പൂച്ച, വെള്ളം, പഞ്ചാഗ്നി,



നഖക്ഷതങ്ങൾ, അമൃതം ഗമയ, ആൾക്കൂട്ടത്തിൽ തനിയെ, അടിയൊഴുക്കുകൾ, ഉയരങ്ങളിൽ, ഋതുഭേദം, വൈശാലി, ഒരു വടക്കൻ വീരഗാഥ, പെരുന്തച്ചൻ, താഴ്‌വാരം, സുകൃതം, പരിണയം, എന്നു സ്വന്തം ജാനകിക്കുട്ടി, ഒരു ചെറുപുഞ്ചിരി, തീർത്ഥാടനം, കടവ്, പഴശ്ശിരാജ എന്നിങ്ങനെ മലയാളസിനിമ കണ്ട മികച്ച സൃഷ്ടികൾ അവയിൽ ചിലതു മാത്രം.

കൂടല്ലൂർ എന്ന ജന്മഗ്രാമമാണ് അനുഭവങ്ങൾകൊണ്ട് തന്നെ സമ്പന്നനാക്കിയതെന്ന് എം ടി എപ്പോഴും പറയാറുണ്ട്. മലയാളസാഹിത്യത്തിലെ പകരംവയ്ക്കാനില്ലാത്ത സൃഷ്ടികൾക്കു ജീവനേകിയത് കൂടല്ലൂരിലെ കുന്നിൻപുറങ്ങളും ഇടവഴികളും മണ്ണും പുഴയും ജീവിതവും മനുഷ്യരുമായിരുന്നു. ഒപ്പം, കൂടല്ലൂരിനെ തഴുകിയൊഴുകുന്ന നിളയും.

വായനക്കാരനെ തന്റെ സൃഷ്ടിയുടെകൂടെ നടത്താനുള്ള കഴിവാണ് ഒരെഴുത്തുകാരനു പ്രധാനമായും വേണ്ടത്. ആ കഴിവ് ഏറ്റവുമധികം നിറഞ്ഞു നിൽക്കുന്നുണ്ട്, എം ടി എന്ന മഹാപ്രതിഭയിൽ. ഓരോ വായനയിലും അപ്പുണ്ണിയുടെയും വിമലയുടെയും കുട്ട്യേടത്തിയുടെയും ഭ്രാന്തൻ വേലായുധന്റെയും സേതുവിന്റെയും സുമിത്രയുടെയും ഗോവിന്ദൻകുട്ടിയുടെയും ഭീമന്റെയുമൊക്കെ ഒപ്പം വായനക്കാരും സഞ്ചരിച്ചു.

## മലയാളകഥയുടെ കുലപതി നവതിയുടെ നിറവിൽ

'ഒരിക്കൽ വരാതിരിക്കുകയില്ല...' എന്ന പ്രതീക്ഷ മഞ്ഞിലെ വിമലയിലൂടെ വായനക്കാരുടെ മനസ്സിലും എം ടി നിറച്ചു. അതാണു വാക്കുകളുടെ മാന്ത്രികത. നൈനിത്താളിലെ തടാകക്കരയിൽ സുധീർ മിശ്രയ്ക്കുവേണ്ടി കാത്തിരുന്നത് വിമല മാത്രമായിരുന്നില്ല, വായനക്കാരുംകൂടിയായിരുന്നു. കാലമിത്ര കഴിഞ്ഞിട്ടും ഇന്നും വിമലയെ ഓർക്കുമ്പോൾ കണ്ണുനിറയുന്നത് അതുകൊണ്ടാണ്.

നാലുകെട്ടിലെ അപ്പുണ്ണിയെപ്പോലെ ഒരു തിരിച്ചുവരവ് ആഗ്രഹിക്കാത്ത ആരെങ്കിലുമുണ്ടാവുമോ. ഒരിക്കൽ, തന്നെ തിരസ്കരിച്ച നാലുകെട്ടിലേക്കു തലയുയർത്തി നടന്നുവരുന്ന അപ്പുണ്ണിയുടെ ചിത്രം എത്രയോ യുവഹൃദയങ്ങൾക്കു പ്രതീക്ഷ നൽകിയിരിക്കാം.

വൈക്കം മുഹമ്മദ് ബഷീർ തന്റെ ജീവിതത്തിനു തണലേകിയ ഒരു വടവൃക്ഷമായിരുന്നുവെന്ന് എം ടി ഒരിക്കൽ ഒരു അഭിമുഖത്തിൽ പറഞ്ഞിരുന്നു. എങ്കിലും, എഴുത്തിന്റെ ഏതെങ്കിലും കോണിൽപ്പോലും ബഷീറിന്റെ ഭാഷയോ ശൈലിയോ എം ടിയിൽ സ്വാധീനം ചെലുത്തിയതായി കണ്ടിട്ടില്ല.

എം ടിയുടെ ഭാഷ അദ്ദേഹത്തിന്റേതു മാത്രമാണ്. നാലുകെട്ടിലായാലും രണ്ടാമൂഴത്തിലായാലും ഇരുട്ടിന്റെ ആത്മാവിലായാലും ആ ഭാഷയ്ക്കു ബഷീറിന്റേപോലെതന്നെ വായനക്കാരുടെ ഹൃദയം തൊടാനുള്ള കഴിവുണ്ട്.

വാക്കുകൾകൊണ്ട് ഹൃദയത്തെ കോരിത്തരിപ്പിക്കുന്ന ഇന്ദ്രജാലം അദ്ദേഹത്തിന്റെ രചനകളിലൂടെ സഞ്ചരിക്കുമ്പോൾ അനുഭവിക്കാൻ കഴിയും. തലമുറകളെ അക്ഷരങ്ങൾകൊണ്ട് കോരിത്തരിപ്പിച്ച ഈ മഹാപ്രതിഭ എനിക്കാരാണെന്നു ഞാൻ സ്വയം ചോദിച്ചിട്ടുണ്ട്. വായനയ്ക്കൊടുവിൽ അപ്പുണ്ണിയും ഭീമനും വിമലയും സേതുവും ഭ്രാന്തൻ വേലായുധനും ഗോവിന്ദൻകുട്ടിയുമെല്ലാം ഞാൻതന്നെയായിരുന്നു എന്ന തോന്നലിനൊടുവിൽ തിരിച്ചറിയുന്നു, ഹൃദയത്തിൽ അലിഞ്ഞുചേർന്ന മഞ്ഞാണ് എനിക്ക് എം.ടി. ■


ദീപനാളം പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ആൻ മരിയ തോമസിന്റെ 'എല്ലാം ശുഭമാകും' എന്ന പുസ്തകം ദീപനാളം ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ എഴുത്തുകാരി സിജിത അനിലിനു നൽകി പ്രകാശനം ചെയ്യുന്നു. ഫാ. ഡൊമിനിക് വെച്ചൂർ, ജോൺ തോമസ്, മരിയ തോമസ്, ഗ്രന്ഥകാരി, ഫാ. ജോസഫ് വടക്കൻ, ഫാ. ജോർജ് മുഖച്ചാലിൽ, ഫാ. ജോസഫ് പടിപ്പുര, മീര റോസ് അരുൺ എന്നിവർ സമീപം.

## ആഴ്ചമൊഴി



എന്റെ സമ്പത്തുമുഴുവനും സന്നദ്ധപ്രവർത്തനങ്ങൾക്കായി ദാനം ചെയ്യും. സമൂഹത്തിലെ കഷ്ടതകൾ കുറയ്ക്കുന്നതിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി എന്റെ വിഭവങ്ങളെല്ലാം നല്കുകയെന്നത് എന്റെ ബാധ്യതയാണ്. ലോകത്തിലെ മറ്റു സമ്പന്നരും ഇതേ പാത പിന്തുടരുമെന്നാണ് എന്റെ പ്രതീക്ഷ.

- ബിൽ ഗേറ്റ്സ്



എം.ടി.യുടെ ജീവിതം സമൂഹത്തിന്റെ വേരുകളും നേരുകളും തേടിയുള്ള യാത്രയാണ്. സാഹിത്യമണ്ഡലത്തിൽ കെട്ടുപണങ്ങൾ നിറയുന്ന ഇക്കാലഘട്ടത്തിൽ അതിനപവാദമായി നമുക്ക് എം.ടി.യെ കണക്കാക്കാവുന്നതാണ്. അപകീർത്തിപ്പെടുത്താനായി സംഘടിതശ്രമമുണ്ടായ അവസരങ്ങളിൽപ്പോലും കലഹപ്രിയനാകാതിരിക്കാൻ ശ്രദ്ധിച്ചുവെന്നത് അദ്ദേഹത്തിന്റെ സവിശേഷതയാണ്.


- പി.എസ്. ശ്രീധരൻപിള്ള

നോവൽ 23



# ദേവരക്ഷണം

ഗിരീഷ് കെ. ശാന്തിപുരം



**കാ**ലത്തിന്റെ രഥചക്രങ്ങൾ ഉരുണ്ടുകൊണ്ടിരിക്കുന്നു. നട്ടാലത്തിനു മുകളിൽ ജാതിവിദ്വേഷത്തിന്റെ കാർമേഘപടലങ്ങൾ വിരിഞ്ഞു. ദേവസഹായത്തിന്റെയും ജ്ഞാനപ്പൂവിന്റെയും മതപരിവർത്തനം മെല്ലെമെല്ലെയാണെങ്കിലും മരുതുകുളങ്ങരയിൽ ചില അസ്വാരസ്യങ്ങൾക്കു കാരണമായി.

തൊട്ടുപിന്നാലെ കരുവാൻ മാണിക്യനും കുടുംബവും ജ്ഞാനപ്പൂവിന്റെ സൗഹൃദവലയത്തിൽപ്പെട്ട മറ്റു ചിലരും പരിവർത്തിതരായത് തറവാട്ടിലും നട്ടാലത്തും ചില ആളുകൾക്ക് അനിഷ്ടകരമായി ഭവിച്ചു.

ക്രിസ്ത്യാനികളുടെ എണ്ണം നാൾക്കുനാൾ വർധിച്ചുവരുന്നു. അതു ചില ഹൈന്ദവപ്രമാണിമാരെയും ബ്രാഹ്മണപ്രഭൃതികളെയും രോഷം കൊള്ളിച്ചു. മരുതുകുളങ്ങരത്തറവാടിനുണ്ടായിക്കൊണ്ടിരിക്കുന്ന കഷ്ടാരിഷ്ടതകൾക്കെല്ലാം കാരണം നീലകണ്ഠന്റെയും ഭാര്യയുടെയും മതപരിവർത്തനവും ജാത്യാചാര വിധ്വംസകപ്രവൃത്തികളുമാണെന്നു നാട്ടിലാകെ അടക്കംപറച്ചിലുണ്ടായി.

അത് ഒട്ടൊക്കെ സത്യമാണെന്നു തറവാട്ടിലുള്ളവർ വിശ്വസിച്ചു. ചില ഗണകശ്രേഷ്ഠന്മാർ അതു ശരിവയ്ക്കുകയും ചെയ്തു.

ദേവീകോപംതന്നെ. പരിഹാരകർമങ്ങൾ വേണം. മരുതുകുളങ്ങരത്തറവാടിന്റെ കുലദേവതയായ ഭദ്രകാളീദേവിയെ പ്രീതിപ്പെടുത്തണം. ദേവിയുടെ മൂലസ്ഥാനത്തിനു ഭ്രംശം സംഭവിച്ചിരിക്കുന്നു. പുനഃപ്രതിഷ്ഠ വേണം. ജ്യോത്സ്യപ്രമാണിമാർ അങ്ങനെ ദർശനംകൊണ്ടു.

പിന്നെ താമസമുണ്ടായില്ല. കുടുംബക്കോവിലിൽ പുനഃപ്രതിഷ്ഠയും ഉത്സവവും ആഡംബരമായി നടത്താൻ തീരുമാനമായി. മരുതുകുളങ്ങരത്തറവാടിന്റെ തെക്കുഭാഗത്തായി സ്ഥിതി ചെയ്തിരുന്ന ഭദ്രകാളിക്കോവിലിന്റെ പുനരുദ്ധാരണജോലികൾ ആരംഭിച്ചു. പുനഃപ്രതിഷ്ഠയ്ക്കായുള്ള ദേവിയുടെ പുത്തനായ ശിലാബിംബം തയ്യാറാകുന്നു. കോവിലിലെ നിത്യപൂജാദികൾക്കുള്ള പണം ലോഭമില്ലാതെ തറവാട്ടിൽനിന്നനുവദിച്ചു.

മഹോത്സവത്തിനു തുടക്കമായി. നട്ടാലത്ത് നടാടെയായിരുന്നു അങ്ങനെയൊരുത്സവം. നാടിന്റെ നാനാദിക്കുകളിൽനിന്നും ഉത്സവസദ്യയ്ക്കുള്ള കറിക്കോപ്പുകളെത്തി. വിവിധതരം പഴവർഗങ്ങൾ ശേഖരിക്കപ്പെട്ടു. പൂജാദികർമങ്ങൾക്കുള്ള ചന്ദനം, പനിനീർ തുടങ്ങിയ സുഗന്ധദ്രവ്യങ്ങളും ഏർപ്പാടാക്കി. അറപ്പുരയിൽ ചമ്പാവരിച്ചാക്കുകൾ നിറഞ്ഞു.

കുലവാഴ, കുരുത്തോല തുടങ്ങിയ തോരണദ്രവ്യങ്ങൾ തൊഴുപുരകളിൽ ശേഖരിക്കപ്പെട്ടു. നെയ്യ്, വെളിച്ചെണ്ണ, ശർക്കര, പൂന്നൂര്, അവില്, മലര്, കസ്തൂരി, കർപ്പൂരം തുടങ്ങിയ ഹോമദ്രവ്യങ്ങൾ ശേഖരിച്ച മുറിയിലേക്ക് മറ്റുള്ളവരുടെ പ്രവേശനം കാരണവർ കർശനമായി വിലക്കി.

തറവാടും പരിസരവും ബന്ധുമിത്രാദികളാൽ ബഹളമയമായി. നട്ടാലം ക്ഷേത്രാധിപനായ നമ്പൂതിരിയുടെ താത്പര്യപ്രകാരം പല പ്രദേശങ്ങളിൽനിന്നായി എത്തിയിരുന്ന വേദശാസ്ത്രപടുക്കളായ ബ്രാഹ്മണശ്രേഷ്ഠന്മാർക്ക് ക്ഷേത്രത്തോടനുബന്ധിച്ച് താമസഭക്ഷണസൗകര്യങ്ങളൊരുക്കിയിരുന്നതിനാൽ തറവാട്ടിലെ തിരക്കിന് അല്പശമനം കണ്ടു.

ഉത്സവാരംഭത്തിനുമുമ്പു തന്നെ ക്ഷേത്രാങ്കണവും തറവാടും പരിസരവും വിവിധതരം തോരണങ്ങളാൽ അലങ്കരിക്കപ്പെട്ടിരുന്നു. വിവിധതരം വാദ്യകലാമേളങ്ങളാൽ ക്ഷേത്രവും പരിസരവും മുഖരിതമായി.

കുടുംബക്ഷേത്രത്തിൽ നടക്കുന്ന ഈ ഉത്സവച്ചടങ്ങുകൾ ദേവസഹായം അറിഞ്ഞിരുന്നില്ല. ഒരു കാരണവശാലും ഇങ്ങനെയൊന്ന് ദേവസഹായത്തിനെ അറിയിക്കേണ്ടതില്ലെന്ന് ബ്രാഹ്മണൻ തറവാട്ടിലുള്ളവരോടു കർശനമായി നിർദേശിച്ചിരുന്നു.

അഥവാ ഏതു വിധേനയും വിവരമറിഞ്ഞ് അദ്ദേഹം എത്തുകയാണെങ്കിൽ ആചാരോപചാരങ്ങളോടും ബഹുമാനത്തോടും കൂടി അദ്ദേഹത്തെ സ്വീകരിക്കുകയും ഉപദേശങ്ങൾ നല്കുകയും വേദാന്തത്തിൽ തേല്പിച്ച്, വിഭൂതി ധരിപ്പിച്ച് മന്ത്രശുദ്ധി വരുത്തി വീണ്ടും ഹിന്ദുമതത്തിലേക്കു പരിവർത്തനപ്പെടുത്തണമെന്നും തീരുമാനിക്കപ്പെട്ടു.

പക്ഷേ, വീട്ടുകാരെയും നാട്ടുകാരെയും അദ്ഭുതപ്പെടുത്തിക്കൊണ്ട് ഉത്സവത്തലേന്നു തന്നെ ദേവസഹായം മരുതുകുളങ്ങരയിലെത്തി. മാനത്തുനിന്ന് പൊട്ടിവീണതുപോലെയായിരുന്നു ദേവസഹായത്തിന്റെ വരവ്.

ഉത്സവാദികാര്യങ്ങൾ ആരും ദേവസഹായത്തിനെ അറിയിച്ചിരുന്നില്ല. എന്നിട്ടും യഥാസമയത്തു തന്നെ അദ്ദേഹം എത്തിച്ചേർന്നത് ചിലർക്ക് അനിഷ്ടകരവും മറ്റു ചിലർക്ക് സന്തോഷകരവുമായ ഒന്നായിരുന്നു.

എങ്കിലും ഏവരും സന്തോഷമഭിനയിച്ചുകൊണ്ട് ദേവസഹായത്തിനെ സ്വീകരിക്കുകയും കുശലാന്വേഷണങ്ങൾ നടത്തുകയും ചെയ്തു. പിന്നീട് ബ്രാഹ്മണപുരോഹിതന്മാർ ദേവി മഹാകാളിയുടെ മാഹാത്മ്യത്തെക്കുറിച്ചും നടത്താനാരംഭിച്ചിരിക്കുന്ന പ്രതിഷ്ഠാ ഉത്സവത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ദേവസഹായത്തിനോടു സാവധാനം സംസാരിച്ചു തുടങ്ങി.

ദേവസഹായം അതെല്ലാം സാകൂതം കേൾക്കുന്നുവെന്ന് ഭാവിച്ചതല്ലാതെ അവരോടു മറുത്തൊന്നും സംസാരിച്ചില്ല. അദ്ദേഹത്തിന്റെ മൗനത്തെ അവർ തെറ്റിദ്ധരിച്ചു. ദേവസഹായം തങ്ങളുടെ വഴിക്കുവരുന്നു എന്നു ധരിച്ച ഒരു ബ്രാഹ്മണൻ മന്ത്രോച്ചാരണങ്ങളോടെ ദേവസഹായത്തിനെ വിഭൂതിയണിയിക്കാൻ ശ്രമിച്ചു.

ഒരുനിമിഷം ദേവസഹായം അതു തട്ടിക്കളഞ്ഞു. ബ്രാഹ്മണന്റെ കൈയിലിരുന്ന വിഭൂതിത്തളിക നിലത്തുവീണു. വിഭൂതി ചിതറിത്തെറിച്ചു. ദേവസഹായം ശബ്ദമുയർത്തിപ്പറഞ്ഞു:

"സാത്താനേ, മാറിപ്പോ..."

അപ്രതീക്ഷിതമായിരുന്നു ദേവസഹായത്തിന്റെ നീക്കം. ആരും അങ്ങനെയൊന്നു പ്രതീക്ഷിച്ചിരുന്നില്ല. മരുതുകുളങ്ങരത്തറവാടും പരിസരവും ഒരു നിമിഷം വിറങ്ങലിച്ചുനിന്നു. വിഭൂതിയുമായി വന്ന ബ്രാഹ്മണൻ അടിമുടി വിറകൊണ്ടു. അയാൾ രാമരാമാ... മഹാമായേ ഭദ്രകാളി എന്നൊക്കെ നിലവിളിച്ചുകൊണ്ട് അവിടംവിട്ടുപോയി.

നിശ്ശബ്ദതയും മൗനവും തളംകെട്ടിനിന്ന കുറെ നിമിഷങ്ങൾ. കാറ്റനക്കമില്ലാത്ത ഒരു മഹാവിപിനം നിർജീവം നില്ക്കുന്നു. ആരും ശബ്ദിക്കുന്നില്ല. ഒച്ചയനക്കങ്ങളില്ലാതെ കുറെ സമയം ബദ്ധപ്പെട്ട് ഒഴുകിപ്പോയി.

"പ്രിയപ്പെട്ട സഹോദരന്മാരേ..." ദേവസഹായം തന്നെ നിശ്ശബ്ദതയുടെ തിരകളെ മുറിച്ചുകളഞ്ഞു. "ഞാൻ പറയുന്നതു ശ്രദ്ധിച്ചു കേൾപ്പിക്കുക. മനുഷ്യൻ അവന്റെ ദൈവദത്തമായ മാനുഷികാവസ്ഥ ഉപേക്ഷിച്ച് മൃഗീയാവസ്ഥയിൽ കാലൂന്നാൻ തുടങ്ങിയിരിക്കുന്നു. ഒരുവിധത്തിൽ പറഞ്ഞാൽ മനുഷ്യർക്കും മൃഗങ്ങൾക്കും തമ്മിൽ വ്യത്യാസമൊന്നുമില്ലാതായിരിക്കുന്നു എന്നർത്ഥം. മനുഷ്യന് ഈ കേവലശരീരത്തിനപ്പുറം വിശേഷപ്പെട്ട ഒരാത്മാവുണ്ടെന്നും ഈ നശ്വരലോകത്തിനു മുകളിൽ അനശ്വരനായ ഒരു ദൈവമുണ്ടെന്നും നാം മനസ്സിലാക്കാതെ പോകുന്നു."

"ലോകത്തിൽ ദൈവസൃഷ്ടികളിൽവച്ച് ഏറ്റവും ശ്രേഷ്ഠമെന്നു വിശ്വസിക്കപ്പെടുന്ന മനുഷ്യവർഗം നാശോന്മുഖമാകുന്ന തരത്തിൽ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ചെന്നു പതിച്ചിരിക്കുന്നു. സ്വയംപ്രഭാപൂരിതനും സച്ചിദാനന്ദസ്വരൂപനുമായ ഏകദൈവമുള്ളപ്പോൾ ഈ ദുർദേവന്മാരെയും സങ്കല്പമൂർത്തികളായ ദേവന്മാരെയും നാം പൂജിക്കുന്നതെന്തിന്?"

പിശാച് എന്നൊന്നുള്ളതായി നിങ്ങളെല്ലാവരും അറിയുകയും വിശ്വസിക്കുകയും ചെയ്യുന്നുണ്ടല്ലോ. ഹിന്ദുമതഗ്രന്ഥങ്ങളിൽ അവയ്ക്ക് അസുരവർഗം എന്ന് പേരു കൊടുത്തിരിക്കുന്നു. ഈ അസുരവർഗം ദേവന്മാരുടെ ശത്രുക്കളാണെന്ന് നിങ്ങളുടെ മതഗ്രന്ഥങ്ങളിൽ വിവരിക്കുന്നു. പക്ഷേ, അവർ എങ്ങനെ പരസ്പരം ശത്രുക്കളായി എന്നു പറയാൻ കഴിയുമോ?

കശ്യപന് അദിതിയിൽ ദേവന്മാരും ദിതിയിൽ അസുരന്മാരും ജനിച്ചു എന്ന് പുരാണങ്ങൾ. ഒരേ ശക്തിയിൽനിന്നു ജനിച്ച രണ്ടുകൂട്ടരും എങ്ങനെ ശത്രുക്കളായി എന്നു നിങ്ങൾക്കു പറയാൻ കഴിയുമോ?

ദേവസഹായത്തിന്റെ ചോദ്യശരങ്ങളിൽ ബ്രാഹ്മണപ്രഭൃതികൾ പിടഞ്ഞു. ഒന്നിനു പിറകേ ഒന്നായി വന്ന ചോദ്യങ്ങൾക്കൊന്നും ബ്രാഹ്മണശ്രേഷ്ഠന്മാർക്കു മറുപടിയുണ്ടായിരുന്നില്ല.

ഓരോ കാലങ്ങളിൽ മനുഷ്യർ ഉണ്ടാക്കിയിട്ടുള്ള അന്ധവിശ്വാസങ്ങളും ഓരോരുത്തരുടെ മാനസികവ്യാപാരമനുസരിച്ച് എഴുതിയുണ്ടാക്കിയ കാവ്യഗ്രന്ഥങ്ങളും ഈശ്വരപ്രോക്തവും വേദോപദാനപ്രതിപാദകവുമാണെന്നു വിശ്വസിക്കുന്നവരുടെ വിവേകശൂന്യമായ പ്രവൃത്തികളെയും ലോകം വ്യർത്ഥമാണെന്നു പഠിപ്പിക്കുകയും എന്നാൽ, ബാഹ്യമായ ശുദ്ധാശുദ്ധങ്ങളെ ലാക്കാക്കി കപടജീവിതം നയിക്കുകയും ചെയ്യുന്ന പുരോഹിതവർഗത്തിന്റെ പ്രവൃത്തികളെയും ദേവസഹായം കണക്കറ്റ് പരിഹസിച്ചു.

ദേവസഹായത്തിന്റെ ഉളിമുനകളേറ്റ് അഭിമാനത്തിനു മുറിവുപറ്റിയ ബ്രാഹ്മണശ്രേഷ്ഠന്മാർ സഹികെട്ട് ദേവസഹായത്തിനു നേരേ ആക്രോശിച്ചു.

"ഹേ... ഹേ... നീലകണ്ഠാ, മഹാരാജാവുമുതൽ ചണ്ഡാളൻവരെ എല്ലാ ജനങ്ങളും ഒരുപോലെ ആരാധിക്കുന്ന ദേവന്മാർക്ക് അപവാദമുണ്ടാക്കുകയാണോ നീ ചെയ്യുന്നത്."

ശേഷം 17 - ാം പേജിൽ

# ഹരിവരാസനം നൂറാംവയസ്സിലേക്ക്!



ളാക്കാട്ടൂർ പൊന്നപ്പൻ

ശബരിമലയിൽ നടതുറക്കുന്ന ദിവസങ്ങളിൽ അത്താഴപൂജയ്ക്കുശേഷം മൈക്കിലൂടെ മുഴങ്ങുന്ന ഹരിവരാസനം എന്ന ആറുമിനിറ്റ് ദൈർഘ്യമുള്ള കീർത്തനം അവസാനിക്കുമ്പോഴേക്കും ശ്രീകോവിലിനുള്ളിൽ പരികർമികളും മേൽശാന്തിയും പൂജാകർമങ്ങൾ അവസാനിപ്പിച്ച്, നിലവിളക്കുകൾ അണച്ച്, പടിയിറങ്ങും. അപ്പോൾ സമയം രാത്രി 11 മണി. അതിനുശേഷം ശരണംവിളികൾ ഉണ്ടാവില്ല. അയ്യപ്പന് ഉറങ്ങാനുള്ള ഉറക്കുപാട്ടാണ് ഹരിവരാസനം.

അയ്യപ്പന്റെ രൂപഭാവങ്ങളെയും സദ്ഗുണങ്ങളെയും വർണിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്ന ഹരിവരാസനം, ഒരു താരാട്ടിന്റെ ഭാവത്തിലോ ഈണത്തിലോ ഉള്ള കീർത്തനമല്ല എങ്കിലും; ഉറക്കുപാട്ടെന്നു പ്രചുരപ്രചാരം നേടി സംസ്കൃത ഭാഷയിലുള്ള ഈ ഗാനം! 16 പാദങ്ങളുള്ള ഈ സ്തുതിയുടെ ഏഴുപാദങ്ങൾ മാത്രമാണ് എടുത്തിരിക്കുന്നത്. ലോകത്തിലുള്ള കോടിക്കണക്കിന് അയ്യപ്പഭക്തന്മാർ നെഞ്ചേറ്റുന്ന മഹത്തരമായ ഈ കൃതിയുടെ ഉത്പത്തിയെക്കുറിച്ചും രചയിതാവിനെക്കുറിച്ചും തർക്കങ്ങൾ നിലവിലുണ്ട്. എങ്കിലും; നൂറുവയസ്സു പൂർത്തീകരിച്ച ഈ ശ്ലോകമുത്തശ്ശിയുടെ തിളക്കത്തിനോ യൗവനത്തിനോ ഒരു കോട്ടവും തട്ടിയിട്ടില്ല!

രണ്ടു രചയിതാക്കളുടെ പേരിലാണ് ഗാനം അറിയപ്പെടുന്നത്. കമ്പക്കുടി കുളത്തൂർ അയ്യരാണ് രചയിതാവെന്ന് ഒരു കൂട്ടർ തെളിവുസഹിതം വാദിക്കുമ്പോൾ അതല്ല; ആലപ്പുഴ ജില്ലയിലെ പുറക്കാട്ട് കോന്നോത്ത് ജാനകിയമ്മയാണു രചിച്ചതെന്നു മറ്റൊരു കൂട്ടർ തർക്കിക്കുന്നു. നിജസ്ഥിതി വെളിവായതായി അറിവില്ല. തർക്കങ്ങളിലേക്ക് ഒന്നു കടക്കാം.

തമിഴ്നാട്ടിലെ തേനി ജില്ലയിലാണ് കമ്പക്കുടി. മണികണ്ഠൻ (അയ്യപ്പൻ) കമ്പക്കുടി കുടുംബവുമായി കടപ്പെട്ടിരിക്കുന്നതായി ഐതിഹ്യമുണ്ട്. അതിപ്രകാരമാണ്: പന്തളത്തുനിന്ന് പുലിപ്പാലിനു പോയ മണികണ്ഠൻ തമിഴ്നാട്ടിലെ തേനിയിൽ വനപ്രദേശത്തുകൂടി നടന്നുവലഞ്ഞപ്പോൾ ഒരു ചെറുകുടിലു കണ്ടു. കുടിലിനു മുന്നിൽനിന്ന ഒരു പാട്ടി അയ്യപ്പനെ സ്വീകരിച്ചിരുത്തി. പെട്ടെന്ന് കമ്പ എന്ന ധാന്യം ഇടിച്ച് കഞ്ഞിവച്ച് അയ്യപ്പനു കൊടുത്തു. ക്ഷീണം മാറി അയ്യപ്പൻ യാത്ര പറയുമ്പോൾ ഇവിടം കമ്പക്കുടി എന്നറിയപ്പെടുമെന്ന് അനുഗ്രഹിച്ചു. ആ പാട്ടിയുടെ മകനായ കുളത്തൂർ സുന്ദരേശ അയ്യർ രചിച്ചതാണ് ഹരിവരാസനം എന്ന് ഒരു കഥ! അദ്ദേഹമെഴുതിയ ഹരിഹരസുധാഷ്ടകമാണ് പിന്നീട് ഹരിവരാസനം ആയത് എന്നും പറയപ്പെടുന്നു.

1923 ൽ ശാസ്താംകോട്ട മനക്കര മേച്ചിറ വീട്ടിൽ (ആലപ്പുഴജില്ലയിലെ പുറക്കാട്ട്) കോന്നയ്ക്കൽ ജാനകിയമ്മയാണ് എഴുതിയതെന്ന് മറ്റൊരു തർക്കം. ശബരിമലയിലെ അവസാനത്തെ വെളിച്ചപ്പാടിന്റെ മകളാണ് ജാനകിയമ്മ. അയ്യപ്പഭക്തയായ അവർ ഗർഭിണിയായിരിക്കേ തന്റെ മുപ്പതാംവയസ്സിൽ എഴുതിയാണത്രേ ഈ ശ്ലോകം. നടയ്ക്കു വയ്ക്കാൻ അച്ഛന്റെ കൈയിൽ കൊടുത്തുവിട്ടതാണെന്നും ഐതിഹ്യമുണ്ട്. പല ഭജനസംഘങ്ങളും ജാനികയമ്മയുടെ കൈയിൽനിന്നും പകർത്തിയെടുത്ത് പല ഈണങ്ങളിൽ പാടിയിരുന്നതായും പറയപ്പെടുന്നു. 1963 നവംബറിൽ തിരുവനന്തപുരം ചാലയിലെ ജയചന്ദ്രാ ബുക്ക് ഡിപ്പോ ഈ കീർത്തനം 'ഹരിഹരാത്മജാഷ്ടകം' എന്ന പേരിൽ പ്രസിദ്ധീകരിച്ചിരുന്നു.



1975 ൽ 'സ്വാമി അയ്യപ്പൻ' എന്നൊരു സിനിമ, മെറിലാന്റ് സ്റ്റുഡിയോ ഉടമ പി. സുബ്രഹ്മണ്യം നിർമിച്ച് റിലീസ് ചെയ്തിരുന്നു. (ഓഗസ്റ്റ് 17). ആ ചിത്രത്തിൽ ഇപ്പോൾ നമ്മൾ കേൾക്കുന്ന ഈണത്തിലും താളത്തിലും ഹരിവരാസനം ഉൾപ്പെടുത്തിയിരുന്നു. സംഗീതം നല്കിയത് ദേവരാജൻ മാസ്റ്റർ. അതീവഭക്തിരസം തുളുമ്പുന്ന ഈണം, മധ്യമാവതി എന്ന മനോഹരമായ രാഗത്തിലാണ്. അന്നത്തെ ദേവസ്വംബോർഡു പ്രസിഡന്റ് ജി.പി. മംഗലത്തുമഠത്തിനു ഗാനം നന്നേ ഇഷ്ടപ്പെടുകയാൽ അത്താഴപൂജയ്ക്കുശേഷം എന്നും ഈ ഗാനം സിനിമയിലെ അതേ രൂപത്തിൽ (യേശുദാസിന്റെ ശബ്ദം) മൈക്കിലൂടെ ഭക്തരെ കേൾപ്പിക്കാൻ തീരുമാനിച്ചത് ഇന്നും തുടർന്നുപോരുന്നു. 1980 ൽ സിനിമയിലുള്ളതിലും വ്യത്യസ്തമായി അല്പം വിളംബലയത്തിൽ (വേഗം കുറച്ച്) ഉപകരണവ്യാപ്തി കുറച്ച് പ്രത്യേകം റെക്കോർഡു ചെയ്തതാണ് നമ്മൾ ഇപ്പോൾ കേട്ടുകൊണ്ടിരിക്കുന്നത്.

ഈ അടുത്തകാലത്ത് ഒരു വിവാദം ഉയർന്നുവന്നു. 'അരിവിമർദനം' ശരിയായല്ല യേശുദാസ് ഉച്ചരിച്ചിരിക്കുന്നതെന്ന്. ഏതോ സംസ്കൃതപണ്ഡിതൻ ഇത് ദാസിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ തെറ്റുമാറ്റി വേറേ ട്യൂൺ ചെയ്താലോ എന്നായി ദാസ്. ദേവരാജൻ മാസ്റ്ററോട് ആരായാതെ ഒന്നും ചെയ്യരുതെന്ന് ബോർഡിലെ ചിലരുടെ നിർദേശമനുസരിച്ച് ദാസ് തന്നെ മാസ്റ്ററുടെ അടുത്തെത്തി വിവരമറിയിച്ചു. ഒരു ചെറുചിരിയോടെ സ്വതഃസിദ്ധമായ ശൈലിയിൽ മാസ്റ്റർ പറഞ്ഞത് 'ഇത്രയും നാൾ അയ്യപ്പനുറങ്ങിയത് ഇതു കേട്ടല്ലേ? ഇതു മതി. ഇനിയും അയ്യപ്പനുറങ്ങിക്കൊള്ളും.' ലക്ഷങ്ങൾ മുടക്കി അതിനായി അധ്വാനിക്കേണ്ടന്നു ബോർഡിലുള്ള ബോധമുള്ളവർ തീരുമാനിച്ചതിനാൽ 'ഹരിവരാസനം' ഒരു ക്ഷതവുമേല്ക്കാതെ രക്ഷപ്പെട്ടുനില്ക്കുന്നു!

സ്വാമി വിമോചനാനന്ദ എന്നൊരു ഭക്തനാണ് ആദ്യമായി ഈ ശ്ലോകം ശബരിമലയിൽ ആലപിച്ചത് എന്നും അതല്ല, നവീകരണശേഷം 1950 ൽ അന്നത്തെ മേൽശാന്തി വടാക്കം ഈശ്വരൻ നമ്പൂതിരിയാണ് ആലപിച്ചത് എന്നും തർക്കമുണ്ട്. എന്തുമാകട്ടെ, നൂറുവർഷമായി ഭക്തസഹസ്രങ്ങളുടെ കർണങ്ങളിൽ അമൃതബിന്ദുക്കൾ തൂളിച്ചുകൊണ്ട് ഇന്നും മുഴങ്ങുന്നു. മന്ദ്രശ്രുതീലയമോടെ ഹരിവരാസനം! സ്വാമി ശരണം! ■

# കേരളത്തെ വിഴുങ്ങി സംഘടിതവർഗം?

3-ാം പേജ് തുടർച്ച

കടുത്തസാമ്പത്തികപ്രതിസന്ധിയിലായിരുന്നു 2002 ൽ തമിഴ്നാട്ടിൽ ജയലളിത മുഖ്യമന്ത്രിയായി അധികാരം ഏറ്റെടുത്തത്. ഭരണതലത്തിൽ ചില പരിഷ്കാരങ്ങൾ നടപ്പാക്കിത്തുടങ്ങിയപ്പോൾ സർവീസ് സംഘടനകൾ എതിർത്തു. ജീവനക്കാർ സമരരംഗത്തേക്കിറങ്ങി. അപ്പോൾ ലഭ്യമായിരുന്ന സൗകര്യങ്ങളിൽ ജോലി ചെയ്യാൻ തയ്യാറല്ലാത്തവർക്കു ജോലി വേണ്ടെന്നുവയ്ക്കാമെന്ന് സർക്കാർ അറിയിച്ചെങ്കിലും ആരും പിരിഞ്ഞുപോയില്ല. സമരം അക്രമാസക്തമായപ്പോൾ ടെസ്മാ (തമിഴ്നാട് അവശ്യസർവീസ് മെയിന്റനൻസ് ആക്ട്) പ്രകാരം ഒന്നരലക്ഷത്തോളം ജീവനക്കാരെ സർവീസിൽനിന്നു പിരിച്ചുവിട്ടതായി സർക്കാർ പ്രഖ്യാപിച്ചു. പകരം എംപ്ലോയ്മെന്റ് എക്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളെ നിയമിക്കാൻ തീരുമാനമെടുത്തപ്പോൾ ലക്ഷക്കണക്കിനു യുവതീയുവാക്കൾ ജോലിക്കായി എത്തി. ഇതോടെ ബഹുഭൂരിപക്ഷം ജീവനക്കാരും സർവീസിൽ തിരിച്ചുകയറാനായി നെട്ടോട്ടമായി. പിരിച്ചുവിടപ്പെട്ടവൻ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും ഹർജി നൽകിയെങ്കിലും പരമോന്നതകോടതി സമരത്തെ പിന്തുണച്ചില്ല. അന്നു ജയലളിത കൈക്കൊണ്ട സമീപനം, ജനസംഖ്യയുടെ രണ്ടു ശതമാനം വരുന്ന സർക്കാരുദ്യോഗസ്ഥരുടെ എല്ലാ ആവശ്യങ്ങളും സാധിച്ചുകൊടുത്താൽ ബാക്കിയുള്ള 98 ശതമാനം വരുന്ന ജനതയ്ക്കു കൊടുക്കാൻ ഒന്നും ഖജനാവിൽ ഉണ്ടാവല്ലെന്നതായിരുന്നു. ഈ നിലപാടാണ് പിന്നീട് തമിഴ്നാടിന്റെ വികസനത്തിനായി പണം നീക്കിവയ്ക്കാൻ സർക്കാരിനു സാധിച്ചത്. ഇത്തരത്തിൽ എന്നു ചിന്തിക്കാൻ തുടങ്ങുന്നുവോ അന്നു മാത്രമേ കേരളം രക്ഷപ്പെടുകയുള്ളൂ.

കേരളത്തിന്റെ അത്രയും ദയനീയ സ്ഥിതിയല്ല ഇന്ത്യാഗവൺമെന്റിന്റേത് എന്നു മാത്രമേ പറയാൻ കഴിയൂ. കേന്ദ്ര സർക്കാരിന്റെ സാമ്പത്തികഞെരുക്കം മറികടക്കാൻ റിസർവ് ബാങ്കിന്റെ കരുതൽധനത്തിൽനിന്ന് 1.76 ലക്ഷംകോടി രൂപ കേന്ദ്രസർക്കാരിനു നൽകാൻ 2019 സെപ്തംബറിൽ ആർബിഐ തീരുമാനിച്ചു. കോർപ്പറേറ്റ് നികുതി ഇളവിലൂടെ ഈ കാലഘട്ടത്തിൽ 1.45 ലക്ഷം കോടിരൂപയുടെ വരുമാന നഷ്ടം ഉണ്ടായി. 2014 ൽ 34.8% ആയിരുന്ന മൂലധനനിക്ഷേപം 2018 ൽ 28.8% ആയി കുറഞ്ഞു. 45 വർഷത്തിനിടെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മ നിരക്കാണ് ഇന്ത്യയിൽ രേഖപ്പെടുത്തിയത്. ജനങ്ങളുടെ വാങ്ങൽ ശേഷി കുറയുന്നു. 2016 നവംബർ എട്ടിന് 86.4% കറൻസികൾ ഒറ്റയടിക്കു പിൻവലിച്ചതും ജി.എസ്.ടി. നടപ്പിലാക്കിയ രീതിയിൽ ഉണ്ടായ പാളിച്ചയുമാണ് ഇന്ത്യയുടെ ഇന്നത്തെ സ്ഥിതി മോശമാക്കിയതും റിസർവ് ബാങ്കിനോടു കൂടുതൽ പണം കേന്ദ്രസർക്കാർ ആവശ്യപ്പെടാൻ ഇടയായതെന്നുമാണ് സാമ്പത്തികവിമർശകർ പറയുന്നത്.

ജൂലൈ ആദ്യവാരത്തിലെ കണക്കുപ്രകാരം വിദേശനാണ്യശേഖരത്തിൽ 800 കോടി ഡോളറിന്റെ കുറവാണു രേഖപ്പെടുത്തിയിട്ടുള്ളത്. അന്താരാഷ്ട്രനാണയനിധിയിലെ നിക്ഷേപത്തിൽ റിസർവ് ബാങ്കിന്റെ കണക്കുപ്രകാരം 4.90 കോടി ഡോളറിന്റെ കുറവുണ്ട്. ഒരു രാജ്യത്തിന്റെ സാമ്പത്തികപ്രതിസന്ധിയുടെ ആദ്യസൂചകങ്ങൾ നൽകുന്നതാണ് വിദേശവിനിമയകരുതൽ ശേഖരത്തിലുണ്ടാകുന്ന ഇടിവെന്നാണ് സാമ്പത്തികവിദഗ്ധർ നൽകുന്ന മുന്നറിയിപ്പ്.

അന്താരാഷ്ട്രമാർക്കറ്റിൽ പെട്രോളിയം ഉത്പന്നങ്ങൾക്കു കാര്യമായ വിലക്കയറ്റം ഉണ്ടാവാത്ത സാഹചര്യത്തിൽപ്പോലും പെട്രോളിനു 110 രൂപയും പാചകവാതകത്തിന് 1050 രൂപയും നൽകേണ്ടിവന്ന സ്ഥിതിയിലാണ് ഓരോ കുടുംബവും. ഇതിന് അനുബന്ധമായി സർവസാധനങ്ങൾക്കും വിലകൂടുകയാണ്. ജൂലൈ 18-ാം തീയതി മുതൽ നിത്യോപയോഗസാധനങ്ങൾ വാങ്ങാൻ കൂടുതൽ പണം ചെലവഴിക്കേണ്ടി വന്നു. 47-ാം ജി.എസ്.ടി. കൗൺസിൽ തീരുമാനിച്ചതനുസരിച്ച് മുൻകൂട്ടി ലേബൽ ചെയ്തിട്ടുള്ളതും പാക്ക് ചെയ്തതുമായ തൈര്, ലസി, ബട്ടർമിൽക്ക് എന്നിവയ്ക്ക് അഞ്ചുശതമാനം നിരക്കിൽ ടാക്സ് ഈടാക്കും. കത്തികൾ, പേപ്പർ കട്ടറുകൾ, പെൻസിൽ, ബ്ലേഡ്, ഫോർക്ക്, തവി, കേക്ക് സേർവറുകൾ തുടങ്ങിയവയെല്ലാം 12% ത്തിൽ നിന്ന് 18% ടാക്സിലേക്ക് ഉയർന്നു.

കേന്ദ്രസർക്കാരിന്റെ നയങ്ങളിൽ നടുവൊടിഞ്ഞിരിക്കുന്ന ജനത്തെ സംസ്ഥാനസർക്കാരും വെറുതെ വിടുന്നില്ല. ബസ്, ഓട്ടോ ചാർജ് വർദ്ധനയും ഇലക്ട്രിസിറ്റി ചാർജ് വർദ്ധനയുംവഴി ജനത്തിന് നല്ല അടിയാണു കിട്ടിയിരിക്കുന്നത്. ഭൂനികുതി വർദ്ധനയോടൊപ്പം 500 ചതുരശ്ര അടിയിൽ കൂടുതലുള്ള ചെറുവീടുകൾക്കും ഒറ്റത്തവണ നികുതി ഏർപ്പെടുത്താൻ പോകുന്നു. കുടിവെള്ളത്തിനുവരെ ചാർജ് വർദ്ധിപ്പിച്ചു. അന്തരീക്ഷവായു ശ്വസിക്കുന്നതിന് മണിക്കൂർ കണക്കിനു നികുതി ഏർപ്പെടുത്തിയാലും അദ്ഭുതപ്പെടേണ്ടതില്ല.

രാപകൽ ഇരുന്ന് പഠിച്ച് ബിരുദം സമ്പാദിച്ചതിനുശേഷം പി.എസ്.എസി. പരീക്ഷ എഴുതി ആദ്യറാങ്കിൽ പേരു വന്നാലും തങ്ങൾക്കു ലഭിക്കേണ്ട ജോലി സ്വാധീനമുള്ളവർക്കും പാർട്ടിക്കാർക്കുമായി വീതം വച്ചു നൽകുന്നതിൽ മനംമടുത്ത് യുവജനത കൂട്ടത്തോടെ നാടുവിടുകയാണ്. ഇത് കേരളത്തിൽ വരും കാലത്ത് കടുത്ത ബൗദ്ധികവരൾച്ച ഉണ്ടാക്കും എന്നതിൽ തർക്കമില്ല. കോട്ടയം ജില്ലയിലെ നീണ്ടൂർ പോലെയുള്ള ഗ്രാമങ്ങളിൽ അടഞ്ഞുകിടക്കുന്ന വീടുകളുടെ നീണ്ട നിരതന്നെ കാണാം. അവിടങ്ങളിലെ പള്ളികളിലും സ്കൂളുകളിലും എത്തുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നു. അന്വേഷിച്ചാൽ അവരെല്ലാം പഠിക്കുന്നത് യുഎസിലും യൂറോപ്പിലുമാണെന്നാണ് അറിയുക. എൺപതുകളിൽ ഗൾഫിലേക്കു പോയിരുന്ന ചെറുപ്പക്കാർ പത്തിരുപതു വർഷം അവിടെ പണിയെടുത്തിട്ടു തിരിച്ചു നാട്ടിൽവന്ന് വീടുവച്ചു താമസിക്കുകയും മിച്ചം പണമുള്ളവർ എന്തെങ്കിലും ചെറിയ സംരംഭം തുടങ്ങുകയും ചെയ്യുമായിരുന്നു. എന്നാൽ, ഇപ്പോഴത്തെ തലമുറ പ്ലസ്ടു കഴിഞ്ഞു പഠിക്കാനായി യൂറോപ്പിലേക്കാണു പോകുന്നത്. അവർ അവിടെയെത്തിക്കഴിഞ്ഞ് പി.ആർ. എടുത്ത് മാതാപിതാക്കളെയും അങ്ങോട്ടു കൊണ്ടുപോയിത്തുടങ്ങി. 2040 ആകുമ്പോഴേക്കും കേരളം ഒരു വൃദ്ധ കോളനിയായി മാറും. ടൈം മാഗസിൻ പ്രസിദ്ധീകരിച്ച ലേഖനത്തിൽ 2022 ൽ കണ്ടിരിക്കേണ്ട ലോകത്തെ അതിമനോഹരമായ അൻപതു വിനോദസഞ്ചാരകേന്ദ്രങ്ങളുടെ പട്ടികയിൽ ഇടം നേടിയ കേരളത്തെ വരും കാലത്ത് എങ്ങനെ വിശേഷിപ്പിക്കുമെന്നു കാത്തിരുന്നു കാണാം. ■






ജസ്റ്റിൻ തോമസ്

# നാശം വിതയ്ക്കുന്ന നരകവീടുകൾ

**ചി**ല വീടുകളിൽ ഒച്ചപ്പാടും ബഹളവും സർവസാധാരണമാണ്. ഭാര്യയും ഭർത്താവും തമ്മിൽ ബഹളവും മല്പിടിത്തവും. മക്കൾ തമ്മിൽ കലഹം. വല്യപ്പനും വല്യമ്മയും തമ്മിൽ മൂന്നാം നാൾ. സഹോദരങ്ങൾ പരസ്പരം അടിച്ചു പിരിയുന്നു. എവിടെയും വെടിയും പുകയും മാത്രം. പരസ്പരം കരിവാരിയെറിഞ്ഞ് നേരം കളയുന്ന ഒരു പറ്റം മനുഷ്യർ. ഇവരുടെ ചിന്തകളും വാക്കുകളും പ്രവൃത്തികളും അക്രമസ്വഭാവമുള്ളതും ചുറ്റുമുള്ളവർക്കു തലവേദന തീർക്കുന്നതുമാണ്. ഇവരുടെ ചാർച്ചക്കാർ പറ്റിയ അബദ്ധമോർത്ത് നെടുവീർപ്പിടുന്നു. ദൈവം തമ്പുരാനുപോലും സ്നേഹിക്കാൻ തോന്നാത്ത ഇവർ എങ്ങനെ ഇങ്ങനെയായി?

റ്റി.എ. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ട്രാൻസാക്ഷണൽ അനാലിസിസ് എന്ന മനഃശാസ്ത്രശാഖയിലെ ചില വസ്തുതകൾ നിരത്തിക്കൊണ്ട് മേല്പറഞ്ഞവരെ മനസ്സിലാക്കാം. ഏതൊരു വ്യക്തിയിലും മൂന്നുതരത്തിൽ, തന്നെപ്പറ്റി തനിക്കുള്ള ബോധ്യങ്ങളുണ്ട് എന്ന് റ്റി.എ. പഠിപ്പിക്കുന്നു. അതിലൊന്നാണ് 'ഈഗോ'. നെഗറ്റീവായ ഈഗോകൾ വിവേചനബുദ്ധിയുള്ള പക്വതയുള്ള, ഈഗോയെ മൂടിക്കളയുമ്പോൾ ആയതിനെ 'മലിനമാക്കൽ' എന്നാണ് റ്റി.എ. വിശേഷിപ്പിക്കുക. ഇതിനർത്ഥം ഏതൊരു വ്യക്തിയിലും വിവേകമുണ്ട്, അറിവുണ്ട്, സാമാന്യബുദ്ധിയും ബോധ്യവുമുണ്ട്. എന്നാൽ, പക്വതയാർന്ന ചിന്തകളെ, വാക്കുകളെ, പ്രവൃത്തികളെ മലിനമാക്കുന്ന ചിന്തകളും വാക്കുകളും പ്രവൃത്തികളും അക്രമസ്വഭാവമുള്ള കുടുംബാംഗങ്ങളിൽ കാണാം. ഇതിനർത്ഥം അവർ സ്വയം കുഴിക്കുന്ന കുഴിയിൽ വീഴുന്നു എന്നാണ്.

ചിന്തകളും വാക്കുകളും ഊർജമാണ് എന്ന് ശാസ്ത്രം തെളിയിച്ചിരിക്കുന്നു. പോസിറ്റീവായ ചിന്തകളുള്ള ഭവനത്തിൽ ഐശ്വര്യം ഉണ്ടാവുമെന്നതിൽ തർക്കമില്ല. ഇത്തരം ഭവനങ്ങളിലെ വ്യക്തികളുടെ വാക്കുകളും പ്രവൃത്തികളും പോസിറ്റീവായിരിക്കും. അതിനാൽത്തന്നെ കുടുംബൈക്യം ഇവിടെയുണ്ട്. തുടക്കത്തിൽ സൂചിപ്പിച്ച അക്രമസ്വഭാവമുള്ള കുടുംബത്തിൽ അന്തശ്ഛിദ്രം നിഴലിക്കുന്നു.

**അക്രമസ്വഭാവമുള്ള കുടുംബങ്ങൾ എങ്ങനെ പിറക്കുന്നു?**



താഴെ ചേർക്കുന്ന ചില സാഹചര്യങ്ങളാലും പ്രത്യേകതകളാലും രീതികളാലും അക്രമസ്വഭാവമുള്ള വ്യക്തികളും കുടുംബങ്ങളും ജനിക്കുന്നു:

പാരമ്പര്യം, കണ്ടുപഠിച്ചത് (മാതാപിതാക്കളിൽനിന്നും മറ്റു മുതിർന്നവരിൽനിന്നും), വിഷാദരോഗം, പിരിമുറുക്കം തുടങ്ങിയവ), മാനസികരോഗങ്ങൾ (ഹോർമോൺ വ്യതിയാനം), അഹങ്കാരം, ശീലം, എല്ലാറ്റിനോടും അവജ്ഞ, സാമാന്യബോധമില്ലായ്മ, പഠനക്കുറവ്, നെഗറ്റീവായ സാഹചര്യങ്ങളും അനുഭവങ്ങളും, ആത്മീയതയുടെ അഭാവം, കടന്നുപോയ വളരെ ബുദ്ധിമുട്ടേറിയ സാഹചര്യങ്ങൾ, ലഹരിവസ്തുക്കളുടെ ഉപയോഗം. മറ്റ് അവിഹിതബന്ധങ്ങളും അടിമത്തവും, വികലമായ കൂട്ടുകെട്ടുകളും ശീലങ്ങളും. മേൽ സൂചിപ്പിച്ച ഘടകങ്ങൾ എല്ലാം ഒറ്റയ്ക്കോ ഒരുമിച്ചോ വ്യക്തികളെ അക്രമസ്വഭാവമുള്ളവരാക്കിത്തീർക്കാം.

അക്രമസ്വഭാവം വ്യത്യസ്തരീതികളിൽ പ്രകടിപ്പിക്കാം:

ചിന്തയിലെ അക്രമവാസന, വാക്കുകളിലൂടെയുള്ള അക്രമം, പ്രവൃത്തികളിലൂടെയുള്ള അക്രമം, ഇവ മൂന്നും ഒരുമിച്ചു ചേരുന്ന അവസ്ഥ.

**ചിന്തയിലെ അക്രമവാസന**

ചിന്തയിൽ മാത്രമുള്ള അക്രമസ്വഭാവം ആ വ്യക്തിയെ കാർന്നുതിന്നുന്നു. ഇത് ശരീരഭാഷയിൽ പ്രകടമാകും. തുടർച്ചയായ നെഗറ്റീവു ചിന്തകൾ സ്വയം ഉപദ്രവത്തിലേക്കു നയിക്കും. ഇവർ മറ്റുള്ളവരുടെ നേരേ അക്രമസ്വഭാവം കാണിക്കണമെന്നില്ല. പക്ഷേ, ഇവരുടെ ഉള്ളിലെ പ്രക്ഷുബ്ധമായ അവസ്ഥകൾ ശരീരഭാഷയിൽ തെളിയുന്നതിനാൽ കുടുംബാംഗങ്ങളിൽ ഭയവും അലോസരവും മറ്റു ബുദ്ധിമുട്ടുകളും സൃഷ്ടിക്കും. ഇവരുടെ മനസ്സിലെ അക്രമസ്വഭാവമുള്ള ചിന്തകളെക്കുറിച്ച് ഇത്തരക്കാർ പുറത്തു പറയാത്തതിനാൽ പ്രശ്നം സങ്കീർണമാകാം.

**വാക്കുകളിലൂടെയുള്ള അക്രമം**

ഇത്തരക്കാരുടെ വാക്കുകൾ ഇരുതലവാളുപോലെ മൂർച്ചയേറിയതും സ്ഥലകാലബോധമില്ലാതെ മിക്കപ്പോഴും പ്രയോഗിക്കുന്നതും ആയിരിക്കും. ഇവരുടെ ദുഷിച്ച ചിന്തകളാണ് വാക്കുകളിലൂടെ പ്രതിഫലിക്കുക.

**പ്രവൃത്തിയിലൂടെയുള്ള അക്രമം**

വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഇത്തരക്കാർ വീടിനു തീർത്തും ഭാരമായി മാറും. ഏതു ക്രൂരതയും ചെയ്യാൻ ഇവർ മടിക്കില്ല. സ്വന്തം കൊച്ചുമകനു വിഷം നൽകിയ വല്യപ്പനെ വ്യക്തിപരമായി എനിക്കറിയാം. ദുഷിച്ച ചിന്തകൾക്കുതന്നെയാണ് ഇതിനു കാരണം.

**ഇവ മൂന്നും ഒരുമിച്ചു ചേരുന്ന അവസ്ഥ**

അത്യന്തം അപകടകരമായ ഈ അവസ്ഥയിൽ ദുഷിച്ച ചിന്തകളും വാക്കുകളും പ്രവൃത്തിയും ഒരുമിക്കുന്നു. ഇവർ കുടുംബത്തിൽ നരകസമാനമായ അവസ്ഥ സൃഷ്ടിക്കുന്നു.

**പ്രത്യക്ഷഫലങ്ങൾ**

സമാധാനമില്ലായ്മ, കുടുംബാംഗങ്ങളുടെ മാനസികപിരിമുറുക്കം, മറ്റു കുടുംബാംഗങ്ങളും അക്രമസ്വഭാവം പ്രകടിപ്പിക്കുക, കുട്ടികളുടെ പഠനം താറുമാറാകുക, ബന്ധങ്ങൾ ഉലയുക, ഇല്ലാതാവുക, ചുറ്റുമുള്ളവരാൽ വെറുക്കപ്പെടുകയും ഒറ്റപ്പെടുകയും ചെയ്യുക, മാനസിക, ശാരീരിക ആരോഗ്യപ്രശ്നങ്ങൾ.

മേൽ സൂചിപ്പിച്ചവയും മറ്റനേകം പ്രശ്നങ്ങളും ഇത്തരം കുടുംബങ്ങളിൽ ഉണ്ടാവാം. ഈ കുടുംബങ്ങളിലേക്ക് വിവാഹത്തിലൂടെ കടന്നുവരുന്ന വ്യക്തികൾ ഇത്തരക്കാരല്ലാ എങ്കിൽ അവരുടെ അനുഭവം തീച്ചൂളയിൽ വെന്തുരുകുന്നതാവാം.

**അക്രമസ്വഭാവവും പരിഹാരമാർഗങ്ങളും**

മേൽസൂചിപ്പിച്ച മൂന്നുതരത്തിലുള്ള അക്രമസ്വഭാവവും ഒരുമിച്ചു പ്രകടിപ്പിച്ചാൽ നിയമനടപടികളാണ് ഏറ്റവും ഉചിതമായ പരിഹാരം. ചിന്തയിലെയും വാക്കിലെയും അക്രമസ്വഭാവമുള്ളവരെ കൗൺസലിംഗിലൂടെ മാറ്റാൻ സാധിക്കും. അക്രമസ്വഭാവത്തിന്റെ മൂർധന്യാവസ്ഥയിൽ നിൽക്കുന്നവരെ നിയമനടപടിയിലൂടെ മയപ്പെടുത്തിയതിനുശേഷം മാനസികരോഗവിദഗ്ധന്റെ സഹായത്തോടെ തിരുത്തുവാനും സാധിക്കും. എന്നാൽ താൻ ചെയ്യുന്നതു തെറ്റാണ് എന്നു ബോധ്യമുള്ള വ്യക്തിയെ അയാൾ ഏതവസ്ഥയിൽ ആണെങ്കിലും കൗൺസലിംഗിലൂടെ മാറ്റാം. ചുരുക്കത്തിൽ അക്രമസ്വഭാവം വ്യക്തിയെയും കുടുംബത്തെയും ഇല്ലാതാക്കും. പരസ്പരം സ്നേഹിക്കേണ്ട മനുഷ്യന്റെ നരകസൃഷ്ടി ദൃശ്യമാകുന്നിടമായി ഇത്തരക്കാരുടെ വീടുകൾ മാറും. ■




15-ാം പേജ് തുടർച്ച

"മഹർഷിമാരും മഹാരാജാക്കന്മാരും തത്ത്വചിന്തകരും ഭയഭക്തിബഹുമാനത്തോടെ സേവിച്ചാരാധിക്കുന്ന ത്രിമൂർത്തികളെയും പുരാണങ്ങളെയും നീയൊരുത്തൻ ആക്ഷേപിക്കാൻ തുനിഞ്ഞ് പുറപ്പെട്ടിരിക്കുകയാണോ?"

രാക്ഷസവീരനായ രാവണന്റെ വീരപരാക്രമങ്ങളെ തൃണതുല്യമാക്കിത്തീർത്ത ശ്രീരാമപാദങ്ങളാണേ, ദേവി ഭദ്രകാളിയാണേ നിന്റെ നാവടക്കി, നിങ്ങളുടെ ഹീനവേദം ഈ നാട്ടിൽ ഇനി വ്യാപിക്കാത്തവിധം നാശോന്മുഖമാക്കി ഈ നാടിന് സമാധാനവും ഭദ്രകാളീദേവിക്ക് മംഗളവും ഉണ്ടാക്കാത്ത പക്ഷം ഞാനൊരു ബ്രാഹ്മണനല്ലെന്നും എന്റെ കഴുത്തിൽ കിടക്കുന്ന ഈ ബ്രഹ്മസൂത്രം ബ്രഹ്മസൂത്രമല്ലെന്നും ഹേ നീലകണ്ഠാ, നീ കരുതിക്കൊള്ളുക.

ദേവസഹായം ബ്രാഹ്മണപുരോഹിതന്റെ ആക്രോശങ്ങളെ സൗമ്യമായ ശബ്ദത്തിൽ നേരിട്ടു:

"ആര്യപുരോഹിതന്മാരേ നിങ്ങൾ പറഞ്ഞത് ശരിതന്നെ. പറഞ്ഞതനുസരിച്ചു പ്രവർത്തിക്കാത്തപക്ഷം നിങ്ങളുടെ നൂല് എന്റെ അരയിൽക്കിടക്കുന്ന നൂലിനു തുല്യമാണെന്നു ഞാനും പറയുന്നു."

കരണത്തു പ്രഹരമേറ്റതുപോലെ തോന്നി ബ്രാഹ്മണർക്ക്. അവർ ദേവസഹായത്തിനു നേരേ ശാപവാക്കുകൾ ചൊരിഞ്ഞു. അതൊന്നും കാര്യമാക്കാതെ ദേവസഹായം തന്റെ അമ്മാവനോടു പറഞ്ഞു:

"അമ്മാവാ... ഇന്നുമുതൽ ഈ ഭദ്രകാളിക്കോവിലിൽ യാതൊരുവിധ പൂജാദികർമങ്ങളും നടത്താൻ പാടുള്ളതല്ല. നടത്തുകയാണെങ്കിൽ അത് ദൈവകോപത്തിനു കാരണമായിഭവിക്കും. ഈ കോവിൽ മനുഷ്യസ്പർശത്തിന് അയോഗ്യമായ വിധം നാമാവശേഷമായിത്തീരും. ഓർമിച്ചാൽ ഏവർക്കും നല്ലത്."

പിന്നെ ദേവസഹായം അവിടെ നിന്നില്ല. തന്റെ ഭാര്യയെ വിളിച്ച് മേക്കാട്ടുള്ള പിതൃഭവനത്തിൽചെന്നു താമസിക്കാൻ നിർദേശിച്ചിട്ട് പത്മനാഭപുരത്തേക്കു തിരിച്ചു.

ദേവസഹായത്തിന്റെ വിലക്കുകളെ അവഗണിച്ച് ഉത്സവം പുനരാരംഭിക്കുകതന്നെ ചെയ്തു. വീണ്ടും വാദ്യകലാനിധികളുടെ മേളാരവംകൊണ്ട് ക്ഷേത്രപരിസരം മുഖരിതമായി. വേദശാസ്ത്രികളുടെ മന്ത്രോച്ചാരണങ്ങൾ അന്തരീക്ഷത്തിൽ ഉയർന്നുപൊങ്ങി. പാലഭിഷേകം, നെയ്യഭിഷേകം, മഞ്ഞൾച്ചാർത്ത് തുടങ്ങിയവയാൽ ദേവീവിഗ്രഹം പ്രക്ഷാളനം ചെയ്യപ്പെട്ടു. നെയ്‌വിളക്കുകളും കർപ്പൂരദീപങ്ങളും എരിഞ്ഞുകത്തി.

മഹാമായ ഭദ്രകാളിയുടെ ആവേശത്താലെന്നവണ്ണം മുടിയഴിച്ചിട്ടുറഞ്ഞു തുള്ളുന്ന വൃദ്ധകളും യുവതികളും. പള്ളിവാളും കാൽച്ചിലമ്പും അരമണിയും കിലുക്കിയുറയുന്ന വെളിച്ചപ്പാടുകൾ.

അവർ ദേവിയുടെ കോപത്തെക്കുറിച്ചാക്രോശിക്കുന്നു. ഭക്തരുടെ തെറ്റുകളും കുറ്റങ്ങളും അതിനുള്ള പരിഹാരങ്ങളും ഉറഞ്ഞു കല്പിക്കുന്നു.

ജനങ്ങൾ ഭയഭക്തിബഹുമാനത്തോടെ കൈകൂപ്പിനിന്ന് ദേവിയുടെ കല്പനകൾ കേൾക്കുന്നു.

ബിംബപ്രതിഷ്ഠയ്ക്കുള്ള മുഹൂർത്തമായി. മഞ്ഞൾനീരാട്ടും പാലഭിഷേകവും നെയ്യഭിഷേകവും കഴിഞ്ഞ് ദേവി ചെമ്പട്ടണിഞ്ഞ് തിലകം ചാർത്തി ഒരുങ്ങിനിന്നു. ബലിപ്പുരയിൽ അജബലിയും കുക്കുടബലിയും നടക്കുന്നു. ബലിരക്തം പാനം ചെയ്ത് ദേവി പ്രസന്നയായി.

ക്ഷേത്രപൂജാരി കൈമണി കിലുക്കി മന്ത്രങ്ങളുച്ചരിക്കുന്നു. അപ്പോഴാണ് അപ്രതീക്ഷിതമായി മറ്റൊരു സംഭവമുണ്ടായത്. മരുതുകുളങ്ങരത്തറവാടിന്റെ അകത്തളത്തിൽനിന്ന് ഒരു കൂട്ടനിലവിളിയുയർന്നു. തറവാടും ക്ഷേത്രപരിസരവും നടുങ്ങി. വാദ്യഘോഷങ്ങളും മന്ത്രോച്ചാരണങ്ങളും നിലച്ചു. ദേവീവിഗ്രഹം പ്രതിഷ്ഠാസ്ഥാനത്തേക്കെത്തിയില്ല.

കുടുംബാംഗങ്ങളും പുരോഹിതന്മാരും തറവാട്ടിലേക്കോടി. തറവാടിനുള്ളിലെ അറപ്പുരയിൽ കണ്ട ദൃശ്യം എല്ലാവരെയും നടുക്കിക്കളഞ്ഞു.


തറവാട്ടുകാരണവർ രക്തം ഛർദിച്ചു മരിച്ചുകിടക്കുന്നു.

*(തുടരും)*

# ജയിംസ് വെബ് മിഴി തുറക്കുമ്പോൾ



ഡോ. റ്റീനാ മാത്യു



ഉദ്ഭവം മുതൽതന്നെ വിലപ്പെട്ട രഹസ്യസ്വഭാവവും സൂക്ഷ്മതയും നിലനിർത്തിപ്പോന്ന പ്രപഞ്ചശക്തികളുടെ വേരുകൾ തേടിയുള്ള മനുഷ്യന്റെ വഴിത്താരയിൽ ഒരു നുറുങ്ങുവെളിച്ചമായി നാസയുടെ ജയിംസ് വെബ് ബഹിരാകാശ ദൂരദർശിനി (JWST ) മാറിത്തുടങ്ങിയിരിക്കുന്നു. നമ്മുടെ നൂതനസാങ്കേതികവിദ്യയുടെ ചാരക്കണ്ണുകൾ ഭൂമിയിൽനിന്ന് 15 ലക്ഷം കിലോമീറ്റർ അകലെവരെയും ഒപ്പിയെടുക്കാൻ സദാ സജ്ജമായിരിക്കുന്നുവെന്ന വസ്തുത അവിശ്വസനീയവും അദ്ഭുതാവഹവുമാണല്ലോ. ജയിംസ് വെബ് ടെലസ്കോപ്പ് പകർത്തിയ, പ്രപഞ്ചസൃഷ്ടിയുടെ മഹാരഹസ്യങ്ങളിലേക്കുതന്നെ വെളിച്ചം വീശുന്ന, 460 കോടി വർഷംമുമ്പുള്ള നക്ഷത്രസമൂഹങ്ങളുടെ ദൃശ്യങ്ങൾ ഇക്കഴിഞ്ഞ ജൂലൈ 12 ന് അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ പ്രദർശിപ്പിച്ചപ്പോൾ ചരിത്രത്തിലെതന്നെ ഏറ്റവും മികച്ച ബഹിരാകാശനേട്ടത്തിനു ലോകം സാക്ഷിയാവുകയായിരുന്നു. ജ്യോതിശാസ്ത്രത്തിന്റെ സൃഷ്ടരഹസ്യങ്ങളെ എത്തിപ്പിടിക്കാനുള്ള അതിസാഹസിക ജൈത്രയാത്രയിലെ തങ്കലിപികളാൽ കൊത്തിവയ്ക്കപ്പെടുന്ന സുപ്രധാനമായ നാഴികക്കല്ലാണിത്. ഇന്നും ശാസ്ത്രലോകത്തെ പ്രതിസന്ധിയിലാക്കുന്ന പല ചോദ്യങ്ങൾക്കും ഉത്തരം നല്കാനും മഹത്തായ പ്രപഞ്ചാന്വേഷണത്തിന്റെ തുടർവഴിയാവാനും JWST ന്റെ പുതിയ തെളിവുകൾക്കു കഴിഞ്ഞേക്കാം.

ജയിംസ് വെബ് ബഹിരാകാശ ടെലസ്കോപ് വിശാലമായ കോടാനുകോടി പ്രപഞ്ചമേഖലകളിലേക്കു കണ്ണുതുറന്നിരിക്കുന്ന അതിമനോഹരവും അത്യാധുനികവുമായ ശാസ്ത്രശ്രമമാണ്. വിഖ്യാതമായ ഹബിൾ ദൂർദർശനിയുടെ പിൻഗാമിയായി വീക്ഷിക്കപ്പെടുന്ന, ഹബിളിനെക്കാൾ നൂറിരട്ടി നിരീക്ഷണശേഷിയുള്ള ജയിംസ് വെബ് തീർച്ചയായും ഒരു ജ്ഞാനസ്രോതസ്സായി വർത്തിക്കുമെന്നു പ്രതീക്ഷിക്കാം. മൂന്നു പതിറ്റാണ്ടു നീണ്ട ഗവേഷണങ്ങൾക്കൊടുവിൽ രൂപീകൃതമായ, ഇൻഫ്രാറെഡ് സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന ചരിത്രത്തിലെ ഏറ്റവും സവിശേഷമായ ഈ ടെലസ്കോപ് 2021 ലെ ക്രിസ്മസ് ദിനത്തിലാണ് നാസ ബഹിരാകാശത്തേക്ക് അയച്ചത് എന്നതും ശ്രദ്ധേയമാണ്. ഭൂമിയിൽനിന്നു ചന്ദ്രനിലേക്കുള്ള ദൂരത്തിന്റെ നാലിരട്ടി അകലെയുള്ള L-2 ഭ്രമണപഥത്തിൽ സ്ഥിതി ചെയ്യുന്ന, ലോകത്തിൽ ഇന്നുവരെ നിർമിച്ചതിൽവച്ച് ഏറ്റവും വലിപ്പമേറിയ വെബ് ടെലസ്കോപ്പിന്റെ കാലാവധി 10 വർഷമായി കണക്കാക്കപ്പെടുന്നു. 1000 കോടി യുഎസ് ഡോളർ മുതൽമുടക്കിൽ നിർമിച്ച വെബിലെ സ്വർണം പൂശിയ 18 കണ്ണാടി സെഗ്മെന്റുകൾ ചേർന്ന പ്രൈമറി മിററിന് 6.5 മീറ്റർ വീതിയുണ്ട്. വിന്യാസത്തെത്തുടർന്ന് ജയിംസ് വെബ് ഒരു ശാസ്ത്രീയോപകരണമായി ഉപയോഗിക്കാൻ ഏഴുമാസത്തോളം ശ്രദ്ധാപൂർവം ക്രമീകരിച്ച കഠിനമായ തെളിവെടുപ്പിന്റെയും പരിശോധനകളുടെയും പാരമ്യത്തെ പുതിയ ദൃശ്യങ്ങൾ അടയാളപ്പെടുത്തുന്നു.

ഈ ദൂരദർശിനി നിർണായകമായി ലക്ഷ്യമിടുന്നത് ആദിമ പ്രപഞ്ചഘടന, തമോഗർത്തങ്ങൾ, പുറംഗ്രഹങ്ങളിലെ കാലാവസ്ഥ, ജീവന്റെ സാന്നിധ്യം, യുറാനസ് – നെപ്റ്റ്യൂൺ ഗ്രഹങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ തുടങ്ങിയ ദൗത്യങ്ങളിലാണ്. നാസ, യൂറോപ്യൻ സ്പേസ് ഏജൻസി, കനേഡിയൻ സ്പേസ് ഏജൻസി, മറ്റ് 29 യു.എസ്. സംസ്ഥാനങ്ങളിലും 14 രാജ്യങ്ങളിലുമുള്ള 300 ൽപരം സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെട്ട സംയുക്തസംരംഭമായ JWST ശ്രദ്ധേയമായ ഒരു അന്തർദേശീയതയുടെ പ്രതിഫലനമാണ്. പ്രപഞ്ചത്തിന്റെ അതിവിശാലതയിലേക്ക് ഒരു പുതിയ ജാലകം തുറന്ന ഉപകരണത്തിന് 2022 ൽ ജയിംസ് വെബ് സ്പേസ് ടെലസ്കോപ്പ് എന്നു പേരിട്ടു. അറുപതുകളിലെ നാസ അഡ്മിനിസ്ട്രേറ്ററായിരുന്ന ജയിംസ് വെബ് രാജ്യങ്ങൾ തമ്മിലുള്ള ശീതയുദ്ധത്തിനും മത്സരങ്ങൾക്കുമിടയിൽ ശാസ്ത്രമഹിമ ഉയർത്തിപ്പിടിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ച വ്യക്തിയായിരുന്നു.

JWST യിൽനിന്നു നാസ പുറത്തുവിട്ട, നമ്മെ കാലത്തിലേക്കു തിരിച്ചു കൊണ്ടുപോകുന്ന, പുരാതന പ്രപഞ്ചത്തിലെ നേർക്കാഴ്ചകളുടെ പുതിയ ബാച്ച് ചിത്രങ്ങൾക്കു നന്ദി. ഓർക്കുക, പ്രപഞ്ചത്തിൽ അകലേക്കു നോക്കുക എന്നു പറഞ്ഞാൽ കാലത്തിലൂടെ പിന്നോടു സഞ്ചരിക്കുക എന്നാണ് അർത്ഥമാക്കേണ്ടത്. ഇവിടെ ഭൂതം, വർത്തമാനം എല്ലാം കുഴഞ്ഞുമറിയുന്നു. 500 കോടി പ്രകാശവർഷം അകലെയുള്ള ഒരു നക്ഷത്രത്തിൽനിന്നു പ്രകാശം ഭൂമിയിലെത്താൻ 500 കോടി വർഷമെടുക്കും. എന്നുവച്ചാൽ, നമ്മൾ കാണുന്നത് 500 കോടി വർഷംമുമ്പ് നക്ഷത്രങ്ങളിൽനിന്നു പുറപ്പെട്ട കിരണങ്ങളാണ്. നിലവിൽ ലഭ്യമായ വിവരങ്ങളനുസരിച്ച് മഹാവിസ്ഫോടനംവഴി 1380 കോടി വർഷങ്ങൾക്കുമുമ്പാണ് പ്രപഞ്ചം രൂപപ്പെട്ടത്. നാസയുടെ അഭിപ്രായത്തിൽ വെബ് ടെലസ്കോപ് പകർത്തിയ ചിത്രങ്ങളിൽ പ്രപഞ്ചത്തിന് 100 കോടി വർഷത്തിൽ താഴെ പ്രായമുണ്ടായിരുന്നപ്പോഴത്തെ ഗാലക്സികൾവരെ ദൃശ്യമാണ്. എന്നുവച്ചാൽ അത്തരം ഗാലക്സികളുടെ ബാല്യമാണ് നമുക്കുമുന്നിൽ വെബ് അനാവരണം ചെയ്യുന്നത്.

ഇപ്പോൾ പുറത്തുവന്നിരിക്കുന്ന ആദ്യചിത്രങ്ങളിലൂടെത്തന്നെ ശാസ്ത്രത്തിന്റെയും ജ്യോതിശാസ്ത്രത്തിന്റെയും എഞ്ചിനീയറിങ്ങിന്റെയും അദ്ഭുതങ്ങൾ സൃഷ്ടിക്കാനുള്ള അതിശയിപ്പിക്കുന്ന ശക്തി ലോകം തിരിച്ചറിയുന്നു. ഉത്പത്തിമുതൽ നാളിതുവരെയുള്ള ആഴമേറിയതും സൂക്ഷ്മവും വ്യക്തവുമായ ഇൻഫ്രാറെഡ് കാഴ്ച പുറപ്പെടുവിക്കുന്നതിനാൽ ഹബിൾ ടെലസ്കോപ് ആഴ്ചകളോളം ആകാശത്തേക്ക് കണ്ണുംനട്ടിരുന്നപ്പോൾ വെറും 12.5 മണിക്കൂർ മാത്രമാണ് ജയിംസ് വെബിനു വേണ്ടിവന്നത്. പതിറ്റാണ്ടുകളുടെ സ്ഥായിയായ വികസനത്തിലൂടെ നിരവധി പരീക്ഷണങ്ങളും നിരാശകളും താണ്ടിയെത്തിയ വെബ് ജ്യോതിശാസ്ത്രത്തിലെ ഒരു പുതിയ യുഗത്തിനാണ് തുടക്കം കുറിക്കുന്നതെന്നു പ്രതീക്ഷിക്കാം. നാസ പ്രദർശിപ്പിച്ചിരിക്കുന്ന അഞ്ചു ചിത്രങ്ങളിൽ ആദ്യത്തേത് ഒരു മണൽത്തരിയോളം മാത്രം വിസ്താരമുള്ള ആകാശഭാഗത്തുകൂടി വെബ് പ്രപഞ്ചത്തിലേക്കു നോക്കിയപ്പോൾ കണ്ട ഏറ്റവും അതിശയകരമായ കാഴ്ചയാണ്. നമ്മുടെ മാതൃഗാലക്സിയായ ക്ഷീരപഥത്തിൽ, ഭൂമിയിൽനിന്ന് 1150 പ്രകാശവർഷം അകലെ, ഒരു അന്യഗ്രഹത്തിൽ ജലത്തിന്റെ രാസമുദ്ര കണ്ടെത്തിയ ദൃശ്യമാണു മറ്റൊന്ന്. മേഘക്കൂട്ടങ്ങളും ധൂളീപടലവും കഠിനചൂടിനാൽ ഗ്രഹത്തിലെ അന്തരീക്ഷത്തിൽ വാതകം വമിക്കുന്നതും ഇതിൽ വ്യക്തമാണ്. 2500 പ്രകാശവർഷം അകലെയുള്ള സതേൺറിങ് നെബുലയിലെ മരിക്കുന്ന നക്ഷത്രത്തിലെ അവസാനനൃത്തം (മധ്യഭാഗത്തെ മങ്ങിയ നക്ഷത്രം എല്ലാ ദിശയിലേക്കും വാതകത്തിന്റെയും പൊടിയുടെയും വളയങ്ങൾ പ്രസരിപ്പിക്കുന്ന പ്രതിഭാസം) മുഖാമുഖം ദർശിക്കുന്നതു തികച്ചും കണ്ണഞ്ചിപ്പിക്കുന്നതാണെന്നു പറയേണ്ടിയിരിക്കുന്നു. സ്റ്റീഫൻസ് കിൻടെറ്റ എന്നറിയപ്പെടുന്ന അഞ്ചു ഗാലകസികളുടെ കൂട്ടം, ആകാശത്തിലെ ഏറ്റവും തിളക്കമേറിയതും വലുതുമായ കരിന നെബുലയിലെ പുതിയ നക്ഷത്രജനനം നടക്കുന്ന വാതകധൂളീമേഖലയുടെ അദ്ഭുതദൃശ്യം എന്നിവയാണ് മറ്റു ചിത്രങ്ങൾ.

“അനന്തമജ്ഞാതം അവർണനീയം,
ഈ ലോകഗോളം തിരിയുന്ന മാർഗം,
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്യൻ കഥയെന്തു കണ്ടു” എന്നു കുറിച്ച് ഈ ചെറുഭൂമിയിലെ മനുഷ്യന്റെ നിസ്സാരതയെ തുറന്നുകാണിച്ച നാലപ്പാട്ടു നാരായണമേനോന്റെ വരികൾ ഈ അവസരത്തിൽ അദ്ദേഹംപോലുമറിയാതെ കൂടുതൽ അന്വർത്ഥമാവുന്നതായി തോന്നുന്നു. ജയിംസ് വെബ് ഒപ്പിയെടുക്കുന്ന അനന്തപ്രപഞ്ചത്തിന്റെ അപാരകാഴ്ചകൾ കാലത്തോടു ചേർത്തുവയ്ക്കുമ്പോൾ, മനുഷ്യജന്മങ്ങളുടെ നശ്വരത പിന്നെയും വെളിവാക്കപ്പെടുകയാണ്. നമ്മുടെയൊക്കെ തികച്ചും അപരിഷ്കൃതമായ ആശയങ്ങളും കാഴ്ചപ്പാടുകളും പരസ്പരമനോഭാവങ്ങളും എത്രയോ ശൂന്യവും നിരർത്ഥകവുമാണെന്ന് പ്രകാശവർഷങ്ങൾക്കകലെനിന്നുള്ള ഈ ചിത്രങ്ങൾ ഒരിക്കൽക്കൂടി ഓർമപ്പെടുത്തുന്നു. അനന്തവും അപരിമേയവുമായ പ്രപഞ്ചരഹസ്യങ്ങളുടെ കൂടുതൽ ഉള്ളറകൾ തുറക്കുന്നതിനായി ജയിംസ് വെബിനും ശാസ്ത്രലോകത്തിനുമൊപ്പം നമുക്കും കാത്തിരിക്കാം.

■



കെ. സി. എസ്. എൽ പാലാ രൂപത പ്രവർത്തനവർഷോദ്ഘാടനം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു. രൂപത ജനറൽ ഓർഗനൈസർ എബി ജോസ്, രൂപത പ്രസിഡന്റ് ജിജോ മാത്യു, ഫാ. സെബാസ്റ്റ്യൻ മാപ്രക്കരോട്ട്, രൂപത ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, രൂപത ചെയർമാൻ ലിയോ സ്റ്റീഫൻ, സംസ്ഥാന ജനറൽ സെക്രട്ടറി അലിറ്റ മനോജ്, സി. ജീസാമോൾ ഇഗ്നേഷ്യസ്, സി. ലിസ്യൂ കുഴിവേലിൽ എന്നിവർ സമീപം.



# ഭരണങ്ങാനം
# വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ
# വി. അൽഫോൻസാമ്മയുടെ തിരുനാൾ




## 2022 ജൂലൈ 19 മുതൽ 28 വരെ

### തിരുനാൾദിനങ്ങളിലെ തിരുക്കർമ്മങ്ങൾ

**19 മുതൽ 27 വരെ**

വി. കുർബാന

05.30 am, 06.30 am, 8.00 am
11.00 am, 02.30 pm, 5.00 pm
06.30 pm – ആഘോഷമായ ജപമാല
മെഴുകുതിരിപ്രദക്ഷിണം

**ജൂലൈ 19 ചൊവ്വ**

10.45 am : കൊടിയേറ്റ്
മാർ ജോസഫ് കല്ലറങ്ങാട്ട്

**ജൂലൈ 28 വ്യാഴം തിരുനാൾ**

07.00 am നേർച്ച അപ്പം വെഞ്ചരിപ്പ്
വി. കുർബാന
മാർ ജോസഫ് പള്ളിക്കാപറമ്പിൽ

10.30 am ആഘോഷമായ
തിരുനാൾ കുർബാന, സന്ദേശം
(ഇടവകപള്ളിയിൽ)
കർദിനാൾ മാർ ജോർജ് ആലഞ്ചേരി

12.00 noon ആഘോഷമായ
തിരുനാൾപ്രദക്ഷിണം

**പ്രധാന തിരുനാൾദിനത്തിലെ (ജൂലൈ 28) മറ്റു കുർബാനകൾ**

04.45 am, 06.00 am, 07.15 am, 08.30 am, 09.30 am
10.30 am, 02.30 pm, 03.30 pm, 04.30 pm, 05.30 pm
06.30 pm, 07.30 pm, 08.30 pm, 09.30 pm

### ആഘോഷമായ തിരുനാൾ കുർബാനകൾ അർപ്പിക്കുന്ന അഭിവന്ദ്യ പിതാക്കന്മാർ

| | | |
|---|---|---|
| ജൂലൈ 19 | 11.00 am | മാർ ജേക്കബ് മുരിക്കൻ |
| ജൂലൈ 20 | 11.00 am | മാർ ജോർജ് മഠത്തിക്കണ്ടത്തിൽ |
| ജൂലൈ 21 | 11.00 am | മാർ റെമീജിയസ് ഇഞ്ചനാനിയിൽ |
| ജൂലൈ 22 | 11.00 am | മാർ പീറ്റർ കൊച്ചുപുരയ്ക്കൽ |
| ജൂലൈ 23 | 11.00 am | മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ |
| ജൂലൈ 24 | 11.00 am | മാർ മാത്യു അറയ്ക്കൽ |
| ജൂലൈ 25 | 11.00 am | റവ. ഡോ. സിൽവസ്റ്റർ പൊന്നുമുത്തൻ |
| ജൂലൈ 26 | 11.00 am | മാർ മാത്യു വാണിയക്കിഴക്കേൽ |
| ജൂലൈ 27 | 11.00 am | മാർ ജോസഫ് പെരുന്തോട്ടം |
| ജൂലൈ 27 | 05.00 pm | മാർ ജോസഫ് കല്ലറങ്ങാട്ട് |
| ജൂലൈ 28 | 10.30 am | കർദിനാൾ മാർ ജോർജ് ആലഞ്ചേരി |

ജൂലൈ 23 ശനി – രാത്രി ആരാധന

ജൂലൈ 27 ബുധൻ 03.30 pm
ശ്രവണപരിമിതർക്കുവേണ്ടി വി. കുർബാന

ജൂലൈ 28 വ്യാഴം 09.30 pm
പ്രവാസികൾക്കുവേണ്ടി പ്രത്യേക വി. കുർബാന

**അൽഫോൻസാ തീർത്ഥാടനങ്ങൾ**

മാതൃവേദി | ഫ്രാൻസിസ്കൻ അല്മായസഭ | ചെങ്ങളം ഇടവക

തിരുനാൾ പ്രസുദേന്തി, ജപമാല, മെഴുകുതിരി പ്രദക്ഷിണം, നേർച്ചകൾ, സംഭാവനകൾ എന്നിവയ്ക്കു ബന്ധപ്പെടേണ്ട വിലാസം

RECTOR, ST. ALPHONSA SHRINE CHURCH & PILGRIM CENTRE,
BHARANANGANAM P.O. 686 578, Mob:8301065244 (office)
Rector: 9895867247, Email: alphonsashrine@gmail.com
Website: htttps://st.alphonsa.org. Online Banking :www.alphonsa.org
Accomodation: 9446559363, Canteen: 9496123624
Religious Article Centre: 8301964110, 9544112888

YouTube • LIVE

https://youtube.com/c/StAlphonsaShrine എന്ന യൂട്യൂബ് ചാനലിലും st.alphonsa.org എന്ന വെബ്സൈറ്റിലും തൽസമയം തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാം.

Deepanalam Weekly
RNI No : 16998/68
Vol. 55 No. 21 Date of Publication 21 July 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന്
പ്രാർത്ഥനാനിർഭരമായ ആശംസകൾ...

Our Heavenly Patron



നേത്രചികിത്സാരംഗത്തു
പ്രകാശപൂർണ്ണമായ
38 വർഷങ്ങൾ

നിങ്ങളുടെ കണ്ണുകൾക്കായി ...
ഏറ്റവും മികച്ച സൗകര്യങ്ങൾ.

AEH
LEAD KINDLY LIGHT

അൽഫോൻസാ
കണ്ണാശുപത്രി
CENTRES FOR TOTAL EYE CARE

പാലാ



കൊട്ടാരമറ്റം
പാലാ
Ph: 04822 212056, 9287212056

തൊടുപുഴ



വിമല പബ്ലിക് സ്കൂളിനുസമീപം
കാഞ്ഞിരമറ്റം ബൈപാസ് റോഡ്
Ph: 04862 229228, 8547857662

NABH - E ACCREDITED EYE HOSPITALS

സേവന പാരമ്പര്യം • സാമൂഹിക പ്രതിബദ്ധത • സമ്പൂർണ നേത്ര പരിചരണം

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
. Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org